32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 07, 2024 | Vol. XXXII No. 23 | Periodicals Postage Paid




# എൻഡിഎ മുന്നിൽ, ഇന്ത്യാ സഖ്യം ശക്തമായ നിലയിൽ



കേന്ദ്രത്തിൽ ഭരണത്തുടർച്ച

ഇന്ത്യസഖ്യത്തിന് ചരിത്രവിജയം

കേരളത്തിൽ ബിജെപി അക്കൗണ്ട് തുറന്നു

വയനാടും റായ്ബറേലിയും രാഹുൽഗാന്ധിക്ക്

കർണാടക ഹാസനിൽ പ്രജ്വൽ രേവണ്ണ തോറ്റു


അമേഠി സ്മൃതി ഇറാനി പരാജയത്തിലേക്ക്

ആന്ധ്രയിൽ ടിഡിപി

ഒഡീഷയിൽ തൂക്കുമന്ത്രിസഭ




KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 സർക്കാർ രൂപീകരിക്കാൻ സാദ്ധ്യത തേടി 'ഇന്ത്യ'

8 കൊല്ലത്ത് പ്രേമചന്ദ്രൻ തന്നെ താരം

12 ആരോപണങ്ങൾ വേദനിപ്പിച്ചു:

16 കെ.സി.സി.എൻ.എ ഫാമിലി കൺവൻഷൻ

17 മാർ റാഫേൽ തട്ടിലിന് വരവേല്പ് നല്കുന്നു

# എൻഡിഎ മുന്നിൽ, ഇന്ത്യാ സഖ്യം ശക്തമായ നിലയിൽ




തെരഞ്ഞെടുപ്പ് ഫലം പുറത്തു വന്നതിനെ തുടർന്ന് ഡൽഹിയിൽ ബിജെപി പ്രവർത്തകർ ആഹ്ലാദപ്രകടനം നടത്തുന്നു.

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ ഇന്ത്യാസഖ്യത്തിന്റെ ശക്തമായ ചെറുത്തു നില്പിൽ ഭരണകക്ഷിയായ എൻഡിഎ വിയർക്കുന്നു. കേവല ഭൂരിപക്ഷവും മറികടന്ന് 290 സീറ്റിൽ സഖ്യം മുന്നിലാണെങ്കിലും ലീഡ്നില മാറിമറിയുകയാണ്. കഴിഞ്ഞ തവണ 303 സീറ്റ് ഒറ്റയ്ക്ക് നേടിയ ബിജെപിക്ക് ഇക്കുറി 238 സീറ്റിൽ മാത്രമേ ലീഡുയർത്താൻ സാധിച്ചിട്ടുള്ളൂ. വോട്ടെണ്ണലിന്റെ ആദ്യഘട്ടങ്ങളിൽ 340 സീറ്റിൽ വരെ മുന്നിലെത്തിയ എൻഡിഎ സഖ്യം പലകുറി ഇന്ത്യാ സഖ്യത്തിനൊപ്പത്തിലേക്ക് താഴ്ന്നു. വോട്ടെണ്ണലിന്റെ ആദ്യഘട്ടത്തിൽ ഉത്തർപ്രദേശിലെ വാരാണസിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പിന്നിലായി. പിന്നീട് അദ്ദേഹം ലീഡുയർത്തി. ഈ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ മോദി 50,000 വോട്ടിന് ലീഡ് ചെയ്യുകയാണ്. അതേസമയം അമേഠിയിൽ കോൺഗ്രസ് സ്ഥാനാർത്ഥി കിഷോരിലാൽ 56,000 വോട്ടിന് മുന്നിലാണ്. കർണാടകയിലെ ഹാസനിൽ എൻഡിഎ സ്ഥാനാർത്ഥി പ്രജ്വൽ രേവണ്ണ പരാജയപ്പെട്ടു.

എക്സിറ്റ്പോൾ പ്രവചനങ്ങൾ കാറ്റിൽ പറത്തി പ്രതിപക്ഷ ഇന്ത്യ സഖ്യം അതിശക്തമായ മത്സരമാണ് കാഴ്ചവെക്കുന്നത്. എൻഡിഎക്ക് തൊട്ടരികിൽ 245 സീറ്റിലാണ് സഖ്യം മുന്നിട്ടു നിൽക്കുന്നത്. അതിൽ കോൺഗ്രസ് ഒറ്റയ്ക്ക് നൂറ് സീറ്റ് പിന്നിട്ടു.

പത്തു വർഷത്തിനു ശേഷമാണ് കോൺഗ്രസിന്റെ അംഗബലം നൂറ് കടക്കുന്നത്. ഇരുമുന്നണിയിലും പെടാത്ത 17 പേരും മുന്നിലുണ്ട്. ഇതിൽ ഏഴ് സ്വതന്ത്രരും വൈഎസ്ആർ കോൺഗ്രസും ബിജെഡിയും ഉൾപ്പെടുന്നു.

2019-ൽ 353 സീറ്റുകളായിരുന്നു എൻഡിഎ സഖ്യത്തിന് ലഭിച്ചത്. 271 സീറ്റാണ് ഭരിക്കാൻ വേണ്ട ഭൂരിപക്ഷം. ഭരണത്തുടർച്ച ലഭിക്കുമെന്ന ഉറപ്പിൽ സർക്കാർ രൂപീകരണത്തിനുള്ള കൂടിയാലോചനകൾ പ്രധാനമന്ത്രി മോദി ആരംഭിച്ചതായാണ് റിപ്പോർട്ട്.

നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന ആന്ധ്രാപ്രദേശിൽ വൈഎസ് ആർ കോൺഗ്രസിനെ അട്ടിമറിച്ച് ചന്ദ്രബാബു നായിഡുവിന്റെ ടിഡിപി ബഹുദൂരം മുന്നിലാണ്. ആകെയുള്ള 175 സീറ്റിൽ 132-ലും ടിഡിപിയാണ് മുന്നിൽ. ഒഡീഷയിലാകട്ടെ ആർക്കും കേവല ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യമാണ്. ആകെയുള്ള 147 സീറ്റിൽ 70 സീറ്റിലാണ് ബിജെപിയുടെ മുന്നേറ്റം. ഭരണകക്ഷിയായ ബിജെഡിക്ക് 58 സീറ്റിൽ മാത്രമേ മുന്നിലെത്താനായിട്ടുള്ളൂ. കോൺഗ്രസ് 14 സീറ്റിൽ മുന്നിലാണ്. ആർക്കും ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ സർക്കാർ രൂപീകരണത്തിൽ കോൺഗ്രസ് നിർണായകമാകും.

ഉത്തർപ്രദേശിൽ ബിജെപിയും ഇന്ത്യ സഖ്യവും ഒപ്പത്തിനൊപ്പമാണ്. 40 സീറ്റിൽ ഇന്ത്യസഖ്യം മുന്നിൽ നിൽക്കുമ്പോൾ ബിജെപി 39 സീറ്റിൽ മുന്നിൽ നിൽക്കുന്നു. ബിഹാറിൽ എൻഡിഎയാണ് മുന്നിൽ. മഹാരാഷ്ട്രയിൽ ഇന്ത്യസഖ്യം മുന്നിൽ നില്ക്കുന്നു. പശ്ചിമ ബംഗാളിൽ തൃണമൂൽ 31 സീറ്റിൽ ലീഡുയർത്തി കരുത്തുകാട്ടി.

## യുപിയിൽ അപ്രതീക്ഷിത വിജയം ഇന്ത്യ മുന്നണിക്ക്

ലക്നൗ: കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലെ തകർപ്പൻ പ്രകടനത്തിന് അടിത്തറയായ ഉത്തർപ്രദേശിൽ ഇക്കുറി ബിജെപിക്ക് കനത്ത തിരിച്ചടിയാണ് നേരിടേണ്ടിവന്നത്. രാമക്ഷേത്രം ഉൾപ്പെടെയുള്ള വൈകാരിക വിഷയങ്ങളും വാരാണസിയിൽ മത്സരിച്ചതിലൂടെ പാർട്ടി ലക്ഷ്യമിട്ട 'മോദി ഇഫക്ടും' പ്രതീക്ഷിച്ച രീതിയിൽ ഫലം കണ്ടില്ല. കഴിഞ്ഞ രണ്ടു തെരഞ്ഞെടുപ്പുകളിലും വൻ മുന്നേറ്റം സമ്മാനിച്ച ഉത്തർപ്രദേശിൽ ബിജെപി നാൽപതിൽ താഴെ സീറ്റുകളിൽ ഒതുങ്ങി. വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വാരാണസിയിൽ



കോൺഗ്രസിന്റെ അജയ് റായിക്കെതിരെ ആറായിരത്തിലേറെ വോട്ടിനു പിന്നിലായത് ബിജെപിയെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലെ ഏറ്റവും പുതിയ വിവരങ്ങൾ പ്രകാരം 34 സീറ്റുകളിൽ മാത്രമാണ് ബിജെപി ലീഡ് ചെയ്യുന്നത്. കഴിഞ്ഞ തവണ 62 സീറ്റുകൾ നേടിയ സ്ഥാനത്താണിത്. ഇവിടെ സമാജ്വാദി പാർട്ടി 34 സീറ്റിലും കോൺഗ്രസ് ഒൻപതു സീറ്റിലും മുന്നിലാണ്. രാഷ്ട്രീയ ലോക് ദൾ രണ്ടിടത്തും ആസാദ് സമാജ് പാർട്ടി ഒരിടത്തും ലീഡ് ചെയ്യുന്നു. 2019-ലെ തെരഞ്ഞെടുപ്പിൽ ബിഎസ്പിക്ക് പത്തും സമാജ്വാദി പാർട്ടിക്ക് അഞ്ചും അപ്നാ ദളിന് ഒരു സീറ്റുമാണ് ലഭിച്ചത്. കോൺഗ്രസ് അന്ന് ഒറ്റ സീറ്റിൽ ഒതുങ്ങി.

ഇത്തവണ ഇന്ത്യാ സഖ്യത്തിന്റെ ഭാഗമായി ഒരുമിച്ചു മത്സരിക്കാനുള്ള എസ്പി-കോൺഗ്രസ് പാർട്ടികളുടെ തീരുമാനമാണ് ഉത്തർപ്രദേശിലെ രാഷ്ട്രീയ ചിത്രം മാറ്റിയത്. 17 സീറ്റിൽ മാത്രം മത്സരിച്ചാണ് കോൺഗ്രസ് ഒൻപതിടത്ത് ലീഡ് ചെയ്യുന്നത്.

സോണിയ ഗാന്ധി മാറിയ റായ്ബറേലിയിൽ പകരമെത്തിയ രാഹുൽ ഗാന്ധി ഏറെക്കുറെ വിജയമുറപ്പിച്ചു. കഴിഞ്ഞ തവണ രാഹുൽ ഗാന്ധി തോറ്റ അമേഠിയിലും ഇത്തവണ കോൺഗ്രസ് സ്ഥാനാർത്ഥി മുന്നിലാണ്. ഇവിടെ കേന്ദ്രമന്ത്രി സ്മൃതി ഇറാനിയാണ് ബിജെപി സ്ഥാനാർത്ഥി.

## കേരളത്തിൽ ബിജെപി അക്കൗണ്ട് തുറന്നു



തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ യുഡിഎഫ് മുന്നേറ്റം. ചരിത്രത്തിലാദ്യമായി ബിജെപി അക്കൗണ്ട് തുറന്നു.

കേന്ദ്രമന്ത്രി വി. മുരളീധരൻ മത്സരിക്കുന്ന ആറ്റിങ്ങലിൽ ത്രികോണമത്സരമാണ് അരങ്ങേറുന്നത്. തൃശൂരിൽ സുരേഷ് ഗോപി വിജയം ഉറപ്പിച്ചു.

ഇവിടെ കോൺഗ്രസിന്റെ കെ. മുരളീധരൻ മൂന്നാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടു.

(ശേഷം 8-ാം പേജിൽ)

### അറിയിപ്പ്

ലോക്സഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിന്റെ കേരളത്തിലെ ഫലപ്രഖ്യാപനം പൂർണ്ണമായെങ്കിലും മറ്റ് സംസ്ഥാനങ്ങളിലെ ഫലപ്രഖ്യാപനം റിപ്പോർട്ട് തയ്യാറാക്കുമ്പോഴും പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ അവ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.


പത്രാധിപർ


### നിതീഷിനെയും നായിഡുവിനെയും ബന്ധപ്പെട്ടു; നായിഡുവിനെ ഫോൺവിളിച്ച് മോദിയും

# സർക്കാർ രൂപീകരിക്കാൻ സാദ്ധ്യത തേടി 'ഇന്ത്യ'

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് ഫലങ്ങളുടെ ഏകദേശചിത്രം വ്യക്തമായതോടെ സർക്കാർ രൂപീകരണത്തിനുള്ള നീക്കങ്ങളുമായി നേതാക്കൾ. പ്രതീക്ഷിച്ച വിജയം സാദ്ധ്യമാകാതെ പോയതോടെ, മുന്നണിയിലെ പാർട്ടികളെ ചേർത്തുതന്നെ നിർത്താനും പുറത്തുള്ള കക്ഷികളുടെ പിന്തുണ തേടാനും ബിജെപി ശ്രമം തുടങ്ങി. മറുവശത്ത് എക്സിറ്റ്പോളുകൾ പുറത്തുവന്നതോടെ നഷ്ടമായ ആത്മവിശ്വാസം വോട്ടെണ്ണൽ ദിനത്തിലെ മികച്ച പ്രകടനത്തിലൂടെ തിരിച്ചുപിടിച്ച് സർക്കാർ രൂപീകരണത്തിനുള്ള സാദ്ധ്യത തേടി ഇന്ത്യസഖ്യ നേതാക്കളും സജീവമായി. ആന്ധ്രാപ്രദേശിൽ തകർപ്പൻ പ്രകടനവുമായി തിരിച്ചുവരവ് നടത്തിയ ചന്ദ്രബാബു നായിഡു, ബിഹാറിൽ മികച്ച പ്രകടനം കാഴ്ചവെച്ച നിതീഷ് കുമാർ എന്നിവരുടെ പിന്തുണ തേടി ഭരണ, പ്രതിപക്ഷ കക്ഷികൾ രംഗത്തുണ്ട്.

എൻഡിഎക്ക് കഴിഞ്ഞ തവണത്തേതു പോലെ മികച്ച പ്രകടനം സാധ്യമാകാതെ പോയതോടെ ചന്ദ്രബാബു നായിഡുവിന്റെയും നിതീഷ് കുമാറിന്റെയും നിലപാട് ഇത്തവണ സർക്കാർ രൂപീകരണത്തിൽ നിർണായകമാകും. ആന്ധ്രയിൽ മികച്ച തിരിച്ചുവരവ് നടത്തിയ ടിഡിപി നേതാവ് ചന്ദ്രബാബു നായിഡുവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫോണിൽ ബന്ധപ്പെട്ടു. സർക്കാർ രൂപീകരണത്തിന് ചന്ദ്രബാബു നായിഡുവിന്റെ പിന്തുണ ഉറപ്പാക്കാനാണ് ബിജെപിയുടെ ശ്രമം.


നിതീഷ് കുമാർ


ചന്ദ്രബാബു നായിഡു

അതേസമയം, ഇന്ത്യമുന്നണി നേതാക്കളും ചന്ദ്രബാബു നായിഡുവുമായി ബന്ധം പുലർത്തുന്നതായാണ് വിവരം. ഇന്ത്യമുന്നണിയുടെ ഭാഗമായ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൽ ചന്ദ്രബാബു നായിഡുവിനെ ഫോണിൽ വിളിച്ചു. എൻസിപി നേതാവ് ശരദ് പവാറും സർക്കാർ രൂപീകരണത്തിന് ഇന്ത്യ മുന്നണിക്കായി മറ്റു കക്ഷികളുടെ പിന്തുണ തേടി രംഗത്തുണ്ട്. അദ്ദേഹം മുൻ സഹയാത്രികനും ജെഡിയു നേതാവും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാറുമായി സമ്പർക്കത്തിലാണ്.

ഇന്ത്യസഖ്യം 225 സീറ്റിലോളം മുന്നേറുന്ന സാഹചര്യത്തിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ സർക്കാരുണ്ടാക്കാൻ അവകാശവാദം ഉന്നയിച്ചേക്കുമെന്നാണ് വിവരം. ചന്ദ്രബാബു നായിഡു, നിതീഷ്കുമാർ എന്നിവർക്കു പുറമെ സീറ്റുകൾ കുറവാണെങ്കിലും വൈഎസ്ആർ കോൺഗ്രസിനെക്കൂടി കൂടെക്കൂട്ടാൻ ഇന്ത്യമുന്നണി ശ്രമം നടത്തുന്നുണ്ട്.

നിലവിലെ സാഹചര്യത്തിൽ ചന്ദ്രബാബു നായിഡു, നിതീഷ്കുമാർ എന്നിവരുടെ പിന്തുണ ഉറപ്പിക്കാനായാൽ ഇന്ത്യ മുന്നണിക്ക് 30-ലധികം സീറ്റ് അധികം ലഭിക്കും. നിതീഷ് കുമാറിനെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് പരിഗണിക്കണമെന്ന നിർദ്ദേശം തൃണമൂൽ കോൺഗ്രസ് നേതാവ് മമത ബാനർജി ഉൾപ്പെടെ മുന്നോട്ടു വെച്ചിട്ടുണ്ട്. ഇന്ത്യ മുന്നണിയുടെ കൺവീനർ സ്ഥാനമെങ്കിലും നല്കി അദ്ദേഹത്തെ കൂടെക്കൂട്ടാനാണ് ശ്രമം.

ഇത് റിപ്പോർട്ട് ചെയ്യുമ്പോഴത്തെ ലീഡ്നില വെച്ച് 241 സീറ്റുകളിൽ ലീഡ് ചെയ്യുന്ന ബിജെപിയാണ് ഏറ്റവും വലിയ ഒറ്റക്കക്ഷി. 99 സീറ്റുകളിൽ ലീഡുമായി മുന്നേറുന്ന കോൺഗ്രസ് രണ്ടാം സ്ഥാനത്തുണ്ട്.

35 സീറ്റുകളിൽ മുന്നേറ്റം നടത്തുന്ന സമാജ്‌വാദി പാർട്ടിയാണ് മൂന്നാമത്തെ വലിയ പാർട്ടി. തൃണമൂൽ കോൺഗ്രസ് 31, ഡിഎംകെ21 ടിഡിപ് 16, ജെഡിയു 14, ശിവസേന-ഉദ്ധവ് താക്കറേ 11, എൻസിപി -ശരദ് പവാർ-6 എന്നിങ്ങനെയാണ് മറ്റു പാർട്ടികളുടെ പ്രകടനം.

## കെജ്‌രിവാൾ വീണ്ടും ജയിലിൽ; ചുമതലകൾ കൈമാറി

ന്യൂഡൽഹി: ഇടക്കാല ജാമ്യം അവസാനിച്ചതിനെത്തുടർന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ തിഹാർ ജയിലിൽ തിരിച്ചെത്തി. സുപ്രീംകോടതി അനുവദിച്ച 21 ദിവസത്തെ ഇടക്കാല ജാമ്യം ജൂൺ രണ്ടിന് അവസാനിച്ചതിനെത്തുടർന്നാണ് കെജ്‌രിവാൾ ജയിലിലേക്കു മടങ്ങിയത്.


ഡൽഹി തിഹാർ ജയിലിലേക്കു മടങ്ങുന്നതിനു മുൻപ് മാതാപിതാക്കളായ ഗീതാദേവിയുടെയും ഗോവിന്ദ് രാമിന്റെയും കാൽതൊട്ടുവണങ്ങുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ.

ഉച്ചകഴിഞ്ഞു മൂന്നോടെ വീട്ടിൽനിന്നിറങ്ങിയ കെജ്‌രിവാൾ രാജ്ഘട്ടിലെ ഗാന്ധി സ്മാരകത്തിലും കൊണാട്ട് പ്ലേസിലെ ഹനുമാൻ ക്ഷേത്രത്തിലും സന്ദർശനം നടത്തി.

പിന്നീട് പാർട്ടി ഓഫീസിലെത്തി പ്രവർത്തകരെ അഭിസംബോധന ചെയ്തശേഷമാണ് ജയിലിലേക്കു മടങ്ങിയത്. ഭാര്യ സുനിത, ഡൽഹി മന്ത്രിമാരായ അതിഷി, സൗരഭ് ഭരദ്വാജ്, കൈലാഷ് ഗെലോട്ട് എന്നിവരും എഎപി നേതാക്കളും ഒപ്പമുണ്ടായിരുന്നു.

തിഹാർ ജയിലിലേക്ക് മടങ്ങിയ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ ചുമതലകൾ പാർട്ടി നേതാക്കൾക്ക് കൈമാറി. ഭരണ നിർവഹണത്തിന്റെ ഏകോപന ചുമതല മന്ത്രി അതിഷി മെർലേനയ്ക്കാണ് കൈമാറിയത്. പാർട്ടി നിയന്ത്രണത്തിന്റെ ചുമതല സംഘടനാ ജനറൽ സെക്രട്ടറി സന്ദീപ് പഥക്കിനും നൽകി. മദ്യനയക്കേസിൽ ഇടക്കാല ജാമ്യ കാലാവധി തീർത്ത് ജയിലിലേക്ക് മടങ്ങിയ സാഹചര്യത്തിലാണ് പാർട്ടിയുടെയും സർക്കാരിന്റെയും ചുമതലകൾ രണ്ടാംനിര നേതൃത്വത്തിന് കൈമാറിയത്.

ഭാര്യ സുനിത കെജ്‌രിവാൾ തൽക്കാലം സജീവരാഷ്ട്രീയത്തിലേക്ക് ഇറങ്ങേണ്ടതില്ലെന്നാണ് അരവിന്ദ് കെജ്‌രിവാളിന്റെ നിലപാട്. മുതിർന്ന നേതാവ് സഞ്ജയ് സിങ്ങിനു ചുമതലകളൊന്നും നൽകിയിട്ടില്ലെന്നതും ശ്രദ്ധേയം. സ്വാതി മലിവാൾ വിഷയത്തിൽ നേതൃത്വത്തെ സഞ്ജയ് സിങ് വിമർശിച്ചിരുന്നു. മന്ത്രി സൗരഭ് ഭരദ്വാജിനെ പാർട്ടി നിയന്ത്രണത്തിന്റെ ചുമതലയുള്ള സംഘത്തിൽ ഉൾപ്പെടുത്തി.

താൻ അഴിമതിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും സ്വേച്ഛാധിപത്യത്തിനെതിരെ സംസാരിച്ചതിനാലാണ് തനിക്കു ജയിലിൽ പോകേണ്ടിവന്നതെന്നും പ്രവർത്തകരെ അഭിസംബോധന ചെയ്ത കെജ്‌രിവാൾ പറഞ്ഞു. (ശേഷം 24-ാം പേജിൽ)

## എക്സിറ്റ് പോൾ ചതിച്ചു; എൻഡിഎയ്ക്ക് പ്രതീക്ഷിച്ച മുന്നേറ്റമില്ല, ഓഹരിവിപണിയിൽ ഇടിവ്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് വോട്ടെണ്ണൽ തുടങ്ങി ആദ്യമണിക്കൂറിൽ തന്നെ എൻഡിഎയ്ക്ക് തിരിച്ചടി നേരിട്ടതോടെ ഓഹരിവിപണികൾ കുത്തനെ ഇടിഞ്ഞു. എക്സിറ്റ്പോൾ പ്രകാരം വൻ ഭൂരിപക്ഷത്തോടെ എൻഡിഎ മൂന്നാമതും ഭരണത്തിൽ തിരിച്ചെത്തുമെന്ന റിപ്പോർട്ടുകൾ വന്നതോടെ മെയ് മൂന്നിന് വിപണികളിൽ വൻ മുന്നേറ്റം പ്രകടമായിരുന്നു. എന്നാൽ, എൻഡിഎയുടെ ഭൂരിപക്ഷത്തിൽ വലിയ കുതിപ്പ് പ്രകടമാകാതെ വന്നതോടെ സെൻസെക്സും നിഫ്റ്റിയും കുത്തനെ താഴോട്ട് പോകുകയായിരുന്നു.



ചൊവ്വാഴ്ച വ്യാപാരം തുടങ്ങി ആദ്യമണിക്കൂറിൽ തന്നെ നിഫ്റ്റി 50 സൂചിക 3.03 ശതമാനം ഇടിഞ്ഞ് 22,557-ലും സെൻസെക്സ് 3 ശതമാനം ഇടിഞ്ഞ് 74,107-ലും എത്തി. ഏകദേശം 40 മാസത്തിനുള്ളിൽ ഏറ്റവും മികച്ച നേട്ടം രേഖപ്പെടുത്തിയതിന് ശേഷമാണ് വിപണികൾ താഴോട്ട് പോയത്. എക്സിറ്റ്പോൾ പ്രകാരം ബിജെപി നേതൃത്വത്തിലുള്ള സഖ്യത്തിന് ലോക്സഭയിൽ മൂന്നിൽരണ്ട് ഭൂരിപക്ഷം ലഭിക്കുമെന്നായിരുന്നു സൂചന.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, റിലയൻസ്, ലാൻസൻ ആൻഡ് ടൂബ്രോ, പവർഗ്രിഡ്, എൻടിപിസി, എച്ച്ഡിഎഫ്സി ബാങ്ക് എന്നിവയാണ് സെൻസെക്സിലെ 30 കമ്പനികളിൽ ഏറ്റവും പിന്നോട്ട് പോയത്. സൺഫാർമയും നെസ്‌ലെയും മാത്രമാണ് നേട്ടത്തിൽ. എക്സ്ചേഞ്ച് ഡേറ്റപ്രകാരം വിദേശനിക്ഷേപകർ (എഫ്ഐഐ) 6,850.76 കോടി രൂപയുടെ ഇക്വിറ്റികൾ വാങ്ങിയിരുന്നു. ഏഷ്യൻവിപണികളിലും ഇടിവ് പ്രകടമാണ്. സിയോൾ, ടോക്കിയോ, ഷാങ്ഹായ് തുടങ്ങി വിപണികൾ താഴ്ന്നപ്പോൾ ഹോങ്കോങ് നേട്ടത്തിലാണ് വ്യാപാരം തുടരുന്നത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 23
June 07, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

കാഴ്ചയുണ്ടായിട്ടും കാഴ്ചപ്പാടില്ലാത്തതാണ് അന്ധതയെക്കാൾ മോശമായ കാര്യം.
**ഹെലൻ കെല്ലർ**

കാലത്തിന്റെ പല്ലുകൾ സത്യത്തെ ഒഴികെ എല്ലാറ്റിനേയും കാർന്നുതിന്നും.
**ടി.എച്ച്. ഹക്സ്‌ലി**

# Philadelphia Pentecostal Church

3735 N Narragansett Ave., Chicago, IL 60634

## Seeking a Senior Pastor

*(Effective Start date: July 01st, 2025)*

### Required qualifications:

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

*For more information:*

*Biju Cherian: 847-858-1342*

**Email CV/Resume: PPC.Chicago@Yahoo.Com**

# INDIA PENTECOSTAL ASSEMBLY

## 544 TIPTON RD
## IRVING TX 75060

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**

**pastorsearchipa@gmail.com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
# Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

## Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

A+ Rating BBB Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# മിക്ക സംസ്ഥാനങ്ങളും തൂത്തുവാരി എൻഡിഎ

ന്യൂഡൽഹി: ദേശീയതലത്തിൽ പ്രതീക്ഷിച്ച പ്രകടനം സാധ്യമായില്ലെങ്കിലും അഞ്ച് സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലും സമ്പൂർണ ആധിപത്യവുമായി ബിജെപി നയിക്കുന്ന എൻഡിഎ സഖ്യം മുന്നിൽ. മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, ത്രിപുര, സിക്കിം എന്നീ സംസ്ഥാനങ്ങളിലെയും രാജ്യതലസ്ഥാനമായ ഡൽഹി, ആൻഡമാൻ കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഴുവൻ സീറ്റുകളിലും എൻഡിഎ മുന്നേറുകയാണ്.

അതേസമയം, കഴിഞ്ഞ തവണ മുഴുവൻ സീറ്റിലും ബിജെപി ജയിച്ച ഗുജറാത്തിൽ ഇത്തവണ ഒരു സീറ്റിൽ കോൺഗ്രസ് മുന്നിലാണ്. ശേഷിക്കുന്ന 25 സീറ്റിലും ബിജെപി തന്നെയാണ് മുന്നിൽ.

മധ്യപ്രദേശിലെ 29 സീറ്റിലും ബിജെപിക്കാണ് ലീഡ്. 2019-ലെ തെരഞ്ഞെടുപ്പിൽ 28 സീറ്റിലായിരുന്നു ബിജെപിക്ക് വിജയം. അന്ന് നഷ്ടപ്പെട്ട, കോൺഗ്രസ് നേതാവ് കമൽ നാഥിന്റെ പരമ്പരാഗത മണ്ഡലമായ ചിന്ത്വാരയിലും ഇത്തവണ ബിജെപി മുന്നേറുന്നു. കമൽ നാഥിന്റെ മകൻ നകുൽ നാഥിനേക്കാൾ അമ്പതിനായിരത്തിലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ബിജെപി സ്ഥാനാർത്ഥി ബണ്ടി വിവേക് സാഹു മുന്നിട്ടുനിൽക്കുന്നത്.

മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളുമായി കേന്ദ്രം പോരു തുടരുന്ന ഡൽഹിയിലെ മുഴുവൻ സീറ്റുകളും ബിജെപി മുന്നിലാണ്. ഉത്തരാഖണ്ഡിലെ അഞ്ച് സീറ്റിലും ഇത്തവണയും ബിജെപി ആധിപത്യം പുലർത്തുന്നു. 2014-ലെയും 2019-ലെയും തെരഞ്ഞെടുപ്പിലും ഉത്തരാഖണ്ഡിലെ മുഴുവൻ സീറ്റുകളും ബിജെപി നേടിയിരുന്നു.

ഹിമാചൽ പ്രദേശിലെ നാല് സീറ്റിലും ത്രിപുരയിലെ രണ്ട് സീറ്റിലും സിക്കിം, ആൻഡമാൻ എന്നിവിടങ്ങളിലെ ഓരോ സീറ്റിലും എൻഡിഎ വ്യക്തമായ ആധിപത്യം തുടരുന്നുണ്ട്. 2019-ലെ തെരഞ്ഞെടുപ്പിൽ ഹിമാചലിലെ മുഴുവൻ സീറ്റുകളും എൻഡിഎ നേടിയിരുന്നു.

## ഒഡീഷയിൽ ബിജെപി മുന്നിൽ

ഭുവനേശ്വർ: ഒഡീഷ നിയമസഭാ തെരഞ്ഞെടുപ്പിൽ 65 സീറ്റുകളിൽ ലീഡ് ചെയ്ത് ബിജെപി. ബിജെഡിയ്ക്ക് 45 സീറ്റുകളിലാണ് ലീഡ്. കോൺഗ്രസ്, സിപിഎം, ജെഎംഎം എന്നീ പാർട്ടികൾ ഓരോ സീറ്റുകളിൽ ലീഡ് ചെയ്യുന്നുണ്ട്. സ്വതന്ത്ര സ്ഥാനാർത്ഥികളാണ് രണ്ട് സീറ്റുകളിൽ ലീഡ് ചെയ്യുന്നത്. 147 അംഗ നിയമസഭയിൽ 115 മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് ഫലമാണ് നിലവിൽ പുറത്തുവന്നിരിക്കുന്നത്. 2019-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെഡി 112 സീറ്റ് നേടിയാണ് ഭരണം പിടിച്ചത്.

## പിണറായിയുടെ മണ്ഡലത്തിൽ കെ. സുധാകരന് വൻവിജയം

കണ്ണൂർ: കടുത്ത മത്സരം പ്രതീക്ഷിച്ച കണ്ണൂരിൽ എം.വി. ജയരാജനെ യുഡിഎഫ് സ്ഥാനാർത്ഥി കെ. സുധാകരൻ വിജയിച്ചു. കേരളത്തിൽ ഭൂരിപക്ഷം മണ്ഡലങ്ങളിലും വിജയിക്കുമെന്നു പ്രതീക്ഷിച്ചിരുന്നെങ്കിലും കണ്ണൂരിലെ യുഡിഎഫ് വിജയത്തിൽ പല നേതാക്കൾക്കും സംശയമുണ്ടായിരുന്നു.



കെപിസിസി അദ്ധ്യക്ഷനായ സുധാകരനെ സംബന്ധിച്ചും കണ്ണൂർ അഭിമാന പോരാട്ടമായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ മണ്ഡലമായ ധർമ്മടത്ത് കെ. സുധാകരൻ ലീഡ് നേടി.

ഇത്തവണ മണ്ഡലം പിടിക്കാമെന്ന പ്രതീക്ഷയിലാണ് എം.വി. ജയരാജൻ കളത്തിലിറങ്ങിയത്. ഒരുകാലത്ത് സുധാകരന്റെ അടുത്ത അനുയായി ആയിരുന്ന ബിജെപി സ്ഥാനാർത്ഥിയായ രഘുനാഥ് യുഡിഎഫ് വോട്ടുകളിൽ വിള്ളലുണ്ടാക്കുമെന്ന് കരുതിയിരുന്നെങ്കിലും അതുണ്ടായില്ല. സുധാകരനെ സംബന്ധിച്ച് കെപിസിസി അദ്ധ്യക്ഷസ്ഥാനത്തിന് ഇളക്കം തട്ടാത്ത ആശ്വാസവിജയമാണ് കണ്ണൂരിലേത്.

## പോളിങ് ശതമാനം മാറ്റാനാകില്ല: കമ്മിഷൻ

ന്യൂഡൽഹി: വോട്ടിങ് ശതമാനം സംബന്ധിച്ച കൃത്യമായ കണക്കുകൾ കമ്മിഷന്റെ ആപ്പിൽ ലഭ്യമാക്കിയിരുന്നുവെന്നും സ്ഥാനാർത്ഥികൾക്കും ഏജന്റുമാർക്കും ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിരുന്നുവെന്നും മുഖ്യതെരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാർ. കമ്മിഷൻ വിചാരിച്ചാൽ പോളിങ് ശതമാനത്തിൽ മാറ്റം വരുത്താൻ കഴിയില്ലെന്നും സ്ഥാനാർത്ഥികളാരും പരാതി നല്കിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വിശ്വാസ്യത ഇല്ലാതാക്കാൻ നിരന്തര പ്രചാരണം നടന്നുവെന്ന ഗുരുതര ആരോപണവും കമ്മിഷൻ ഉന്നയിച്ചു.

വോട്ടർ പട്ടിക, ഇവിഎം, വോട്ടിങ് ശതമാനം, വോട്ടെണ്ണൽ എന്നിവയെപ്പറ്റി ഒരേ മാതൃകയിലാണ് ആരോപണങ്ങൾ വന്നത്. എല്ലാത്തിനും കൃത്യമായ മറുപടി അതത് സമയത്ത് നല്കിയിരുന്നു. തെരഞ്ഞെടുപ്പ് കമ്മിഷനെക്കുറിച്ച് കള്ള പ്രചാരണമുണ്ടാകുമെന്ന് മുൻകൂട്ടി കരുതിയില്ല. ഇന്ത്യയിലെ തെരഞ്ഞെടുപ്പിന്റെ വിശ്വാസ്യത തകർക്കാൻ വിദേശത്തുനിന്നു നീക്കമുണ്ടായാൽ തടയാൻ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ, രാജ്യത്തിനകത്തുനിന്ന് അത്തരമൊരു നീക്കം കരുതിയില്ല. കേന്ദ്രമന്ത്രിമാരുടെ അടക്കം ഹെലിക്കോപ്ടറുകൾ പരിശോധിച്ചു. എന്നാൽ, ചിലരുടേതുമാത്രം വിവാദമാക്കി: കമ്മിഷൻ വിശദീകരിച്ചു.

## മഹാരാഷ്ട്രയിൽ ഇന്ത്യസഖ്യം

മുംബൈ: മഹാരാഷ്ട്രയിൽ മിന്നുന്ന പ്രകടനവുമായി ഇന്ത്യ സഖ്യം. വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ 48-ൽ 29 സീറ്റിലും ഇന്ത്യ സഖ്യം ലീഡ് ചെയ്യുകയാണ്. എൻഡിഎ 18 സീറ്റിലാണ് മുന്നിലുള്ളത്. ശിവസേന ഉദ്ധവ് വിഭാഗം, ശരദ് പവാറിന്റെ എൻസിപി, കോൺഗ്രസ് എന്നീ പാർട്ടികളുടെ മഹാവികാസ് അഖാഡി സഖ്യത്തിന് ശിവസേന ഉദ്ധവ് വിഭാഗം 11 സീറ്റിലും എൻസിപി 8 സീറ്റിലും കോൺഗ്രസ് 11 സീറ്റിലും ലീഡ് ചെയ്യുന്നു.

ബിജെപിക്കൊപ്പമുള്ള മഹായുതി സഖ്യത്തിൽ ശിവസേന ഏക്നാഥ് ഷിൻഡെ വിഭാഗം 5 സീറ്റിലും അജിത് പവാറിന്റെ നേതൃത്വത്തിലുള്ള എൻസിപി 5 സീറ്റിലും ലീഡ് ചെയ്യുന്നു.

മുംബൈ നോർത്ത് മണ്ഡലത്തിൽ കേന്ദ്രമന്ത്രി പീയുഷ് ഗോയൽ, ബാരാമതിയിൽ എൻസിപിയുടെ (ശരദ് പവാർ) സുപ്രിയ സുലെ, നാഗ്പൂരിൽ നിതിൻ ഗഡ്കരി എന്നിവർ വ്യക്തമായ ഭൂരിപക്ഷത്തോടെ മുന്നിലാണ്. ഉത്തർപ്രദേശ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലോക്സഭാ മണ്ഡലങ്ങളുള്ള സംസ്ഥാനമാണ് മഹാരാഷ്ട്ര.



ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് തെരഞ്ഞെടുപ്പിലെ മുന്നേറ്റം ആഘോഷിക്കുന്ന കോൺഗ്രസ് പ്രവർത്തകർ

## ഗാന്ധിജിയെ ലോകമറിഞ്ഞത് 'ഗാന്ധി' സിനിമയിലൂടെയോ...?

**സ്വന്തം ജീവിതം മുഴുവൻ മാതൃരാജ്യത്തിനുവേണ്ടിയുള്ള സഹനവും സമരവുമാക്കി ആയുധമെടുക്കാതെ ഒരു മഹാസാമ്രാജ്യത്തെ മുട്ടുകുത്തിച്ച് നൂറ്റാണ്ടുകളായി അടിമത്വത്തിലായിരുന്ന ഒരു രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുത്ത ആ മഹാവ്യക്തിത്വത്തെ ലോകമറിഞ്ഞത് കേവലം ഒരു സിനിമകൊണ്ടുമാത്രമോ?!**

ഇന്ത്യമാത്രമല്ല ലോകജനത ആദരവോടെ കാണുന്ന മഹാത്മാഗാന്ധിയെ ലോകമറിഞ്ഞത് റിച്ചാർഡ് ആറ്റൻബറോയുടെ 'ഗാന്ധി' സിനിമയിലൂടെയാണെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പരാമർശം മാധ്യമരംഗത്ത് ഇന്ന് ചൂടുപിടിച്ച ചർച്ചയാണ്. എബിപി ന്യൂസ്ചാനലിനു നല്കിയ പ്രത്യേക അഭിമുഖത്തിലാണ് ഈ പരാമർശം പ്രധാനമന്ത്രി നടത്തിയത്. രാജ്യം ഭരിക്കുന്ന ഒരു പ്രധാനമന്ത്രി ഇക്കാര്യം മാധ്യമത്തോട് പറഞ്ഞത് എത്രയോ ഖേദകരമായ കാര്യമാണ്. ഇന്ത്യൻ ജനതക്കാകെ അപമാനകരം എന്നല്ലാതെ എന്തുപറയാൻ.

ലോകമാകെ സഞ്ചരിച്ചശേഷമുള്ള തന്റെ അനുഭവമാണിതെന്ന ആമുഖത്തോടെയാണ് എബിപി ചാനലിൽ പ്രധാനമന്ത്രി ഈ പരാമർശം നടത്തിയത്. 'ബ്രിട്ടീഷ് സംവിധായകൻ റിച്ചാർഡ് ആറ്റൻബറോയുടെ സിനിമയായ 'ഗാന്ധി' 1982-ൽ പ്രദർശനത്തിനെത്തുംവരെ നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെ ലോകം അറിഞ്ഞിരുന്നില്ല. എന്നാൽ നെൽസൻ മണ്ടേലയെയും മാർട്ടിൻ ലൂതർ കിംഗിനേയും ലോകത്തിന് നന്നായി അറിയാം. ഗാന്ധിജിയെക്കുറിച്ച് അറിയാതെപോയി...' ഇതായിരുന്നു പ്രധാനമന്ത്രിയുടെ വിവാദ പരാമർശം.

എന്നാൽ പ്രധാനമന്ത്രി മോദി പറഞ്ഞ മാർട്ടിൻ ലൂഥർകിംഗും നെൽസൺ മണ്ടേലയുമൊക്കെ ഗാന്ധിസിനിമ പുറത്തിറങ്ങുംമുമ്പുതന്നെ ഗാന്ധിജിയുടെ കടുത്ത ആരാധകരായിരുന്നു. 'അടിച്ചമർത്തുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തോട് വിട്ടുവീഴ്ചയില്ലാത്ത നിശ്ചയദാർഢ്യത്തിനൊപ്പം നീതിബോധത്തേയും ധാർമ്മികതയെയും സമന്വയിപ്പിച്ച മഹാവ്യക്തിത്വമായിരുന്നു ഗാന്ധിജിയുടേതെന്നാണ്' നെൽസൺ മണ്ടേല ഒരിക്കൽ പറഞ്ഞത്. ഗാന്ധി സിനിമ ഇറങ്ങുന്നതിനും അര നൂറ്റാണ്ട് മുമ്പുതന്നെ ടൈംമാഗസിൻ അദ്ദേഹത്തെ 'വിശുദ്ധ ഗാന്ധി' എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. എന്തിനേറെ വിശ്വമഹാകവി ടാഗോർ പോലും ഗാന്ധിജിയുടെ ആരാധകനും ഏറ്റവും അടുത്ത സുഹൃത്തുമായിരുന്നു. 1941 ടാഗോർ മരിക്കുംവരെ വിശുദ്ധമായ ആ സൗഹൃദവും തുടർന്നിരുന്നു.

നാഥുറാം ഗോഡ്സെ 1948-ൽ മഹാത്മാവിനെ വെടിവച്ചുകൊന്നപ്പോൾ ലോകം നിശ്ചലമായ നിമിഷങ്ങളായിരുന്നു. തകർന്ന ഹൃദയത്തോടെ നെഹ്റു രാഷ്ട്രത്തെ അഭിസംബോധന ചെയ്തപ്പോൾ പറഞ്ഞത് 'നമ്മുടെ ജീവിതത്തിലെ പ്രകാശം നമ്മെ വിട്ടുപോയി' എന്നാണ്. വാക്കുകൾകൊണ്ട് വിശേഷിപ്പിക്കാനാവാത്ത അപൂർവ്വ വ്യക്തിത്വത്തിനുടമായായിരുന്നു ഗാന്ധിജി. ആ മഹത്ജീവിതത്തെക്കുറിച്ചുള്ള എല്ലാ വിശേഷണങ്ങളും ആ വ്യക്തിപ്രഭാവത്തിനുമുന്നിൽ നിഷ്പ്രഭമമാണ്. സ്വന്തം ജീവിതം മുഴുവൻ മാതൃരാജ്യത്തിനുവേണ്ടിയുള്ള സഹനവും സമരവുമാക്കി ആയുധമെടുക്കാതെ ഒരു മഹാസാമ്രാജ്യത്തെ മുട്ടുകുത്തിച്ച് നൂറ്റാണ്ടുകളായി അടിമത്വത്തിലായിരുന്ന ഒരു രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുത്ത ആ മഹാവ്യക്തിത്വത്തെ ലോകമറിഞ്ഞത് കേവലം ഒരു സനിമകൊണ്ടുമാത്രമോ?! ഭാരതമക്കൾക്ക് എത്ര അപമാനകരമായ പരാമർശമായിപ്പോയി ഇത്. വികലമായ ഈ പരാമർശത്തിനെതിരെ ഇന്ത്യൻ രാഷ്ട്രീയരംഗത്തെ പല പ്രമുഖരും രംഗത്തുവന്നിരിക്കയാണ്.

1930-ൽ നടന്ന ദണ്ഡിയാത്രയോടെ തന്നെ ഗന്ധിജി ലോകപ്രശസ്തിയിലേക്ക് ഉയർന്നുകഴിഞ്ഞിരുന്നു. വിദേശരാജ്യങ്ങളിലെ സന്ദർശനങ്ങളിൽ അദ്ദേഹത്തെ കാണാൻ വമ്പിച്ച ജനക്കൂട്ടമാണ് ഒഴുകിയെത്തിയിരുന്നത്. ലോകത്തെ വൻകിട മാധ്യമങ്ങളെല്ലാംതന്നെ ഗാന്ധിജിയെക്കുറിച്ചുള്ള വാർത്തകൾ റിപ്പോർട്ടു ചെയ്യാൻ പ്രത്യേക ലേഖകരെവരെ നിയമിച്ചിരുന്നുവത്രെ. 1969-ൽ ഗാന്ധിജിയുടെ ജന്മശതാബ്ദിക്ക് നാല്പതോളം രാജ്യങ്ങളാണ് അദ്ദേഹത്തെ ആദരിച്ച് സ്റ്റാമ്പ് പുറത്തിറക്കിയത്. നമ്മുടെ ലോകസഭാലൈബ്രറിയിൽ വിവിധ ഭാഷകളിലായി വിവിധരാജ്യങ്ങളിലെ പ്രശസ്ത ഗ്രന്ഥകാരന്മാർ ഗാന്ധിജിയെക്കുറിച്ച് തയ്യാറാക്കിയ രണ്ടായിരത്തിലേറെ പുസ്തകങ്ങളാണുള്ളത്. ഇതൊന്നും നമ്മുടെ പ്രധാനമന്ത്രി അറിഞ്ഞില്ലെന്നുണ്ടോ? മഹാനായ സുഭാഷ് ചന്ദ്രബോസാണ് 'രാഷ്ട്രപിതാവ്' എന്ന് ഗാന്ധിജിയെ ആദ്യമായി അഭിസംബോധന ചെയ്തത് എന്ന കാര്യവും വിസ്മരിക്കാനാവില്ല. നമ്മുടെ രാഷ്ട്രപിതാവായ – നമ്മെ എന്നും പ്രചോദിപ്പിക്കുന്ന ആ മഹത്ജീവിതത്തിന്റെ വ്യക്തിപ്രഭാവത്തെ കേവലമൊരു സിനിമകൊണ്ടു വേണോ ലോകമറിയാൻ.....?!!

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.


*"We Handle Cases All Across the USA!"*

-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

# ഡൊമിനിക് ജോസഫ് (സാവി) പഴയപുരയ്ക്കൽ അന്തരിച്ചു



ചിക്കാഗോ: ഡൊമിനിക് ജോസഫ് (സാവി - 69) പഴയപുരയ്ക്കൽ അന്തരിച്ചു.

**ഭാര്യ:** ജെസ്സി ഡൊമിനിക് ചങ്ങനാശേരി കടവിൽ കുടുംബാംഗമാണ്.

**മക്കൾ:** ഷോൺ ജോസഫ്, താരാ ജോസഫ്.

**സഹോദരങ്ങൾ:** ജോയി (ലീല ജോസഫ്), പി.ജെ. മാത്യു (ലാൽ മാത്യു), എൽസമ്മ (തോമസ് കൊമരൻ ചാത്ത്), മേഴ്സി (ജോയി ആലക്കൽ), ലൂസി (സിബി പാറേക്കാട്ട്).

**മാതാപിതാക്കൾ:** കോട്ടയം ജില്ലയിൽ കാഞ്ഞിരത്താനം ഇടവക കുറുപ്പുന്തറ പഴയപുരയ്ക്കൽ പരേതരായ ജോസഫ് & അന്നമ്മ.

**സംസ്കാരം:** ജൂൺ 3 - ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് മാർതോമാ ശ്ലീഹാ കത്തീഡ്രലിൽ നടന്ന ദിവ്യബലിക്കും പ്രാർത്ഥനാ ശുശ്രൂഷകൾക്കും ശേഷം നൈൽസിലുള്ള മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and
EFFICIENT

Quality
REPAIR



WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

## മാധ്യമപ്രവർത്തകൻ ബി.ആർ.പി . ഭാസ്കർ അന്തരിച്ചു



തിരുവനന്തപുരം: പ്രമുഖ മാധ്യമ പ്രവർത്തകൻ ബി.ആർ.പി ഭാസ്കർ (92) അന്തരിച്ചു. ഏഴു പതിറ്റാണ്ടിലേറെനീണ്ട പത്രപ്രവർത്തന ജീവിതത്തിൽ ദി ഹിന്ദു, സ്റ്റേറ്റ്സ്മാൻ, പേട്രിയറ്റ്, യുഎൻഐ. ഡെക്കാൺ ഹെറാൾഡ് തുടങ്ങിയവയിൽ പ്രവർത്തിച്ചു.

ബംഗ്ലാദേശ് തെരഞ്ഞെടുപ്പിൽ വിജയിച്ച മുജീബുൽ റഹ്മാനുമായുള്ള അഭിമുഖം, ഭാരതീയനായ ഡോ. ഹർ ഗോവിന്ദ് ഖുറാനയ്ക്ക് നോബൽ ലഭിച്ച വാർത്ത, അടിയന്തരാവസ്ഥക്കാലത്ത് ശ്രീനഗറിൽ നിന്നുള്ള റിപ്പോർട്ടുകൾ തുടങ്ങിയവ ശ്രദ്ധേയമാണ്.

മലയാളത്തിലടക്കം നിരവധി മാധ്യമങ്ങളിൽ കോളമിസ്റ്റായിരുന്നു. അവസാനകാലം വരെ സാമൂഹികവിഷയങ്ങളിൽ ജാഗ്രതയോടെ ഇടപെട്ടു. പത്രപ്രവർത്തനരംഗത്തെ സമഗ്ര സംഭാവനയ്ക്ക് കേരള സർക്കാരിന്റെ സ്വദേശാഭിമാനി-കേസരി മാധ്യമപുരസ്കാരം ലഭിച്ചിട്ടുണ്ട്. ഭാര്യ പരേതയായ രമ. മാധ്യമപ്രവർത്തകയായിരുന്ന മകൾ ബിന്ദു ഭാസ്കർ ബാലാജി 2019-ൽ അന്തരിച്ചു. മരുമകൻ: ഡോ. കെ.എസ്. ബാലാജി.

തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ 1932 മാർച്ച് 12-നാണ് എ.കെ. ഭാസ്കറിന്റെയും മീനാക്ഷിയുടെയും മകനായി ബാബു രാജേന്ദ്രപ്രസാദ് എന്ന ബി.ആർ.പി ഭാസ്കർ ജനിച്ചത്. ഈഴവ സമുദായ നേതാവും സാമൂഹിക പരിവർത്തനവാദിയുമായിരുന്ന എ.കെ. ഭാസ്കർ നവഭാരതം എന്ന പത്രത്തിന്റെ ഉടമ കൂടിയായിരുന്നു.

1951-ൽ കൊല്ലം എസ്.എൻ. കോളജിൽനിന്ന് ഗണിതശാസ്ത്രത്തിൽ ബി.എസ്സി പാസായ ബി.ആർ.പി ഭാസ്കറിന് പത്രപ്രവർത്തനത്തിൽ താല്പര്യമുണ്ടായിരുന്നെങ്കിലും മകനെ പത്രപ്രവർത്തകനാക്കാൻ അച്ഛൻ ആഗ്രഹിച്ചിരുന്നില്ല. മകനെ ഐഎഎസുകാരനാക്കാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. എങ്കിലും അച്ഛനറിയാതെ നവഭാരതത്തിൽ മറ്റൊരു പേരിൽ ലേഖനമെഴുതി. അത് അച്ഛൻ അറിഞ്ഞപ്പോൾ ആദ്യം എതിർത്തെങ്കിലും പിന്നീട് മകന്റെ ഇഷ്ടത്തിനു വഴങ്ങി 1952-ൽ ദി ഹിന്ദുവിൽ ട്രെയിനിയായി ചേർന്നു. 58-ൽ കേന്ദ്രസർക്കാരിന്റെ സ്കോളർഷിപ്പോടെ ഫിലിപ്പീൻസിൽ പോയി.

1959-ൽ യൂണിവേഴ്സിറ്റി ഓഫ് ദ് ഫിലിപ്പീൻസിൽ നിന്ന് എം.എ. നേടി

തിരിച്ചെത്തി പേട്രിയറ്റിൽ ചേർന്നു. പിന്നീട് യുഎൻഐയിലെത്തി. 18 വർഷത്തെ സേവനത്തിനുശേഷം ഡെക്കാൺ ഹെറാൾഡിൽ അസോഷ്യേറ്റ് എഡിറ്ററായി.

1991-ൽ വിരമിച്ചശേഷം ഒരുവർഷത്തോളം ആന്ധ്രപ്രദേശ് ടൈംസിന്റെ ഡയറക്ടറായിരുന്നു. ഏഷ്യാനെറ്റിൽ എഡിറ്റോറിയൽ കൺസൾട്ടന്റായും മറ്റ് സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ഇടപെടലുകൾ നടത്തി.

മനുഷ്യാവകാശവും സാമൂഹിക നീതിയും ലംഘിക്കപ്പെട്ടപ്പോഴൊക്കെ ബി.ആർ.പി ഭാസ്കർ അതിനെതിരെ ശക്തമായി സംസാരിച്ചിരുന്നു.

ചരിത്രം നഷ്ടപ്പെട്ടവർ, ന്യൂസ് റൂം-ഒരു മാധ്യമപ്രവർത്തകന്റെ അനുഭവക്കുറിപ്പുകൾ, ദ് ചേയ്ഞ്ചിങ് മീഡിയസ്കേപ് എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

# ഹാട്രിക് വിജയം: കൊല്ലത്ത് പ്രേമചന്ദ്രൻ തന്നെ താരം

കൊല്ലം: താരപ്പോരാട്ടം നടന്ന കൊല്ലത്ത് യുഡിഎഫിലെ എൻ.കെ. പ്രേമചന്ദ്രൻ ഹാട്രിക് വിജയത്തിലേക്ക്. മുഖ്യ എതിരാളിയും കൊല്ലത്തെ സിറ്റിംഗ് എംഎൽഎയുമായ സിപിഎമ്മിലെ എം. മുകേഷിന് വോട്ടെണ്ണലിന്റെ ഒരു ഘട്ടത്തിൽപോലും ലീഡ് നേടാനായില്ല. ഏറ്റവും ഒടുവിൽ ലഭിച്ച വിവരം അനുസരിച്ച് പ്രേമചന്ദ്രൻ ലീഡ് ചെയ്യുകയാണ്.

കൊല്ലത്ത് സിപിഎമ്മിനെ സംബന്ധിച്ചിടത്തോളം ഇത് ഹാട്രിക് തോൽവി കൂടിയാണ്. കേരളത്തിലെ ഇടതുഭരണത്തിന് ചുക്കാൻ പിടിക്കുന്ന പ്രമുഖ കക്ഷിയായ സിപിഎമ്മിന് തുടർച്ചയായ മൂന്നാം തോൽവി വലിയ നാണക്കേട് കൂടിയാണ്.

2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സിപിഎം പൊളിറ്റ് ബ്യൂറോ അംഗം എം.എ. ബേബിയെ പരാജയപ്പെടുത്തിയത് 37649 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ്.

2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രേമചന്ദ്രനോട് അടിയറവ് പറഞ്ഞത് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ഇപ്പോഴത്തെ ധനമന്ത്രിയുമായ കെ.എൻ. ബാലഗോപാലാണ് 1,48,856 വോട്ടുകളായിരുന്നു പ്രേമചന്ദ്രന്റെ ഭൂരിപക്ഷം.

അതിനു ശേഷം 2021-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കൊല്ലത്തെ ഏഴ് നിയമസഭാ മണ്ഡലങ്ങളിൽ ആറിടത്തും എൽഡിഎഫിനായിരുന്നു വിജയം. കുണ്ടറയിൽ മാത്രമാണ് യുഡിഎഫിന് വിജയം നേടാൻ കഴിഞ്ഞത്. ഈ തെരഞ്ഞെടുപ്പിൽ എല്ലായിടത്തുംകൂടി ഇടതുമുന്നണിക്ക്



1,03,753 വോട്ടുകളുടെ മേൽക്കൈ ഉണ്ടായിരുന്നു.

ഇതിന്റെ ആത്മവിശ്വാസത്തിലാണ് സിപിഎം അവരുടെ എപ്പോഴത്തെയും അടവ് നയത്തിന്റെ ഭാഗമായി പാർട്ടി അംഗം അല്ലാതിരുന്നിട്ടുകൂടി മുകേഷിനെ അപ്രതീക്ഷിത സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചത്. മുകേഷ് ആകുമ്പോൾ വോട്ടർമാർക്കിടയിൽ മുഖവുര വേണ്ട എന്ന ഒറ്റക്കാരണത്താലാണ് പരിഗണനയിൽ ഉണ്ടായിരുന്ന മറ്റുള്ളവരെ തഴയാൻ പാർട്ടി നിർബന്ധിതമായത്. പക്ഷേ, തെരഞ്ഞെടുപ്പ് ഫലം വന്നപ്പോൾ അവരുടെ പ്രതീക്ഷകളും കണക്കുകൂട്ടലുകളും അസ്ഥാനത്താകുകയായിരുന്നു.

എൻ.കെ. പ്രേമചന്ദ്രൻ എംപിയുടെ വ്യക്തിപ്രഭാവവും സിപിഎമ്മിന്റെ സംഘടനാ ശക്തിയും തമ്മിലുള്ള നേർക്കുനേർ ബലാബലമാണ് ഇക്കുറി കൊല്ലത്ത് നടന്നത്. ഇപ്പോഴത്തെ തോൽവിൽനിന്നുള്ള ഉയിർത്തെഴുന്നേൽപ്പ് സിപിഎമ്മിന് ഏറെ ദുഷ്കരമായിരിക്കും.

## ബിജെപി അക്കൗണ്ട് തുറന്നു

(3-ാം പേജിൽനിന്നും)

വയനാട്ടിൽ പകുതി വോട്ടുകൾ എണ്ണിയപ്പോൾതന്നെ രാഹുൽ ഗാന്ധിയുടെ ഭൂരിപക്ഷം രണ്ടുലക്ഷം കടന്നു. ഇടുക്കിയിൽ ഡീൻ കുര്യാക്കോസും എറണാകുളത്ത് ഹൈബി ഈഡനും മലപ്പുറത്ത് ഇ.ടി. മുഹമ്മദ് ബഷീറും പൊന്നാനിയിൽ അബ്ദുസമദ് സമദാനിയും വോട്ടെണ്ണൽ പകുതി ദൂരമെത്തിയപ്പോൾതന്നെ ലക്ഷം വോട്ട് ഭൂരിപക്ഷത്തിനു മുകളിലെത്തി.

കേരളത്തിൽ ഭരണവിരുദ്ധ വികാരം ശക്തമായിരുന്നുവെന്നാണ് ഫലസൂചനകളിൽനിന്നു മനസിലാകുന്നത്. ആലത്തൂരിൽ എൽഡിഎഫിന്റെ കെ. രാധാകൃഷ്ണന്റെ വിജയം ഏറെക്കുറെ ഉറപ്പായി. ഇതോടെ ചേലക്കര നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പിനു കളമൊരുങ്ങി. കേരള മന്ത്രിസഭയിൽ പുതിയൊരു മന്ത്രിയെ ഉൾപ്പെടുത്തേണ്ടിയും വരും. വാശിയേറിയ പോരാട്ടം നടന്ന വടകരയിൽ യുഡിഎഫിന്റെ ഷാഫി പറമ്പിൽ ഉജ്വല വിജയത്തിലേക്കു നീങ്ങുകയാണ്. ഇതോടെ പാലക്കാട് മണ്ഡലത്തിലും ഉപതെരഞ്ഞെടുപ്പിനു കളമൊരുങ്ങുകയാണ്.

## ഈ വിജയം അഭിമാനപ്രശ്നം: ഫ്രാൻസിസ് ജോർജ്



കോട്ടയം: കോട്ടയത്തുനിന്ന് വിജയിക്കുക എന്നത് അഭിമാന പ്രശ്നമായിരുന്നുവെന്ന് ഫ്രാൻസിസ് ജോർജ്. തെരഞ്ഞെടുപ്പ് ഫലത്തിൽ വളരെ സന്തോഷമുണ്ടെന്നും കേരള കോൺഗ്രസ് (ജോസഫ്) നേതാവ് ഫ്രാൻസിസ് ജോർജ് കൂട്ടിച്ചേർത്തു. കോട്ടയത്തെ യുഡിഎഫ് സ്ഥാനാർത്ഥിയായ ഫ്രാൻസിസ് ജോർജ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

കോട്ടയത്തിനു വേണ്ടി കുറേ കാര്യങ്ങൾ ചെയ്യണമെന്നാണ് ആഗ്രഹമെന്നും ഇന്ത്യ മുന്നണിയുടെ മുന്നേറ്റം സന്തോഷം നല്കുന്നതാണെന്നും ഫ്രാൻസിസ് ജോർജ് പറഞ്ഞു. സിറ്റിങ് എംപിയായ തോമസ് ചാഴികാടനെയാണ് ഫ്രാൻസിസ് ജോർജ് പരാജയപ്പെടുത്തിയത്.









# Lakeshore Premier Serviced Villa

Kannankara P.O, Thanneermukkom, Pin : 688527. Kerala, India.
Government of Kerala Tourism Department approved serviced Villa

**For Booking** http://airbnb.com/h/lakeshoreservicedvilla Vrbo http://www.vrbo.com/4019217





- Organic, authentic South Indian, North Indian, Mediterranean, Western, American style food and more prepared by our onsite 24/7 Professional Chef
- Onsite 24/7 Caretaker & Security
- Roundtrip airport shuttle available upon request by private Villa agency
- Multiple attractive packages are available to personalize your itinerary
- Educated & well trained Villa staff are at your service and can speak 5+ languages
- Villa is equipped with a " Power Generator " in case of electricity failure.
- OUR VISION : Promote and attract our young generation...born and raised in abroad to our beautiful Kerala " Gods own Country ". Fewer residents, Best quality and Maximum Satisfaction.

**Lakeshore Serviced Villa**
**GRAND OPENING July 1st, 2024.**
**Reservations are now open:**

Take a break from your exhausting work life and visit the serene backwaters of Kerala, India- an experience that will rejuvenate your health & happiness, while creating memories that will last forever.

Early bird special rate available for a short time!
For a group discount or any other questions please contact our Customer Service representatives:

**India contact : 91 8547340748**
**US contact : 1(415)369-7208**

**For more information regarding the Premier Serviced Villa, including more features and amenities, please visit us on the web :**

## www.LakeshoreServicedVilla.com

With profound happiness and gratitude, Philip Karukaparampil, (650)759-7799

# 'ഗാന്ധി' സിനിമയ്ക്കുശേഷമാണ് ഗാന്ധിജിയെ ലോകമറിഞ്ഞതെന്ന് മോദി

ന്യൂഡൽഹി: റിച്ചഡ് ആറ്റൻബറോയുടെ 'ഗാന്ധി' സിനിമ 1982-ൽ ഇറങ്ങുന്നതു വരെ ലോകത്തിനു മഹാത്മാഗാന്ധിയെ അറിയില്ലായിരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.



എബിപി ന്യൂസ് ചാനലിനു നല്കിയ അഭിമുഖത്തിലാണ് ഈ പരാമർശം. മഹാത്മാ ഗാന്ധിക്ക് വേണ്ടത്ര സ്വീകാര്യത ഉണ്ടാക്കാൻ കോൺഗ്രസ് ശ്രമിച്ചില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

"ഗാന്ധി മഹാത്മാവായിരുന്നു. അദ്ദേഹത്തിന് അത്തരത്തിലുള്ള ആഗോള മതിപ്പുണ്ടാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമായിരുന്നില്ലേ? ആർക്കും അദ്ദേഹത്തെ അറിയുമായിരുന്നില്ല. ഗാന്ധി സിനിമ പുറത്തുവന്നപ്പോൾ ഇതാരാണെന്ന് ലോകത്തിനു കൗതുകം തോന്നി. മാർട്ടിൻ ലൂഥർ കിങ്ങിനെയും നെൽസൺ മണ്ടേലയെയും ലോകത്തിന് അറിയാമായിരുന്നെങ്കിൽ, അതിലൊട്ടും കുറഞ്ഞ ആളായിരുന്നില്ല ഗാന്ധിയെന്ന കാര്യം സമ്മതിച്ചേ പറ്റൂ. ഗാന്ധിയും അതിലൂടെ ഇന്ത്യയും അംഗീകരിക്കപ്പെടേണ്ടതായിരുന്നു. ലോകം മുഴുവനും സഞ്ചരിച്ച ശേഷമാണ് ഞാൻ ഇതു പറയുന്നത്" അഭിമുഖത്തിൽ മോദി പറഞ്ഞു.

പ്രതിപക്ഷം ഇന്ത്യയുടെ സംസ്കാരത്തെയും മൂല്യങ്ങളേയും എത്രത്തോളം മനസ്സിലാക്കിയിട്ടുണ്ടെന്ന ചോദ്യത്തിനായിരുന്നു മോദിയുടെ ഈ മറുപടി.

മഹാത്മാ ഗാന്ധിയുടെ പൈതൃകത്തെ ആരെങ്കിലും നശിപ്പിച്ചിട്ടുണ്ടെങ്കിൽ അത് കാലാവധി പൂർത്തിയാക്കി പുറത്തു പോകാനിരിക്കുന്ന പ്രധാനമന്ത്രി മാത്രമാണെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് പ്രതികരിച്ചു.

# നിപ വൈറസ് കണങ്ങൾ സൃഷ്ടിച്ച് മലയാളി ശാസ്ത്രജ്ഞർ

കോട്ടയം: നിപ വൈറസിന്റെ മൂന്നു ജീനുകൾ ജനിതക എൻജിനീയറിങ് വഴി സംയോജിപ്പിച്ച് രാജ്യത്ത് ആദ്യമായി രോഗവ്യാപന ശേഷിയില്ലാത്ത നിപ വൈറസ് കണങ്ങൾ കേരളത്തിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചു. മരണനിരക്ക് വളരെ കൂടുതലായ നിപയ്ക്കെതിരെ വാക്സിൻ കണ്ടുപിടിക്കുന്നതിലേക്കും വൈറസിനെ പ്രതിരോധിക്കുന്ന മോണോക്ലോണൽ ആന്റിബോഡി നിർമ്മിക്കുന്നതിലേക്കും അതു കാര്യക്ഷമമാണോയെന്നു പരിശോധിക്കുന്നതിലേക്കും വഴിതുറക്കാവുന്ന നിർണായക നേട്ടമാണിത്.

തിരുവനന്തപുരം തോന്നയ്ക്കലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിലെ (ഐ.എ.വി) ശാസ്ത്രജ്ഞരാണ് ഈ നേട്ടം കൈവരിച്ചത്. മോണോക്ലോണൽ ആന്റിബോഡി വികസിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഗവേഷണം നടന്നത്. ബയോസേഫ്റ്റി ലെവൽ-4 (ബി.എസ്.എൽ 4) ഉള്ള ലാബുകളിലേ നിപ വൈറസ് സംബന്ധിച്ച പഠനങ്ങൾ നടത്താനാകൂ. ഇത് പൂണെയിൽ മാത്രമേയുള്ളൂ. ഇത്തരം ലാബുകൾ അധികമില്ലാത്തത് നിപ വൈറസിനെതിരെയുള്ള ആന്റി വൈറൽ മരുന്നുകളുടെയും മോണോക്സോണൽ ആന്റിബോഡികളുടെയും ഗവേഷണത്തിനു തടസ്സമാണ്. ഇപ്പോൾ വികസിപ്പിച്ച പുതിയ വൈറസ് കണങ്ങൾക്ക് രോഗവ്യാപനശേഷി ഇല്ലാത്തതിനാൽ ബയോസേഫ്റ്റി-2 ഉള്ള ലാബുകളിലും ഗവേഷണം നടത്താമെന്നതാണ് ഏറ്റവും വലിയ നേട്ടമെന്ന് പഠനത്തിനു നേതൃത്വം നല്കിയ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. മോഹനൻ വലിയവീട്ടിൽ പറഞ്ഞു. വൈറസ് കണങ്ങൾ ഉപയോഗിച്ചുള്ള നിപ വാക്സിന്റെ വികസനത്തിലേക്ക് വഴിതുറക്കുന്നതാകും ഈ ഗവേഷണങ്ങൾ. ഡോ. ആരതി രാജൻ, അനുജ എസ്. നായർ, വിനോദ് സോമൻപിള്ള, ഡോ. ബിനോദ്കുമാർ, ഡോ. അനുപമ ആർ. പൈ, ബിമിതാ ബെന്നി എന്നിവരായിരുന്നു സംഘാംഗങ്ങൾ.

# നിയമനം നടത്താൻ എയ്ഡഡ് ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് പൂർണഅധികാരം

ന്യൂഡൽഹി: സർക്കാർ എയ്ഡഡ് ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് പ്രിൻസിപ്പൽ, അദ്ധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവരെ നിയമിക്കാൻ പൂർണ്ണ അധികാരമുണ്ടെന്ന് ഡൽഹി ഹൈക്കോടതി വിധിച്ചു. നിയമനത്തിന് സർക്കാർ അനുമതി മുൻകൂർ വാങ്ങേണ്ടതില്ലെന്നും വിദ്യാഭ്യാസ വകുപ്പിന് മാനദണ്ഡങ്ങൾ നിർദ്ദേശിക്കാൻ മാത്രമാണ് അധികാരമെന്നും ജസ്റ്റിസ് സി. ഹരിശങ്കർ വ്യക്തമാക്കി.

ഡൽഹി തമിഴ് എജ്യൂക്കേഷൻ അസോസിയേഷന്റെ (ഡിടിഇഎ) 52 ഒഴിവുകൾ നികത്താനുള്ള ശിപാർശ തള്ളിയ ഡൽഹി സംസ്ഥാന വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഉത്തരവിനെതിരായ ഹർജിയിലാണ് വിധി. സ്കൂളുകൾക്ക് മാനേജിങ് കമ്മിറ്റി ഇല്ലെന്നായിരുന്നു വിദ്യാഭ്യാസ വകുപ്പിന്റെ വാദം. എന്നാൽ, 1923-ൽ നിലവിൽ വന്നതാണ് ഡിടിഇഎയെന്നും ഏഴ് സ്കൂളുകളിലായി 6879 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും ഡൽഹിയിലെ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടതാണ് സ്ഥാപനങ്ങളെന്നും ഡിടിഇഎ വാദിച്ചു. കോടതി ഇത് അംഗീകരിച്ചു.

നിശ്ചിത യോഗ്യതയുള്ളവരാണെങ്കിൽ നിയമനം ഡിടിഇഎയ്ക്കു നടത്താമെന്നും ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന് ഇടപെടാനാകില്ലെന്നും കോടതി പറഞ്ഞു. 'സർക്കാർ നല്കുന്ന സാമ്പത്തിക സഹായം എങ്ങനെ ഉപയോഗിക്കണമെന്നതിൽ നിയന്ത്രണങ്ങൾ വരുത്താം. നിയമനകാര്യത്തിൽ ഇടപെടാനാകില്ല:' കോടതി വിശദീകരിച്ചു.

# ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ സൂക്ഷിച്ചിരുന്ന 100 ടൺ സ്വർണം ഇന്ത്യ തിരികെയെത്തിച്ചു

കോട്ടയം: ലണ്ടനിലെ ബാങ്ക് ഓഫ് ഇംഗ്ലണ്ടിന്റെ പക്കലുണ്ടായിരുന്ന ഒരു ലക്ഷം കിലോഗ്രാം (100 ടൺ) സ്വർണം ഇന്ത്യയിലേക്ക് തിരികെ എത്തിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ആർബിഐയുടെ കരുതൽ ശേഖരമായി ഇന്ത്യ ഇംഗ്ലണ്ടിൽ നിക്ഷേപിച്ച സ്വർണമാണിത്. 1991-നുശേഷം രാജ്യത്ത് നടക്കുന്ന വലിയ സ്വർണ നിക്ഷേപ കൈമാറ്റമാണിത്.

മാർച്ചിലാണ് ലണ്ടനിൽനിന്ന് ഇന്ത്യയിലേക്ക് സ്വർണം എത്തിച്ചത്. ധനമന്ത്രാലയം, ആർബിഐ, സർക്കാരിന്റെ വിവിധ ഏജൻസികൾ എന്നിവർ ചേർന്ന് മാസങ്ങൾ നീണ്ടുനിന്ന ആസൂത്രണത്തിനു ശേഷമാണ് പ്രത്യേക വിമാനത്തിൽ സ്വർണം കൊണ്ടുവന്നത്. കനത്ത സുരക്ഷയിൽ എത്തിച്ച സ്വർണം മുംബൈയിലെ ആർബിഐയുടെ പഴയ ഓഫീസ് കെട്ടിടത്തിലും നാഗ്പൂരിലുമാണ് സൂക്ഷിച്ചിട്ടുള്ളത്.

ഔദ്യോഗിക കണക്കുപ്രകാരം ആർബിഐയുടെ പക്കലുള്ള 822.1 ടൺ സ്വർണ്ണത്തിൽ 413.8 ടൺ സ്വർണം വിദേശരാജ്യങ്ങളിലാണ് സൂക്ഷിച്ചിട്ടുള്ളത്. 100.3 ടൺ മാത്രമാണ് ഇന്ത്യയിലെ ലോക്കറുകളിൽ ഉള്ളത്. മറ്റു പല രാജ്യങ്ങളും തങ്ങളുടെ സ്വർണം സൂക്ഷിച്ചിരിക്കുന്നത് ബാങ്ക് ഓഫ് ഇംഗ്ലണ്ടിലാണ്.

രാജ്യത്തിന്റെ സ്വത്ത് എന്ന നിലയിൽ കസ്റ്റംസ് തീരുവ പൂർണമായും ഒഴിവാക്കിയാണ് സ്വർണം എത്തിച്ചത്. എന്നാൽ, ഇറക്കുമതിക്കു നല്കേണ്ട ജിഎസ്ടി ഒഴിവാക്കിയില്ല. ഈ നികുതിവിഹിതം സംസ്ഥാനങ്ങളുമായി കേന്ദ്രം പങ്കുവെക്കുന്നതിനാലാണ് നികുതിയിൽ ഇളവ് നല്കാതിരുന്നത്.

1991-ൽ ചന്ദ്രശേഖർ പ്രധാനമന്ത്രിയായിരുന്ന കാലത്ത് സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് ബാങ്ക് ഓഫ് ഇംഗ്ലണ്ടിനും ബാങ്ക് ഓഫ് ജപ്പാനുമായി ഇന്ത്യ സ്വർണം പണയംവെച്ചിരുന്നു. 46.91 ടൺ സ്വർണം 400 കോടി ഡോളറിനാണ് അന്ന് ആർബിഐ പണയംവെച്ചത്.

15 വർഷം മുൻപ് മൻമോഹൻസിങ് സർക്കാരിന്റെ കാലത്ത് രാജ്യാന്തര നാണയനിധിയിൽനിന്ന് 670 കോടി ഡോളർ മൂല്യമുള്ള 200 ടൺ സ്വർണം ഇന്ത്യ വാങ്ങി. അതിനുശേഷം കഴിഞ്ഞ ഏഴു വർഷമായി ആർബിഐ സ്ഥിരമായി സ്വർണം വാങ്ങുന്നുണ്ട്.വിദേശനാണ്യ മൂല്യം വർദ്ധിപ്പിക്കുക,പണപ്പെരുപ്പം കൊണ്ടുള്ള ആഘാതം ഒഴിവാക്കുക, വിദേശനാണ്യ ഇടപാടുകളിലെ അപകടങ്ങൾ കുറയ്ക്കുക തുടങ്ങിയ ലക്ഷ്യങ്ങളുടെ ഭാഗമായാണ് കേന്ദ്രബാങ്കുകൾ സ്വർണം കരുതൽ ശേഖരമായി വെക്കുന്നത്.



കഴിഞ്ഞ സാമ്പത്തികവർഷം 27.5 ടൺ സ്വർണമാണ് ആർബിഐ വാങ്ങിയത്. 2019-ൽ ഇന്ത്യയുടെ പക്കൽ ഉണ്ടായിരുന്നത് 618.2 ടൺ സ്വർണമായിരുന്നു. 2023-ൽ ഇത് 794.63 ടണ്ണും 2024-ൽ 822.10 ടണ്ണുമായി.

വിദേശത്തെ സ്വർണശേഖരം കൂടിവരുന്ന സാഹചര്യത്തിൽ നല്ലൊരു ഭാഗം ഇന്ത്യയിലേക്ക് മാറ്റാനുള്ള ആർബിഐ തീരുമാനത്തിന്റെ ഭാഗമായാണ് സ്വർണത്തിന്റെ വരവ്. വരും മാസങ്ങളിൽ കൂടുതൽ സ്വർണം എത്തിക്കുമെന്നും ആർബിഐ അറിയിച്ചു.






# JOYALUKKAS UNVEILS NEW SHOWROOM IN DALLAS, USA WITH IRRESISTIBLE OFFERS

Dallas, Texas, USA - May, 2024: Joyalukkas, the renowned global Jewellery brand, proudly held the grand inauguration of its first showroom in Dallas on 26th May. Esteemed dignitaries Ms. Susan Fletcher - County Commissioner, Mr. Tony Singh - Deputy Mayor and Ms. Tammy Meinershagen-Councilwoman, attended the ceremony in the presence of Mr. Joy Alukkas, Chairman of Joyalukkas Group.

Speaking about the new showroom, Mr. Joy Alukkas stated, “Dallas is a very vibrant and exciting city, and we are glad to be here. Our USA footprint is increasing rapidly, and we intend to continue delighting our customers here with bespoke jewelry creations and exciting offers. We have lined up some of the most exciting promotional offers for our jewelry lovers here. I am sure this will double their joy of jewelry shopping.”




**Joyalukkas opened their Brand new showroom in Dallas, USA, and was inaugurated on May 26th, 2024, by Ms. Susan Fletcher - County Commissioner, Mr. Tony Singh - Deputy Mayor and Ms. Tammy Meinershagen-Councilwoman, attended the ceremony in the presence of Mr. Joy Alukkas, Chairman of Joyalukkas Group.**

To mark this landmark event in the brand’s journey, customers can now avail an exclusive promotion at the new showroom. It is a gold rush with free gold coins being given out on jewelry purchases. Customers can bring home a 1 gm gold coin on diamond, polki and pearl jewelry purchases worth USD 2,000 and a 0.2 gm gold coin on gold jewelry purchases worth USD 1,000.

Along with enjoying the latest jewelry collections, customers can also make the most of this limited period promotion. Known for their world-class quality and being a trusted jewelry brand for decades, Joyalukkas continues to excite customers with exclusive offers and unmatched benefits. Visit Joyalukkas Dallas today to make the most of this opportunity and bring home gold and jewelry.

# ആന്റി റേഡിയേഷൻ മിസൈൽ പരീക്ഷണം വൻ വിജയം

ന്യൂഡൽഹി: ഇന്ത്യയുടെ ആന്റി റേഡിയേഷൻ സൂപ്പർസോണിക് മിസൈൽ രുദ്രം-2 പരീക്ഷണം വിജയം. സുഖോയ് 30 എംകെഐ യുദ്ധവിമാനത്തിൽനിന്നാണു മിസൈൽ പരീക്ഷിച്ചത്.

ദൗത്യങ്ങളെല്ലാം വിജയകരമായി പൂർത്തിയാക്കിയതായി ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) അറിയിച്ചു.

പ്രൊപ്പൽഷൻ സിസ്റ്റം, കൺട്രോൾ ആൻഡ് ഗൈഡൻസ് അൽഗോരിതം എന്നിവ സാധൂകരിക്കുന്ന ഫ്ളൈറ്റ് ടെസ്റ്റ് എല്ലാ ലക്ഷ്യങ്ങളും നിറവേറ്റി. ശത്രുക്കളുടെ ഗ്രൗണ്ട് റഡാറുകൾ (നിരീക്ഷണം, ട്രാക്കിങ്), കമ്യൂണിക്കേഷൻ സ്റ്റേഷനുകൾ എന്നിവ ലക്ഷ്യമിട്ട് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യത്തെ ആന്റി റേഡിയേഷൻ മിസൈലാണു രുദ്രം.

ഇന്ത്യയുടെ യുദ്ധവിമാനങ്ങളുടെ നട്ടെല്ലായ സുഖോയ് 30 എംകെഐ നാലു വർഷം മുമ്പ് രുദ്രം മാർക്ക്-1 പതിപ്പ് പരീക്ഷിച്ചിരുന്നു.

നിലവിൽ റഷ്യയുടെ കെഎച്ച് 31 എന്ന ആന്റി റേഡിയേഷൻ മിസൈലാണ് സമാന ദൗത്യങ്ങൾക്ക് ഇന്ത്യ ഉപയോഗിക്കുന്നത്. രുദ്രം മിസൈലുകൾ കെഎച്ച് 31-നു പകരമാകും.

100 കിലോമീറ്ററിലധികം ദൂരപരിധിയിൽനിന്ന് ശത്രുക്കളുടെ റേഡിയോ ഫ്രീക്വൻസികളും റഡാറുകളിൽനിന്നുള്ള സിഗ്നലുകളും പിടിച്ചെടുക്കാൻ രുദ്രം മിസൈലിന് കഴിയും. ലോക്ക് ഓൺ ബിഫോർ/പോസ്റ്റ് ലോഞ്ച് സിസ്റ്റങ്ങളിൽ മിസൈലിനു പ്രവർത്തിക്കാൻ കഴിയും. മിസൈലിന്റെ ആന്തരിക മാർഗ്ഗനിർദേശ സംവിധാനം വിക്ഷേപണത്തിന് ശേഷം ലക്ഷ്യത്തിലേക്ക് സ്വയം നയിക്കാൻ അനുവദിക്കുന്നു.

രുദ്രം-1 പതിപ്പ് 2020-ൽ ഒഡീഷയുടെ കിഴക്കൻ തീരത്ത് സുഖോയിയിൽ നിന്ന് പരീക്ഷിച്ചിരുന്നു. രുദ്രം-1 പതിപ്പിന് രണ്ട് സീക്കറുകൾ ഉണ്ട്. റേഡിയോ ഫ്രീക്വൻസികളുടെ ശ്രേണിയിൽ ലക്ഷ്യങ്ങൾ കണ്ടെത്താനും തരംതിരിക്കാനും കഴിയുന്ന ഒരു ഹോമിങ് ഹെഡ് സീക്കർ, വ്യത്യസ്ത കാലാവസ്ഥയിൽ മിസൈൽ പ്രവർത്തിക്കാൻ സഹായിക്കുന്ന മില്ലിമീറ്റർ വേവ് സീക്കർ എന്നിവയാണവ.

മാർക്ക്-1 പതിപ്പിന് 100-150 കിലോമീറ്റർ പരിധിയുണ്ട്. മാർക്-2ന് ശബ്ദത്തിന്റെ രണ്ടിരട്ടി വേഗത കൈവരിക്കാൻ കഴിയും.



**ഡിആർഡിഒ വികസിപ്പിച്ച രുദ്രം-2 മിസൈൽ പരീക്ഷിച്ചപ്പോൾ**




# നിയമസഭാ തെരഞ്ഞെടുപ്പിൽ അരുണാചലിൽ ബിജെപിക്കും സിക്കിമിൽ എസ്കെഎമ്മിനും ഭരണത്തുടർച്ച

ന്യൂഡൽഹി: ലോക്സഭയ്ക്കൊപ്പം നിയമസഭയിലേക്കും തെരഞ്ഞെടുപ്പു നടന്ന അരുണാചൽ പ്രദേശിൽ നാലിൽ മൂന്നു സീറ്റും നേടി (60 സീറ്റിൽ 46) ബിജെപി ഭരണം നിലനിർത്തി. എന്നാൽ, വലിയ മോഹങ്ങളുമായി തനിച്ചു മത്സരിച്ച സിക്കിമിൽ ബിജെപി തകർന്നടിഞ്ഞു. നേരത്തേ എൻഡിഎയുടെ ഭാഗമായിരുന്ന സിക്കിം ക്രാന്തികാരി മോർച്ച (എസ്കെഎം) ഇവിടെ 32-ൽ 31 സീറ്റും നേടി ഭരണത്തുടർച്ച നേടി.



ഫലം പുറത്തുവന്ന ശേഷം അരുണാചൽ മുഖ്യമന്ത്രി പേമ ഖണ്ഡു ബിജെപി നേതാവ് അശോക് സിംഗാളിനെ ആലിംഗനം ചെയ്യുന്നു.

അരുണാചലിൽ 10 സീറ്റിൽ ബിജെപി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നതിനാൽ ശേഷിച്ച 50 സീറ്റുകളിലേക്കായിരുന്നു വോട്ടെടുപ്പ്. ഇതിൽ 36 സീറ്റും ബിജെപി നേടി. 2019-ൽ 41 സീറ്റാണു നേടിയിരുന്നത്. എതിരില്ലാതെ ജയിച്ച 10 സീറ്റ്കൂടി ചേർക്കുമ്പോൾ ഇത്തവണ ഫലത്തിൽ അഞ്ച് സീറ്റ് അധികം.

മേഘാലയ മുഖ്യമന്ത്രി കോൺറാഡ് സാങ്മയുടെ എൻപിപിക്ക് അഞ്ച് സീറ്റും എൻസിപിക്ക് മൂന്ന് സീറ്റും ലഭിച്ചു. പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ രണ്ട് സീറ്റും സ്വതന്ത്രർ മൂന്ന് സീറ്റും നേടി.

2016-ലെ കൂറുമാറ്റ നാടകത്തിലൂടെ തകർന്നടിഞ്ഞ കോൺഗ്രസിന് ഇക്കുറി ലഭിച്ചത് വെറും ഒരു സീറ്റ്. ബിജെപിയിലേക്കുള്ള കൂറുമാറ്റം തുടർക്കഥയായ ഇവിടെ കഴിഞ്ഞതവണ കോൺഗ്രസിൽനിന്ന് മുൻ മുഖ്യമന്ത്രി നബാം തുകി ഒഴികെ മൂന്ന് പേരും ബിജെപിയിൽ ചേരുകയായിരുന്നു.

# 64.2 കോടി പേർ വോട്ട് ചെയ്തു; ആരോപണങ്ങൾ വേദനിപ്പിച്ചു: തെര. കമ്മീഷൻ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൽ രാജ്യത്ത് 64.2 കോടി വോട്ടർമാർ വോട്ട് ചെയ്തെന്നും ഇത് ലോകറെക്കോർഡാണെന്നും മുഖ്യ തെരഞ്ഞെപ്പ് കമ്മീഷണർ രാജീവ്കുമാർ. വോട്ടെണ്ണലിനു മുന്നോടിയായി നടത്തിയ വാർത്താസമ്മേളനത്തിലാണ് അദ്ദേഹത്തിന്റെ പ്രതികരണം.



വനിതാ പങ്കാളിത്തത്തിലും ഇത്തവണ റെക്കോർഡാണ്. 31.2 കോടി വനിതാ വോട്ടർമാരാണ് വോട്ട് രേഖപ്പെടുത്തിയത്. സംഭവബഹുലമായ തെരഞ്ഞെടുപ്പ്കാലം കഴിഞ്ഞതായും ജനാധിപത്യത്തിൽ പങ്കാളികളായ എല്ലാവരെയും അഭിനന്ദിക്കുന്നതായും എന്നാൽ, ചില ആരോപണങ്ങൾ വേദനിപ്പിച്ചെന്നും രാജീവ്കുമാർ പറഞ്ഞു.

ജമ്മു കശ്മീരിൽ കഴിഞ്ഞ നാല് പതിറ്റാണ്ടിനിടയിലെ ഏറ്റവും ഉയർന്ന പോളിങ്ങാണ് രേഖപ്പെടുത്തിയത്. ജമ്മുകശ്മീർ നിയമസഭാതെരഞ്ഞെടുപ്പിന് സജ്ജമാണ്. മണിപ്പൂരിൽ കാര്യമായ ആക്രമണ സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടില്ല. വലിയ സംഘർഷങ്ങളില്ലാതെയാണ് വോട്ടെടുപ്പ് അവസാനിച്ചത് 1054 കോടി രൂപ, 2198 കോടിയുടെ സൗജന്യ വസ്തുക്കൾ, 868 കോടിയുടെ മദ്യം എന്നിവ പിടിച്ചെടുത്തതായും മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു,

# മറിയാമ്മ തോമസ് ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: തിരുവല്ല പണിക്കരുവീട്ടിൽ പരേതനായ കെ.സി. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (94) ജൂൺ 3-ന് ചിക്കാഗോയിൽ അന്തരിച്ചു. പരേത തിരുവല്ല മണക്കളത്തിൽ കുടുംബാംഗമാണ്.

മക്കൾ: ബാബു - കുഞ്ഞുമറിയാമ്മ (അറ്റ്ലാന്റ), പൊന്നമ്മ - കീവർച്ചൻ (കുന്നന്താനം), രാജൻ - ആലീസ് (ചിക്കാഗോ), മോഹൻ - അശ്വതി (ചിക്കാഗോ), ക്രിസ്റ്റി (ചിക്കാഗോ), ജെസ്സി - സാൻഡി (ചിക്കാഗോ). പരേതയ്ക്ക് 13 കൊച്ചുമക്കളും 9 കുഞ്ഞുമക്കളുമുണ്ട്.

പൊതുദർശനം: ലംബാർഡ് സെന്റ് തോമസ് മർത്തോമ്മ പള്ളിയിൽ (710 N Main St, Lombard) ജൂൺ 5-ന് (ബുധൻ) വൈകുന്നേരം 4 മുതൽ 9 മണിവരെ.

സംസ്കാരം: ജൂൺ 6-ന് (വ്യാഴം) രാവിലെ ലംബാർഡ് സെന്റ് തോമസ് മർത്തോമ്മ പള്ളിയിൽ നടക്കുന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്കു ശേഷം എൽമസ്റ്റിലുള്ള ആർലിംഗ്ടൺ സെമിത്തേരിയിൽ.

# ആന്ധ്രയിൽ ജഗൻ യുഗത്തിന് അന്ത്യം

ഹൈദരാബാദ്: നിയമസഭാ തെരഞ്ഞെടുപ്പു നടന്ന ആന്ധ്രാപ്രദേശിൽ ഭരണകക്ഷിയായ വൈഎസ്ആർ കോൺഗ്രസ് അധികാരത്തിനു പുറത്തേക്ക്.

ചന്ദ്രബാബു നായിഡു നയിക്കുന്ന ടിഡിപിയുടെ നേതൃത്വത്തിൽ എൻഡിഎ മുന്നണി ഇവിടെ അധികാരം ഉറപ്പിച്ചു.

ആകെയുള്ള 175 സീറ്റുകളിൽ 149 സീറ്റുകളിലും എൻഡിഎ സഖ്യമാണ് മുന്നിൽ. ഇതിൽ 125 സീറ്റുകളിൽ ടിഡിപിയും 17 സീറ്റുകളിൽ പവൻ കല്യാണിന്റെ ജനസേനയും ഏഴിടത്ത് ബിജെപിയും ലീഡ് ചെയ്യുന്നു. 20 സീറ്റുകളിൽ മാത്രമാണ് വൈഎസ്ആർ കോൺഗ്രസിന് ലീഡുള്ളത്.

2019-ൽ 151 സീറ്റുകൾ നേടിയാണ് വൈഎസ്ആർ കോൺഗ്രസ് അധികാരത്തിലെത്തിയത്. അന്ന് ടിഡിപിക്ക് 23 സീറ്റും ജനസേനയ്ക്ക് ഒരു സീറ്റും മാത്രമാണ് നേടിയത്.



ഇത്തവണ വൈ.എസ്. രാജശേഖര റെഡ്ഡിയുടെ മകൾ ശർമിളയെ പാർട്ടിയിലെത്തിച്ച് കോൺഗ്രസ് നടത്തിയ പരീക്ഷണം പാളിയെന്ന സൂചനയാണ് ഈ ഘട്ടത്തിൽ ലഭിക്കുന്നത്. നിലവിൽ ഒരു സീറ്റിൽപോലും കോൺഗ്രസിന് ലീഡില്ല.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445





GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE

Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com



ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കേരളത്തിൽ നിന്ന് പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ

## തിരുവനന്തപുരം



ശശി തരൂർ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 15759

## ആറ്റിങ്ങൽ



അടൂർ പ്രകാശ്
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 1708

## കൊല്ലം



എൻ.കെ. പ്രേമചന്ദ്രൻ
(ആർഎസ്പി - യുഡിഎഫ്)
ഭൂരിപക്ഷം: 148685

## പത്തനംതിട്ട



ആന്റോ ആന്റണി
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 66064

## മാവേലിക്കര



കൊടിക്കുന്നിൽ സുരേഷ്
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 9323

## ആലപ്പുഴ



കെ.സി. വേണുഗോപാൽ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 62680

## കോട്ടയം



ഫ്രാൻസിസ് ജോർജ്
(കേരള കോൺഗ്രസ്-യുഡിഎഫ്)
ഭൂരിപക്ഷം: 87464

## ഇടുക്കി



ഡീൻ കുര്യാക്കോസ്
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 133727

## എറണാകുളം




ഹൈബി ഈഡൻ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 250385

## ചാലക്കുടി



ബെന്നി ബഹനാൻ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 6338

## തൃശൂർ



സുരേഷ് ഗോപി
(ബിജെപി - എൻഡിഎ)
ഭൂരിപക്ഷം: 74686

## ആലത്തൂർ



കെ. രാധാകൃഷ്ണൻ
(സിപിഎം - എൽഡിഎഫ്)
ഭൂരിപക്ഷം: 19587

## പാലക്കാട്



വി.കെ. ശ്രീകണ്ഠൻ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 80565

## പൊന്നാനി



എം.പി. അബ്ദുസമദ് സമദാനി
(മുസ്ലിം ലീഗ് - യുഡിഎഫ്)
ഭൂരിപക്ഷം: 234792

## മലപ്പുറം



ഇ.ടി. മുഹമ്മദ് ബഷീർ
(മുസ്ലിം ലീഗ് - യുഡിഎഫ്)
ഭൂരിപക്ഷം: 300118

## കോഴിക്കോട്



എം.കെ. രാഘവൻ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 145834

## വയനാട്



രാഹുൽ ഗാന്ധി
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 364422

## വടകര



ഷാഫി പറമ്പിൽ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 114911

## കണ്ണൂർ



കെ. സുധാകരൻ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 112421

## കാസർഗോഡ്



രാജ്മോഹൻ ഉണ്ണിത്താൻ
(കോൺഗ്രസ് - യുഡിഎഫ്)
ഭൂരിപക്ഷം: 84780

# ഫാ. സേവ്യർഖാൻ വട്ടായിൽ ചിക്കാഗോയിൽ

ജേക്കബ് തോമസ്

ചിക്കാഗോ: ബെൽവുഡിലുള്ള മാർ തോമാശ്ലീഹാ കത്തീഡ്രലിൽ കുടുംബനവീകരണ ധ്യാനം ജൂൺ 13 മുതൽ 16 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നതാണെന്ന് വികാരി ഫാ. തോമസ് കടുകപ്പിള്ളിൽ അറിയിച്ചു. പ്രസ്തുത ധ്യാനത്തിന് നേതൃത്വം നല്കുന്നത് പ്രശസ്ത ധ്യാനഗുരുവായ ഫാ. സേവ്യർഖാൻ വട്ടായിൽ ആണ്. ആണ്ടുതോറും നടത്തപ്പെടുന്ന കുടുംബനവീകരണ കൺവൻഷനിലൂടെ അനേകം വിശ്വാസികൾ അനുഗ്രഹം പ്രാപിച്ചുവരുന്നു.




പ്രശസ്ത വചനപ്രഘോഷകനും സെഹിയോൻ അഭിഷേകാഗ്നി മിനിസ്ട്രി, പ്രീച്ചേഴ്സ് ഓഫ് ഡിവൈൻ മേഴ്സി, അഭിഷേകാഗ്നി മിനിസ്ട്രി, അഭിഷേകാഗ്നി സിസ്റ്റേഴ്സ് സന്യാസ പൗരസ്ത്യസഭ എന്നിവയുടെ സ്ഥാപകനുമായ ഫാ. സേവ്യർഖാൻ വട്ടായിലിന്റെ വചനപ്രഘോഷണം ശ്രവിക്കാനുള്ള ഒരു മികച്ച അവസരമാണിത്.

ഐനിഷ് ഫിലിപ്പിന്റെ (എഎഫ്സിവൈഎം) നേതൃത്വത്തിലുള്ള ഇംഗ്ലീഷ് ധ്യാനം മുതിർന്നവർക്കും യുവജനങ്ങൾക്കും കുട്ടികൾക്കുമായി ക്രമീകരിച്ചിരിക്കുന്നു. ധ്യാനത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരം ലഭിക്കുന്നതായിരിക്കും.

ജൂൺ 13, 14 തീയതികളിൽ വൈകുന്നേരം 5 മുതൽ 9 വരെയും ജൂൺ 15, 16 തീയതികളിൽ വൈകുന്നേരം 4 മുതൽ 9 വരെയുമാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

വികാരി ജനറലും കത്തീഡ്രൽ വികാരിയുമായ ഫാ. തോമസ് കടുകപ്പിള്ളിലിന്റെയും അസി. വികാരി ഫാ. ജോയൽ പയസിന്റെയും കൈക്കാരന്മാരുടെയും കോ-ഓർഡിനേറ്റർമാരുടെയും നേതൃത്വത്തിൽ ധ്യാനത്തിന്റെ വിജയത്തിനായി പ്രാർത്ഥനയോടെ അക്ഷീണം പ്രയത്നിച്ചുവരുന്നു. വചനപ്രഘോഷണം കേൾക്കാനും അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുമായി പ്രാർത്ഥനയോടെ ഈ ആത്മീയ വിരുന്നിലേക്ക് ഏവരെയും സാദരം ക്ഷണിക്കുന്നതായി ഫാ. തോമസ് കടുകപ്പിള്ളി, ഫാ. ജോയൽ പയസ് എന്നിവർ അറിയിച്ചു.

മഞ്ജുളചിന്തകൾ

# പഴി അല്ല വഴി


പാസ്റ്റർ ജോൺസൺ സഖറിയ

പഴിചാരൽ എന്ന പ്രയോഗം നമുക്കേവർക്കും ഒട്ടും അപരിചിതമല്ലല്ലോ. വന്നുപോയ തെറ്റ് സമ്മതിക്കുവാൻ മനസ്സുണ്ടായാൽ അങ്ങനെയുള്ളവർക്ക് മറ്റൊരുവന്റെ മേൽ കുറ്റാരോപണം നടത്തി സ്വയം നീതിമാനായി പ്രഖ്യാപനം നടത്തുവാൻ സാധിക്കുകയില്ല. സ്വന്തം തെറ്റുകളെ സമ്മതിക്കുവാൻ മനസ്സില്ലെങ്കിലോ അങ്ങനെയുള്ളവർ മറ്റുള്ളവരുടെമേൽ പഴിചാരും എന്നും 'പരീശവേഷത്തിൽ' വിഹരിക്കുന്നത് നമുക്ക് കാണാം. അന്യോന്യമുള്ള പഴിചാരൽ കുടുംബത്തിലും കൂട്ടായ്മയിലും കോടതിയിലും അങ്ങനെ എല്ലായിടങ്ങളിലും നാം കാണുന്നില്ലേ? പഴി പറയുവാൻ അധികം പേരൊന്നും ആവശ്യമില്ല. മിനിമം രണ്ടുപേരു മതി. ഇതിന്റെയും ആരംഭം ആദ്യ കുടുംബത്തിൽ തന്നെയാണ്. വൃക്ഷങ്ങൾക്കിടയിൽ ഒളിച്ചിരിക്കുന്ന ആദം-ഹവ്വാ ദമ്പതികളോട് ദൈവത്തിന്റെ ചോദ്യം "തിന്നരുതെന്നു ഞാൻ നിന്നോട് കല്പിച്ച വൃക്ഷഫലം നീ തിന്നുവോ?" ഒരു വാക്കുകൊണ്ട് മറുപടി പറയുവാൻ കഴിയുന്ന ചോദ്യത്തിന് ഒരു നീണ്ട വാചകം ഉപയോഗിക്കുമ്പോഴേ അറിഞ്ഞുകൊള്ളൂ പഴിപറച്ചിൽ തുടങ്ങിയെന്ന്.

ആദാമിന്റെ മറുപടി: "നീ എന്നോട് കൂടെ ഇരിപ്പാൻ തന്ന സ്ത്രീ തന്നു, ഞാൻ തിന്നു." ഇവിടെ കുറ്റക്കാരൻ ദൈവം.

ഹവ്വായുടെ മറുപടി: "പാമ്പ് എന്നെ വഞ്ചിച്ചു. ഞാൻ ഞാൻ തിന്നു." എന്തിനാ ഈ പാമ്പിനെ ഉണ്ടാക്കിയത് എന്ന ചോദ്യം പ്രസക്തമായിരിക്കുന്നു.

അന്ന് തുടങ്ങിയ പഴിചാരൽ ഇന്നും എങ്ങും തുടർന്നുകൊണ്ടിരിക്കുന്നതിനാൽ നിസ്സാര പ്രശ്നങ്ങൾ പോലും പരിഹരിക്കപ്പെടുകയല്ല. പകരം കാട്ടുതീ പോലെ പടർന്ന് ആളിക്കത്തുകയാണ്. പഴിയും പരിഹാസ്സവും ചിലർക്ക് ആനന്ദകരമായ വിനോദമാണ്. മറ്റുള്ളവരുടെ വേദനയിൽപ്പോലും അവർ ആനന്ദം കണ്ടെത്തുന്നു. ആരെയും സംശയത്തോടെ വീക്ഷിക്കുന്ന ചിലരെ കണ്ടിട്ടില്ലേ? അവർക്ക് പഴിയും പരിഹാസ്സവും ചൊരിയുവാൻ ഒരു പ്രത്യേക ഊർജ്ജം തന്നെയുണ്ട്. ഭവിഷ്യത്തുകളെക്കുറിച്ച് അശേഷം ചിന്തകൾ പോലുമില്ല.

ഒരുകാലത്ത് സമാധാനകാംക്ഷികൾ നമ്മുടെ സമൂഹത്തിൽ വളരെയുണ്ടായിരുന്നു. അവരിൽ പലരും എന്തും സഹിക്കുവാൻ പോലും സന്നദ്ധരായിരുന്നു. ഇന്നാകട്ടെ സ്വാർത്ഥതയുടെ പെരുപ്പവും പെരുമാറ്റവും കുടുംബങ്ങളെപ്പോലും യുദ്ധഭൂമിയായി മാറ്റിക്കഴിഞ്ഞു. അധികാരം കൈയിലുള്ളവർ പോലും ഇതികർത്തവ്യതാമൂഢരായി തീർന്നതിനാൽ സംയമനം നഷ്ടപ്പെട്ട സംഘങ്ങൾ, സംഘട്ടനങ്ങൾ പെരുക്കുകയും പഴിയും പരിഹാസവും വാരിച്ചൊരിയുവാൻ സന്നദ്ധരും ആയിരിക്കുന്നു. ആകയാൽ ഈ ലോകംതന്നെ അപകടങ്ങളുടെ അതിരിങ്കൽ എത്തിനിൽക്കുകയാണ്. കാല്പ്പാദമൊന്ന് ഇടറിയാൽ അഗാധ ഗർത്തത്തിൽ തന്നെ! ആരും ഗണ്യമാക്കുന്നതുമില്ല. കുറ്റവാളികളുടെ അവകാശവാദം, നിരപരാധി എന്റെ അടുക്കൽ വന്ന് എന്നോട് ക്ഷമ ചോദിക്കട്ടെ എന്നുംകൂടിയാകുമ്പോൾ ആർക്കും ഒന്നും ചെയ്യുവാൻ കഴിയാതെ എല്ലാവരും വേദിവിട്ടിറങ്ങുന്നു.

പരിഹാരം പഴിപറച്ചിൽ നിർത്തുകയെന്നതാണ്. സ്വന്ത തെറ്റുകളുടെ മുൻപിൽ ഒരു അനുതാപ ഹൃദയമാണ് ഉണ്ടാകേണ്ടത്. പകരം 'ഇരുട്ടുകൊണ്ട് ഓട്ട (ദ്വാരം) അടയ്ക്കുവാൻ' ശ്രമിച്ചാൽ വെളിച്ചത്തിനു മുന്നിൽ എല്ലാം വിഷ്ഫലമായിപ്പോകും. പ്രഭാതഭക്ഷണത്തിനു രുചികരമായ മുട്ടക്കറിയും പാലപ്പവും ക്രമപ്പെടുത്തിയനന്തരം തീൻമേശയിലെ പഴിചാരൽ അസ്സഹനീയമായതിനാൽ മറ്റൊന്നും കിട്ടാത്തതിനാൽ മുട്ടകൾ കൊണ്ടുള്ള തമ്മിലേറ് കണ്ണുകൾക്ക് ക്ഷതമേല്പിച്ചു എന്ന വാർത്തയുടെ നിജസ്ഥിതി അറിയുന്നതുകൊണ്ടും നമുക്ക് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ലല്ലോ. കൂടുമ്പോൾ ഇമ്പമാകേണ്ട കുടുംബത്തിലെ ഭൂകമ്പങ്ങൾ ഒന്ന് അവസാനിപ്പിക്കുവാൻ ഐക്യരാഷ്ട്രസഭയുടെ ആലോചനകളൊന്നും അത്യാവശ്യമില്ല. പകരം പഴിപറച്ചിൽ അവസാനിപ്പിച്ചാൽ മതിയാകും. ആരാധനാസ്ഥലങ്ങളിലെ പഴിപറച്ചിൽ ഒന്ന് അവസാനിപ്പിച്ച്, അനന്തരം സ്വന്തം തെറ്റുകളെ ഓർത്ത് നിരപ്പ് പ്രാപിക്കൂ. ദൈവമുഖം അങ്ങനെയുള്ളവർക്ക് ദർശിക്കുവാൻ തന്നെ കഴിയും. ആകയാൽ പഴി അല്ല വഴി എന്നറിഞ്ഞു വഴിയേ വരിക!

# അനധികൃത ആരാധനാലയങ്ങൾ പൊളിച്ചുനീക്കണമെന്നു കോടതി

കൊച്ചി: പൊതുസ്ഥലം ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ അനധികൃത ആരാധനാലയങ്ങൾ പൊളിച്ചു നീക്കണമെന്ന് ഹൈക്കോടതി. ഇത്തരം നിർമ്മാണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി നടപടിയെടുക്കാൻ ചീഫ് സെക്രട്ടറി നടപടി സ്വീകരിക്കണം.

സർക്കാർ ഭൂമിയിൽ മതപരമായ എന്തെങ്കിലും സ്ഥാപിച്ചിട്ടുണ്ടോയെന്നു വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും വഴി അന്വേഷണത്തിന് കളക്ടർമാർക്ക് ചീഫ് സെക്രട്ടറി നിർദേശം നല്കണം. ആറു മാസത്തിനകം അന്വേഷണം പൂർത്തിയാക്കിയശേഷം അനധികൃതമായി കണ്ടെത്തിയവ കളക്ടർമാർ ഒഴിപ്പിക്കണം.

പൊതുജനങ്ങൾക്കും കളക്ടറെ വിവരമറിയിക്കാം. സാമുദായിക സൗഹാർദം സംരക്ഷിക്കാൻ ഇത് അനിവാര്യമാണെന്ന് വിലയിരുത്തിയാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ ഉത്തരവ്. നടപടി റിപ്പോർട്ട് ഒരു വർഷത്തിനകം നല്കാനും കോടതി ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

പ്ലാന്റേഷൻ ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള അനധികൃത ആരാധനാലയങ്ങൾ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് പ്ലാന്റേഷൻ കോർപറേഷൻ ഓഫ് കേരള ലിമിറ്റഡ് നല്കിയ ഹർജിയാണ് കോടതി പരിഗണിച്ചത്.

പ്ലാന്റേഷന്റെ ഭാഗമായ ചന്ദനപ്പള്ളി, മൊട്ടപ്പാറ, ചന്ദന തടിക്കൽ എന്നിവിടങ്ങളിൽ പ്ലാന്റേഷൻ തൊഴിലാളികൾക്ക് പ്രാർത്ഥന നടത്താൻ ക്ഷേത്രങ്ങൾ നിർമ്മിച്ചിരിക്കുന്നതായി ഹർജിയിൽ പറയുന്നു.

ഇതു പിന്നീട് വിപുലപ്പെടുത്താനുള്ള ചില തത്പര കക്ഷികളുടെ ശ്രമം ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ചൂണ്ടിക്കാട്ടിയാണ് ഹർജി. സർക്കാർ ഭൂമി അനധികൃതമായി കൈയേറുന്നത് ഭൂസംരക്ഷണ നിയമംമൂലം വിലക്കിയിട്ടുള്ളതാണ്.

# മാർത്തോമ്മ ഇടവക വികാരി റവ. ബിജോയ് എം. ജോണിന് യാത്രയയപ്പ് നല്കി

മനു തുരുത്തിക്കാടൻ

ചാറ്റ്സ്വർത്ത്: ലോസാഞ്ചലസ് സെ. ആൻഡ്രൂസ് മാർത്തോമ്മാ ഇടവകയുടെ അഞ്ചാമത് വികാരിയായി മൂന്നുവർഷം സേവനമനുഷ്ഠിച്ച റവ. ബിജോയ് എം. ജോണിനും കുടുംബത്തിനും ഇടവക യാത്രയയപ്പ് നല്കി. വൈസ് പ്രസിഡണ്ട് ജോർജ് മാത്യു മാലയിലെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി എഡ്വിൻ രാജൻ സ്വാഗതം പറഞ്ഞു. ഇടവകയുടെ ഭദ്രാസന കൗൺസിൽ അംഗം ഈശോസാം ഉമ്മൻ, സഭാമണ്ഡലം പ്രതിനിധി മനു വർഗീസ് എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് മറിയാമ്മ ഈപ്പൻ, സിജു വർഗീസ്, ഏലിയാമ്മ മാത്യു, ബിജു വർഗീസ്, മാത്യു സക്കറിയ ജോൺസൺ എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റിമാരായ ഫിലിപ്പ് ഏബ്രഹാം, ലിസ്സി ജോൺസൺ എന്നിവർ ഇടവകയുടെ ഉപഹാരം കൈമാറുകയും ചെയ്തു. ദീപു മാത്യു, രാജൻ മത്തായി പൂയപ്പള്ളി എന്നിവർ ദൃശ്യങ്ങൾ പകർത്തി. ഇടവക അത്മായ ശുശ്രൂഷകൻ തോമസ് മാത്യു പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. സ്നേഹവിരുന്നോടു കൂടി പരിപാടികൾ സമാപിച്ചു. ഇടവകയുടെ പുതിയ വികാരിയായി റവ. തോമസ് ബി ചുമതലയേറ്റു.






TRISTATE KERALA FORUM
TRISTATE KERALA FORUM · PHILADELPHIA
"ആരവം 2K24"
August 31st Saturday, 2K24 @ 12:00 PM
VENUE :
SYRO MALABAR CHURCH AUDITORIUM,
608 WELSH RD, PHILADELPHIA, P A - 19115
Participants wanted for Megathiruvathira and Stage performances!!
For more information please contact:
Abhilash john
Chairman
267 701 3623
Binu Mathew
General Secretary
267 893 9571
Philipose cherian
Treasurer
215 605 7310
Joby George
Onam Chairman
215 470 2400
Vincent Emmanuel
Program Coordinator
215 880 3341
Asha Augustin
Vice Chairperson
267 844 8503

# കെ.സി.സി.എൻ.എ നാഷണൽ ഫാമിലി കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായി

ബൈജു ആലപ്പാട്ട്

ഡാളസ്: 15-ാമത് ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെ.സി.സി.എൻ.എ) നാഷണൽ കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു. ക്നാനായ കാത്തലിക് സൊസൈറ്റി ഓഫ് സാൻ അന്റോണിയോ (കെസിഎസ്എസ്എ) ആതിഥേയത്വം വഹിക്കുന്ന ഇത്തവണത്തെ കൺവൻഷൻ ജൂലൈ 4, 5, 6, 7 തീയതികളിൽ ലോകപ്രശസ്തമായ സാൻ അന്റോണിയോയിലെ റിവർ വാക്കിനോട് ചേർന്നു സ്ഥിതിചെയ്യുന്ന ഹെൻട്രി ബി. ഗോൺസാലസ് കൺവൻഷൻ സെന്ററിലാണ് നടത്തപ്പെടുന്നത്.

സ്വന്തം ജനത്തോടുള്ള ആത്മബന്ധത്തിന്റെ അടങ്ങാത്ത കടലിരമ്പങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ ഒരു വട്ടം കൂടി ഒരുമിക്കുന്ന വടക്കെ അമേരിക്കയിലെ ക്നാനായ സ്നേഹസംഗമത്തിന് ഇനി വെറും 30 സൂര്യോദയങ്ങൾ മാത്രം. സിരകളിലൊഴുകുന്ന സമുദായ സ്നേഹവുമായി തിരക്കുകളെല്ലാം മാറ്റിവെച്ച് സംഘടനയ്ക്കുവേണ്ടി, സമുദായത്തിനു വേണ്ടി ദൂരപരിധികൾ വകവെക്കാതെ ഒഴുകിയെത്തുന്ന ഒരൊറ്റ ജനത-ക്നാനായ ജനത.

ഇത്തവണത്തെ കൺവൻഷന്റെ തീം 'ഒരുമയിൽ തനിമയിൽ വിശ്വാസ നിറവിൽ' എന്നതാണ്. ഈ കാലഘട്ടത്തിൽ വളരെയധികം പ്രതിസന്ധികളിലൂടെയും വെല്ലുവിളികളിലൂടെയും കടന്നുപോകുമ്പോഴും തങ്ങളുടെ പൂർവികർ സംരക്ഷിച്ചു പകർന്നു നല്കിയ ക്നാനായത്വം എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്നും അത് പുതുതലമുറയിലേക്ക് പകർന്നു നല്കുമെന്നും ദൃഢമായി പ്രഖ്യാപിച്ചുകൊണ്ട് പ്രസിഡണ്ട് ഷാജി എടാട്ടിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയോടൊപ്പം വിവിധ മേഖലകളിലായി മുപ്പത്തിയഞ്ചിൽപ്പരം കൺവൻഷൻ കമ്മിറ്റികൾ കൺവൻഷന്റെ വിജയത്തിനായി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ആതിഥേയ യൂണിറ്റായ സാൻ അന്റോണിയോയിൽ നിന്നുള്ള ജെറിൻ കുര്യൻ പടപ്പമാക്കിലാണ് കൺവൻഷൻ ചെയർപേഴ്സൺ. അമേരിക്കയിൽ നിന്നും കാനഡയിൽ നിന്നുമുള്ള 20 യൂണിറ്റുകളിൽ നിന്നും അംഗസംഘടനകളിൽ നിന്നുമായി 900-ത്തോളം രജിസ്ട്രേഷനുകൾ ലഭിച്ചിട്ടുണ്ട്. രജിസ്ട്രേഷനുകൾ ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ജൂൺ ആദ്യവാരത്തോടെ രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ ആയിരത്തിനു മുകളിൽ രജിസ്ട്രേഷൻ (നാലായിരത്തോളം അംഗങ്ങൾ) ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൺവൻഷനിൽ രജിസ്റ്റർ ചെയ്ത എല്ലാ ക്നാനായ മക്കൾക്കും കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മിറ്റി നന്ദി രേഖപ്പെടുത്തി. അതോടൊപ്പം ഇതിനായി സഹകരിച്ച എല്ലാ യൂണിറ്റ് അംഗസംഘടനാ ഭാരവാഹികളെയും കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മിറ്റി അഭിനന്ദിച്ചു.

കൺവൻഷനിൽ പങ്കെടുക്കുന്ന എല്ലാ പ്രായത്തിലുള്ളവർക്കുമായി അവരുടെ അഭിരുചിക്കനുസൃതമായ മനോഹരമായ പരിപാടികൾ അവതരിപ്പിക്കും. അഭൂതപൂർവമായ യുവജന പങ്കാളിത്തംകൊണ്ട് ഇത്തവണത്തെ കൺവൻഷൻ ശ്രദ്ധയാകർഷിക്കുവാൻ പോകുകയാണ്. ഇത്തവണ ആയിരത്തോളം യുവജനങ്ങൾ ഇതുവരെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നമ്മുടെ യുവജനങ്ങൾക്ക് അടുത്തിടപഴകാനും നമ്മുടെ ക്നാനായത്തനിമയും ഒരുമയും സാഹോദര്യവും അടുത്തറിയുവാനും അനുഭവിക്കാനും ഉതകുന്ന ഈ സുവർണ്ണാവസരം ഉപയോഗിക്കാൻ ക്നാനായ മാതാപിതാക്കൾ തങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കണമെന്ന് കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റി അഭ്യർത്ഥിച്ചു. 33 വയസ് പിന്നിട്ട അവിവാഹിതരായ യുവജനങ്ങൾക്കായി ഇത്തവണ പ്രത്യേകമായ പ്രോഗ്രാമുകൾ അണിയറയിൽ ഒരുങ്ങുന്നു.


യൂണിറ്റുകൾ തിരിഞ്ഞുള്ള കലാ-കായിക മത്സരങ്ങൾ, വിനോദപരിപാടികൾ, കൺവൻഷൻ റാലി, പ്രബന്ധങ്ങൾ, പ്രമേയങ്ങൾ, മെഗാ ചെണ്ടമേളം, പൂർവ്വികരെ ആദരിക്കൽ, യുവജനങ്ങൾക്കുള്ള പ്രത്യേക എന്റർടൈൻമെന്റ് പ്രോഗ്രാമുകൾ തുടങ്ങി നിരവധി വർണ്ണാഭങ്ങളായ പരിപാടികളാണ് അണിയറയിൽ ഒരുങ്ങുന്നത്. വിശദമായ പ്രോഗ്രാം ഷെഡ്യൂൾ ഈ മാസം പകുതിയോടെ പ്രസിദ്ധീകരിക്കും.

കൺവൻഷന്റെ തിരശ്ശീല ഉയരുന്ന ജൂലൈ 4-ന് രാത്രി 9-ന് എന്റർടൈൻമെന്റ് കമ്മിറ്റി ഒരുക്കുന്ന പ്രശസ്ത ഗായിക റിമി ടോമിയും സംഘവും അവതരിപ്പിക്കുന്ന റിമി ടോമി ലൈവ് മെഗാ ഷോ 'മ്യൂസിക്കൽ കോമഡി നൈറ്റ്' കൺവൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ്.

കൺവൻഷന്റെ രണ്ടാംദിനം ജൂലൈ 5-ന് രാവിലെ 9 മണിക്ക് 20 യൂണിറ്റുകൾ പങ്കെടുക്കുന്ന വർണ്ണശബളമായ ഘോഷയാത്ര നടക്കും. കെ.സി.സി.എൻ.എ ദേശീയ കൺവൻഷനെ വർണ്ണവിസ്മയംകൊണ്ട് അലങ്കരിക്കുന്ന ഘോഷയാത്രയായിരിക്കും ഇത്തവണ നടത്തുക. കാനാനായ കൂട്ടായ്മയുടെ പാരമ്പര്യവും പൈതൃകവും ഒപ്പം ജന്മനാടിന്റെ എല്ലാ ആവേശവും നെഞ്ചിലേറ്റിയാകും ഘോഷയാത്ര അണിനിരക്കുകയെന്ന് പ്രൊസഷൻ കമ്മിറ്റി അറിയിച്ചു.

ക്നാനായ മന്ന & മങ്ക കോമ്പറ്റീഷൻസും യൂണിറ്റുതല കലാപരിപാടികൾ എന്നിവയും അന്നേദിവസം അരങ്ങേറും. കൂടാതെ വിവിധ യൂത്ത് പ്രോഗ്രാമുകളും പ്രശസ്ത സ്റ്റാൻഡ് അപ്പ് കോമേഡിയന്റെ പെർഫോമൻസും നടക്കും.

മൂന്നാം ദിവസം ജൂലൈ 6-ന് സ്പോർട്സ് മത്സരങ്ങൾ, സെമിനാറുകൾ, പാനൽ ഡിസ്കഷൻസ്, യൂണിറ്റ് കലാപരിപാടികൾ മത്സരങ്ങൾ കെസിവൈഎൽഎൻഎ അവതരിപ്പിക്കുന്ന മിസ്റ്റർ & മിസ്സിസ് ക്നാ/ബാറ്റിൽ ഓഫ് സിറ്റീസ്, വിവിധങ്ങളായ ഔട്ട്ഡോർ യൂത്ത് (ശേഷം അടുത്ത പേജിൽ)


ഷാജി എടാട്ട്
പ്രസിഡണ്ട്


ജിപ്സൺ പുറയമ്പള്ളിയിൽ
എക്സി. വൈസ് പ്രസിഡണ്ട്


അജീഷ് പോത്തൻ താമരത്ത്
ജനറൽ സെക്രട്ടറി


ജോബിൻ കക്കാട്ടിൽ
ജോ. സെക്രട്ടറി


സാമോൻ പല്ലാട്ടുമഠം
ട്രഷറർ


ഫിനു തൂമ്പനാൽ
വൈസ് പ്രസിഡണ്ട്


നവോമി മരിയ മാന്തുരുത്തിയിൽ
ജോയിന്റ് ട്രഷറർ

# നോർത്ത് അമേരിക്കൻ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡുകൾ പ്രഖ്യാപിച്ചു

നിബു വെള്ളവന്താനം

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലും കാനഡയിലുമുള്ള മലയാളി പെന്തെക്കോസ്ത് വിശ്വാസികളായ പുതിയ എഴുത്തുകാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സാഹിത്യ രചനാ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. പുസ്തക വിഭാഗത്തിൽ അഷേർ കെ. മാത്യു കാനഡ പുറത്തിറക്കിയ 'വിശുദ്ധന്റെ സന്തതികൾ' എന്ന ഗ്രന്ഥവും എബി ജേക്കബ് ഹൂസ്റ്റൺ എഴുതിയ 'ഹു ഈസ് വൈസ് ഇനഫ് ടു അണ്ടർസ്റ്റാൻഡ്' (Who is wise enough to understand) എന്ന പുസ്തകവും 2024-ലെ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡിന് അർഹത നേടി. സാം സഖറിയ ഈപ്പൻ ഫ്ളോറിഡ എഴുതിയ 'ചാവാറായ ശേഷിപ്പുകൾ' മലയാളം ലേഖനം വിഭാഗത്തിലും ജോസഫ് കുര്യൻ ഹൂസ്റ്റൺ എഴുതിയ 'ഹി എലോൺ ഈസ് വർത്തി' (He alone is worthy) എന്ന ലേഖനവും ജാസ്മിൻ ജേക്കബ് ഡാളസ് എഴുതിയ 'Such a time as this Knowing God's heart' എന്ന ലേഖനം ഇംഗ്ലീഷ് വിഭാഗത്തിലും അവാർഡുകൾ നേടി.

രാഗി ഷിജു ഫ്ളോറിഡ എഴുതിയ 'ശീമോന്റെ പടവ്' മലയാളം കവിതാ വിഭാഗത്തിലും അബിഗേൽ ആൻ ഷിബു ഒഹായോ എഴുതിയ 'The secret place' ഇംഗ്ലീഷ് വിഭാഗത്തിലും പുരസ്കാരത്തിന് അർഹതനേടി. റെനി മറ്റത്തിൽ ഡാളസ് എഴുതിയ 'വെളുത്ത ലില്ലിപ്പൂക്കൾ' മലയാളം ചെറുകഥാ വിഭാഗത്തിലും പുരസ്കാരം നേടി. ക്രിസ്തീയ ദൃശ്യാവിഷ്കാര മേഖലയിലെ സംഭാവനകളെ വിലയിരുത്തി ഡോ. മനു ചാക്കോ ഹൂസ്റ്റൺ രചനയും സംവിധാനവും നിർവഹിച്ച 'മഴമേഘങ്ങൾ' എന്ന ക്രിസ്ത്യൻഡ്രാമയ്ക്ക് സ്പെഷൽ ജൂറി പുരസ്കാരവും ലഭിച്ചു.

ജൂലൈ 4 മുതൽ 7 വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവൻഷൻ സെന്റർ സമുച്ചയത്തിൽ നടക്കുന്ന 39-ാമത് മലയാളി പെന്തെക്കോസ്ത് കോൺഫറൻസിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കെ.പി.ഡബ്ല്യു.എഫ് പ്രത്യേക സമ്മേളനത്തിൽ വെച്ച് അവാർഡ് ജേതാക്കൾക്ക് പുരസ്കാരങ്ങൾ വിതരണം ചെയ്യും. ക്രൈസ്തവ സാഹിത്യ മേഖലയിൽ വിവിധ നിലകളിൽ തികഞ്ഞ പ്രാവീണ്യം നേടിയിട്ടുള്ള സജി മത്തായി കാതേട്ട്, പാസ്റ്റർ സാംകുട്ടി മാത്യു, സിസ്റ്റർ സൂസൻ ബി. ജോൺ, പ്രൊഫ. സ്മിതാ ചാക്കോ, പാസ്റ്റർ മനു ഫിലിപ്പ് എന്നിവരാണ് വിവിധ മത്സരങ്ങളിൽ വിധിനിർണ്ണയം നടത്തിയത്. വടക്കെ അമേരിക്കയിൽ കുടിയേറിപ്പാർത്ത മലയാളി പെന്തെക്കോസ്ത് വിശ്വാസികളായ എഴുത്തുകാരുടെ ഐക്യസംഘടനയാണ് നോർത്തമേരിക്കൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം.

രാജൻ ആര്യപ്പള്ളിൽ പ്രസിഡണ്ട്, സാം മാത്യു വൈസ് പ്രസിഡണ്ട്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ. സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറർ, ഡോ. ഷൈനി സാം ലേഡീസ് കോ-ഓർഡിനേറ്റർ, വെസ്ളി മാത്യു മീഡിയ കോ-ഓർഡിനേറ്റർ എന്നിവരാണ് കെ.പി.ഡബ്ല്യു.എഫ്. ദേശീയ നേതാക്കൾ.


ആഷർ മാത്യു


എബി ജേക്കബ്


സാം ഈപ്പൻ


ജോസഫ് കുര്യൻ


ഡോ. മനു ചാക്കോ


ജാസ്മിൻ ജേക്കബ്


രാഗി ഷിജു


അബിഗേൽ ഷിബു


റെനി മറ്റത്തിൽ

# മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് ചിക്കാഗോ രൂപതയിൽ വരവേല്പ് നല്കുന്നു

ചിക്കാഗോ: സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റതിനുശേഷം ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ പ്രത്യേക ക്ഷണപ്രകാരം രൂപതാ സന്ദർശനത്തിനെത്തുന്ന സീറോമലബാർ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് ചിക്കാഗോ രൂപതയുടെ


ജോർജ് അമ്പാട്ട്

മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഒത്തുചേർന്ന് ഊഷ്മളമായ വരവേല്പ് നല്കുന്നു.


ജൂലൈ ആറാം തീയതി ശനിയാഴ്ച രാവിലെ 10-ന് മാർതോമാശ്ലീഹാ കത്തീഡ്രൽ അങ്കണത്തിൽ എത്തുന്ന മേജർ ആർച്ച്ബിഷപ്പിനെ താലപ്പൊലിയുടെയും ചെണ്ടമേളത്തിന്റെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ ദേവാലയാങ്കണത്തിലേക്ക് സ്വീകരിച്ച് ആനയിക്കുന്നതായിരിക്കും.

തുടർന്ന് 10.30-ന് അഭിവന്ദ്യ പിതാക്കന്മാരും വൈദികരും ചേർന്ന് ആഘോഷമായ സമൂഹബലി അർപ്പിക്കുന്നതാണ്. ദിവ്യബലിക്കുശേഷം അനുമോദന യോഗവും സ്നേഹവിരുന്നും ഉണ്ടായിരിക്കും.

സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റതിനുശേഷം ആദ്യമായി ചിക്കാഗോ രൂപതാ സന്ദർശനത്തിനെത്തുന്ന അഭിവന്ദ്യ മാർ റാഫേൽ പിതാവിന്റെ സ്വീകരണച്ചടങ്ങിലേക്ക് രൂപതയിലെ എല്ലാ സഭാതനയരെയും (വൈദികർ, സമർപ്പിതർ, ഇടവക കൈക്കാരന്മാർ, രൂപതാ പാസ്റ്റർ കൗൺസിൽ അംഗങ്ങൾ, അല്മായർ) സ്നേഹപൂർവം ക്ഷണിക്കുന്നതായി രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടും രൂപതാ കൂരിയാ അംഗങ്ങളും ആലോചനാ സംഘവും അറിയിച്ചു. എല്ലാ ദൈവമക്കളും ഭക്തിപൂർവം ഈ പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് സവിനയം രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് അഭ്യർത്ഥിക്കുന്നു.



മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ



ബിഷപ് മാർ ജോയി ആലപ്പാട്ട്

# അമ്മമേളത്തിൻ ഉത്സവമായി ബെൻസൻവിൽ ഇടവക തിരുനാൾ





ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ഫൊറോന ദേവാലയത്തിലെ പ്രഥമ തിരുനാളിന് വിമൻസ് മിനിസ്ട്രിയുടെ അമ്മമേളം തരംഗമായി. സാബു ഇലവുങ്കൽ പരിശീലനം നല്കിയ അമ്മമാരുടെ അരങ്ങേറ്റവും പ്രകടനവും എല്ലാവരെയും അത്ഭുതപ്പെടുത്തി.

ലിൻസ് താന്നിച്ചുവട്ടിൽ

തിരുഹൃദയമഹോത്സവത്തിന് ഏറെ മോടിപിടിപ്പിച്ച അമ്മമേളത്തെ ഏവരും പ്രശംസിച്ചു.

ഏറെദിവസത്തെ പരിശീലനത്തിനുശേഷം തിരുഹൃദയത്തണലിൽ തിരുഹൃദയമഹോത്സവത്തിന് അരങ്ങേറ്റം നടത്താൻകഴിഞ്ഞത് ഏറെ അനുഗ്രഹപ്രദമായി കാണുന്നുവെന്ന് അമ്മമേളം ടീം അംഗങ്ങൾ പങ്കുവെച്ചു.

# കെ.സി.സി.എൻ.എ നാഷണൽ ഫാമിലി കൺവൻഷൻ

(മുൻ പേജിൽനിന്നും)

പരിപാടികൾ തുടങ്ങി ഒട്ടേറെ പ്രോഗ്രാമുകൾ നടത്തപ്പെടും.

സമാപന ദിവസമായ ജൂലൈ 7-ന് ഞായറാഴ്ച കൺവൻഷന്റെ ഏറ്റവും ആകർഷണീയമായ 300-ൽപ്പരം ചെണ്ടമേളക്കാർ അണിനിരക്കുന്ന മെഗാ ചെണ്ടമേളം അരങ്ങേറും. ആറംഗ സെൻട്രൽ ചെണ്ടമേള കമ്മിറ്റിയുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളിലും ചെണ്ടമേളം പ്രാക്ടീസ് ചെയ്തുവരുന്നു. ചെണ്ടമേളത്തോടനുബന്ധിച്ച് അമേരിക്കയിൽ ആദ്യകാലത്ത് കുടിയേറിയ ക്നാനായ സഹോദരങ്ങളെ ആദരിക്കും. വിവിധ എന്റർടൈൻമെന്റ് പ്രോഗ്രാംസ്, സമാപന സമ്മേളനം, സമ്മാനദാനം,ഫോർമൽ ബാങ്കറ്റ്ഡിന്നർ എന്നിവയോടെ 15-ാമത് കെ.സി.സി.എൻ.എ കൺവൻഷന് തിരശ്ശീല വീഴും.

എല്ലാ ദിനവും വിശുദ്ധ കുർബാനയോടെയാണ് പ്രോഗ്രാമുകൾ ആരംഭിക്കുന്നത്. അമേരിക്കയിലെ ഏറ്റവും പ്രശസ്തമായ ഇന്ത്യൻ റെസ്റ്റോറന്റുകളാണ് കൺവൻഷനായി ഫുഡ് ഒരുക്കുന്നത്. ഈ മേഖലയിൽ പരിണിതപ്രജ്ഞരായ ഫുഡ് കമ്മിറ്റി കൊതിയൂറുന്ന നാടൻ കേരളീയ വിഭവങ്ങളും നോർത്ത് ഇന്ത്യൻ, ചൈനീസ്, കോണ്ടിനെന്റൽ ഡിഷുകൾ കോർത്തിണക്കിക്കൊണ്ട് വിഭവസമൃദ്ധമായ ഫുഡ് മെനുവാണ് അവതരിപ്പിച്ചിരിക്കുന്നത്.

സാൻ അന്റോണിയോ മേഖലയിലെ പ്രധാന ടൂറിസം ഫുഡ് ഹബ് പോയിന്റുകൾ കോർത്തിണക്കിക്കൊണ്ട് വളരെ വിശദമായ ഒരു ടൂറിസം ഗൈഡാണ് സൈറ്റ് സീങ് ആൻഡ് ഡെസ്റ്റിനേഷൻ എക്സ്പീരിയൻസ് കമ്മിറ്റി പ്രസിദ്ധീകരിച്ചിരിക്കുന്നത്. കൺവൻഷനോടൊപ്പം സാൻ അന്റോണിയോ എക്സ്പീരിയൻസ് ചെയ്യുവാൻ ഇത് ഉപകരിക്കും.

കൺവൻഷനുവേണ്ടി അമേരിക്കയിലെയും കാനഡയിലെയും നഗരങ്ങളിൽ നിന്നും എത്തിച്ചേരുന്നവർക്കായി ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി വിപുലമായ ഒരുക്കങ്ങളാണ് നടത്തിയിരിക്കുന്നത്. വിശദമായ എയർപോർട്ട് പിക്കപ്പ് & ഡ്രോപ് ഷെഡ്യൂൾ ഉടൻതന്നെ പ്രസിദ്ധീകരിക്കും.

വളരെ മികച്ചതും സേഫ്റ്റി ആൻഡ് സെക്യൂരിറ്റി മേഖലകളിലെ പ്രൊഫഷണലുകളടങ്ങിയ സെക്യൂരിറ്റി ടീം 4000-ൽപ്പരം മെംബേഴ്സ് പങ്കെടുക്കുന്ന കൺവൻഷന്റെ സുരക്ഷിതവും സുഗമവുമായ നടത്തിപ്പിനായി പ്രവർത്തിക്കുന്നു. കൂടാതെ ഫസ്റ്റ്-എയ്ഡ്, അക്കോമഡേഷൻ, കലാമത്സരങ്ങൾ, കലാപരിപാടികൾ, സ്പോർട് & ഗെയിംസ് തുടങ്ങി മുപ്പത്തഞ്ചോളം കമ്മിറ്റികൾ കൺവൻഷന്റെ സകല മേഖലകളുടെയും വിജയത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ക്നാനായ സമുദായ നേതാക്കളും ആത്മീയാചാര്യന്മാരും പ്രതിഭകളും ലോകത്തിലെ ഏറ്റവും വലിയ ക്നാനായ സമുദായ കൺവൻഷനിൽ പങ്കെടുക്കുവാൻ എത്തിച്ചേരും.

കൺവൻഷന്റെ വിജയത്തിനായി സാമ്പത്തികമായി സഹായിക്കുവാൻ സന്മനസ്സ് കാട്ടിയ ഡയമണ്ട്, ഗോൾഡ്, സിൽവർ, മെഗാ, ഗ്രാൻഡ് സ്പോൺസേഴ്സിനെ കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡണ്ട് ഷാജി എടാട്ടും വൈസ്പ്രസിഡണ്ട് ജിപ്സൺ പുറയമ്പള്ളിയിലും ജന. സെക്രട്ടറി അജീഷ് താമറത്തും ജോയിന്റ് സെക്രട്ടറി ജോബിൻ കക്കാട്ടിലും ട്രഷറർ സാമോൻ പല്ലാട്ടുമഠവും വൈസ് പ്രസിഡണ്ട് ഫിനു തൂമ്പനാലും ജോ. ട്രഷറർ നവോമി മാന്തുരുത്തിയിലും അവരുടെ കമ്യൂണിറ്റിയോടുള്ള പ്രതിബദ്ധതയെ അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

# ജിമ്മി ജോർജ് മെമ്മോറിയൽ വോളിബോൾ സൂപ്പർ ട്രോഫി ഡാളസ് സ്ട്രൈക്കേഴ്സിന്; വാഷിങ്ടൺ കിങ്സ് റണ്ണർ അപ്പ്

മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: ആവേശകരമായി ഇഞ്ചോടിഞ്ച് പൊരുതി മത്സരിച്ച ഡാളസ് സ്ട്രൈക്കേഴ്സ്, വാഷിങ്ടൺ കിങ്സ് ടീമിനെ രണ്ടിനെതിരെ മൂന്നു മത്സരങ്ങൾ വിജയിച്ച് മുപ്പത്തിനാലാമത് ജിമ്മി ജോർജ് മെമ്മോറിയൽ ടൂർണമെന്റ് സൂപ്പർ ട്രോഫി കരസ്ഥമാക്കി. ശനി, ഞായർ ദിവസങ്ങളിലായി വോളിബോൾ പ്രേമികളെ സ്തബ്ധരാക്കി നടന്ന വാശിയേറിയ മത്സരങ്ങളിൽ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡയിലെ വിവിധ പ്രൊവിൻസുകളിൽ നിന്നും എത്തിച്ചേർന്ന പതിനഞ്ചോളം വോളിബോൾ ടീമുകൾ തങ്ങളുടെ തീപാറുന്ന പ്രകടനങ്ങൾ സ്റ്റേഡിയത്തിൽ കാഴ്ചവെച്ചു. ഓപ്പൺ കാറ്റഗറി, 18 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെ കാറ്റഗറി, നാല്പത് വയസ്സിനു മുകളിലുള്ള പുരുഷന്മാരുടെ കാറ്റഗറി എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി നാല്പത്തിയഞ്ച് മത്സരങ്ങളാണ് നാല് കോർട്ടുകളിലായി അരങ്ങേറിയത്.









ശനിയാഴ്ച രാവിലെ ഒൻപത് മണിക്ക് ആരംഭിച്ച കളിക്കാരുടെ ടീമുകളുടെ മാർച്ച്പാസ്റ്റിനുശേഷം ജിമ്മി ജോർജിനൊപ്പം കളിച്ചുവളർന്ന ഇന്ത്യൻ നാഷണൽ വോളിബോൾ താരമായിരുന്ന പാലാ എംഎൽഎ മാണി സി. കാപ്പൻ ടൂർണമെന്റ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പാലാ മുനിസിപ്പൽ ചെയർമാനായിരുന്ന കുര്യാക്കോസ് പാലക്കലും ഉദ്ഘാടനച്ചടങ്ങിൽ സന്നിഹിതനായിരുന്നു.

പിന്നീടങ്ങോട്ട് ക്വീൻസ് കോളജിലെ ഇൻഡോർ സ്റ്റേഡിയത്തിൽ നാല് കോർട്ടുകളിലായി ന്യൂയോർക്കിനെ പ്രകമ്പനം കൊള്ളിച്ചുകൊണ്ടുള്ള വോളിബോൾ മാമാങ്കങ്ങളുടെ ഘോഷയാത്രയായിരുന്നു. ടൂർണമെന്റിൽ പങ്കെടുത്ത ഓരോ ടീമും ഒന്നിനൊന്നു മെച്ചപ്പെട്ട പ്രകടനങ്ങളാണ് കാഴ്ചവെച്ചത്.

ന്യൂയോർക്കിൽ നിന്നും മറ്റ് വിവിധ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ത രാജ്യക്കാരായ ആയിരക്കണക്കിന് സ്പോർട്സ് പ്രേമികളാണ് ടൂർണമെന്റ് ദർശിക്കുവാൻ എത്തിച്ചേർന്നത്. വന്നവരെല്ലാവരും കുറേ നാളുകൾക്കു ശേഷം മെച്ചപ്പെട്ട വോളിബോൾ ടൂർണമെന്റ് കാണുവാൻ സാധിച്ചതിലുള്ള സംതൃപ്തിയോടെയാണ് വേദിയിൽ നിന്നും പോയത്. ആതിഥേയരായ കേരളാ സ്പൈക്കേഴ്സ് വോളിബോൾ ക്ലബ് ഓഫ് ഗ്രേയ്റ്റർ ന്യൂയോർക്ക് ടീമും സംഘാടകസമിതി അംഗങ്ങളും വളരെ മനോഹരമായി രണ്ടു ദിവസങ്ങളിലെ ടൂർണമെന്റ് സംഘടിപ്പിക്കാൻ സാധിച്ചതിലുള്ള പൂർണ്ണ സംതൃപ്തിയിലാണ്. പ്രതീക്ഷിച്ചതിലധികം കാണികൾ ടൂർണമെന്റ് മത്സരങ്ങൾ കാണുവാൻ എത്തിയത് പ്രോത്സാഹജനകമായി. ടൂർണമെന്റ് വൻ വിജയത്തിലെത്തിക്കുവാൻ സാധിച്ചു എന്ന് സംഘാടക സമിതി പ്രസിഡണ്ട് ഷാജു സാം പറഞ്ഞു.

പതിന്നാല് വർഷങ്ങൾക്കു ശേഷം ന്യൂയോർക്കിൽ നടത്തപ്പെട്ട 34-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് വൻ വിജയത്തിലെത്തിക്കുവാൻ സഹായിച്ച എല്ലാ സ്പോൺസർമാരോടും സംഘാടക സമിതി അംഗങ്ങളോടും നല്ലവരായ സ്പോർട്സ് പ്രേമികളോടും എല്ലാ ടീം അംഗങ്ങളോടും പ്രോഗ്രാമിന്റെ ജനറൽ കൺവീനറും ടീം മാനേജരുമായ ബിഞ്ചു ജോൺ അകൈതവമായ നന്ദി രേഖപ്പെടുത്തി.

ടൂർണമെന്റിൽ വിജയിച്ചവർക്കെല്ലാം മുഖ്യാതിഥി മാണി സി. കാപ്പൻ ട്രോഫിയും സമ്മാനങ്ങളും നല്കി. ഓപ്പൺ കാറ്റഗറിയിൽ വാഷിങ്ടൺ കിങ്സിനെ തോല്പിച്ച് ഡാളസ് സ്ട്രൈക്കേഴ്സ് ജിമ്മി ജോർജ് ട്രോഫി കരസ്ഥമാക്കി. അണ്ടർ 18 കാറ്റഗറിയിൽ ഫിലാഡൽഫിയയിലെ ഫില്ലി സ്റ്റാർസിന്റെ ചുണക്കുട്ടികൾ ഡാളസ് സ്ട്രൈക്കേഴ്സ് ടീമിനെ പരാജയപ്പെടുത്തി ട്രോഫി കരസ്ഥമാക്കി. നാല്പത് വയസ്സിനു മുകളിലുള്ള പുരുഷന്മാരുടെ കളികളിൽ (ശേഷം 30-ാം പേജിൽ)



# എം.ഡി സ്ട്രൈക്കേഴ്സ് ക്യാപിറ്റൽ സോക്കർ ടൂർണമെന്റിൽ മുത്തമിട്ട് മല്ലുമിനാറ്റി ന്യൂജേഴ്സി



വാഷിങ്ടൺ ഡിസി: അമേരിക്കൻ തലസ്ഥാന നഗരിയിൽ എം.ഡി സ്ട്രൈക്കേഴ്സ് സ്പോർട്സ് ക്ലബ് ആതിഥേയത്വം വഹിച്ച പ്രഥമ ഇന്ത്യൻ -അമേരിക്കൻ സോക്കർ ടൂർണമെന്റിൽ മല്ലുമിനാറ്റി ന്യൂജേഴ്സി ജേതാക്കളായി.

വാശിയേറിയ ഫൈനലിൽ റെഗുലർ ടൈമിലും ടൈബ്രേക്കറിലും സമനില പാലിച്ച മത്സരത്തിൽ ന്യൂകാസിൽ യുണൈറ്റഡ് ഡെലവയറിനെ സഡൻ ഡെത്തിൽ പരാജയപ്പെടുത്തി

**റെജി തോമസ്**

യാണ് മല്ലുമിനാറ്റി കപ്പ് കരസ്ഥമാക്കിയത്.

ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി ഉദ്ഘാടനം ചെയ്ത ടൂർണമെന്റിൽ സെന്റ് ജൂഡ് വിർജീനിയ, കൊമ്പൻസ് വിർജീനിയ, വാഷിങ്ടൺ ഖലാസിസ്, എം.ഡി. സ്ട്രൈക്കേഴ്സ് ടീമുകളെ പരാജയപ്പെടുത്തിയാണ് മല്ലുമിനാറ്റിയും ന്യൂകാസിലും ഫൈനലിലെത്തിയത്.

ബെസ്റ്റ് പ്ലെയറായി മല്ലുമിനാറ്റിയിടെ ആൽബിൻ കണ്ണാടനെയും ബെസ്റ്റ് ഗോളിയായി ന്യൂ കാസിലിന്റെ കരൺ കത്യാളിനെയും തെരഞ്ഞെടുത്തു. ഗോൾഡൺ ബൂട്ടിന് ന്യൂകാസിലിന്റെ ഷൗമിത് ചെന്നഗൗഡ അർഹനായി.


ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നല്കിയ വിവിധ കമ്മിറ്റി ചെയർമാന്മാരായ റെജി തോമസ്, സൈകേഷ് പത്മനാഭൻ, ജെഫി ജോർജ്, ടെനി സെബാസ്റ്റ്യൻ, റോയ് റാഫേൽ, ബിജേഷ് തോമസ്, ദിലീപ്, പ്രണവ്, മനു സെബാസ്റ്റ്യൻ, ഫെനിൽ മാത്യു തുടങ്ങിയവരെ ചടങ്ങിൽ അനുമോദിച്ചു.



## അന്തരിച്ച ഐപിസി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം.വി. വർഗീസിന്റെ സംസ്കാരം നടത്തി

ചിക്കാഗോ: ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭയിലെ സീനിയർ ശുശ്രൂഷകനും വേദാദ്ധ്യാപകനും പ്രഭാഷകനുമായിരുന്ന അന്തരിച്ച പാസ്റ്റർ എം. വി. വർഗീസിന്റെ (100) സംസ്കാരം ജൂൺ ഒന്നിന് പായിപ്പാട്ട് നടത്തി.

ഐപിസിയുടെ പ്രഥമ മിഷനറിയായി 1954-ൽ പാസ്റ്റർ കെ.ഇ. ഏബ്രഹാം സിംഗപ്പൂരിലേക്ക് അയച്ച പാസ്റ്റർ എം.വി. വർഗീസ് അവിടെ 10 വർഷം പ്രവർത്തിച്ചു. സിംഗപ്പൂർ, മലേഷ്യ, കോലാലമ്പൂർ തുടങ്ങി 10 സ്ഥലങ്ങളിൽ



ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭയുടെ പ്രവർത്തനം ആരംഭിച്ചു. ഐപിസി ബിലീവേഴ്സ് കൗൺസിൽ രൂപീകരിച്ചപ്പോൾ അതിന്റെ പ്രഥമ പ്രസിഡണ്ട് ആയിരുന്നു. ഐപിസി കേരള സ്റ്റേറ്റ് വൈസ് പ്രസിഡണ്ട്, ആലപ്പുഴ (ഈസ്റ്റ്) സെന്റർ ശുശ്രൂഷകൻ തുടങ്ങി വിവിധ നിലകളിൽ ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭയ്ക്ക് അനുഗൃഹീതമായ നേതൃത്വം നല്കിയിരുന്നു.

50 വർഷത്തിലധികം ഹെബ്രോൺ ബൈബിൾ കോളജ്, ഇന്ത്യ ബൈബിൾ കോളജ് തുടങ്ങി നിരവധി വേദപാഠശാലകളിൽ അദ്ധ്യാപകനായിരുന്നു. സ്വതസിദ്ധമായ നർമ്മശൈലിയിലൂടെ ദൈവവചനത്തിന്റെ മർമ്മം ജനഹൃദയങ്ങളിൽ എത്തിക്കുവാൻ പ്രത്യേകം കഴിവുള്ള ആളായിരുന്നു പാസ്റ്റർ എം.വി. വർഗീസ്. ആയിരക്കണക്കിന് ശുശ്രൂഷകന്മാരെ ദൈവവചനം പഠിപ്പിച്ചു ശുശ്രൂഷയ്ക്കായി ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ ജനുവരിയിൽ നടന്ന നൂറാമത് കുമ്പനാട് കൺവൻഷനിൽ ഞായറാഴ്ച സഭായോഗത്തിലും സംബന്ധിച്ച് ദൈവവചനം സംസാരിച്ചു.


ഭാര്യ: മാരാമൺ പൊൻവേലിമണ്ണിൽ പരേതയായ കുഞ്ഞമ്മ വർഗീസ്. മക്കൾ: പാസ്റ്റർ ജോർജ് വർഗീസ് (രാജൻ)-ഐപിസി യുപി സ്റ്റേറ്റ് മുൻ പ്രസിഡണ്ട്, ബ്രദർ എം.വി. ഫിലിപ്പ് (സണ്ണി)-ഐപിസി ജനറൽ കൗൺസിൽ മെംബർ, എലിസബത്ത് വർഗീസ് (ആനി-കാലിഫോർണിയ), സൂസൻ വർഗീസ് (ജെസ്സി-വാഴൂർ).

മരുമക്കൾ: പൊന്നമ്മ, ശോഭ, വെട്ടിയാർ നെടുംകണ്ടത്തിൽ ജോൺസൺ വർഗീസ് (കാലിഫോർണിയ), വാഴൂർ വേലിക്കാട്ട് രാജു.

**വാർത്ത: കുര്യൻ ഫിലിപ്പ്**

## മാലിനിയുടെ ചെറുകഥാ സമാഹാരം പ്രകാശനം ചെയ്തു

ന്യൂയോർക്ക്: മെയ് 26-ന് ഞായറാഴ്ചയിലെ മനോഹര സായാഹ്നത്തിൽ ന്യൂയോർക്കിലെ കേരള സെന്ററിന്റെ മെയിൻ ഹാളിൽ കൂടിയ സർഗ്ഗവേദിയുടെ പ്രത്യേക സമ്മേളനത്തിൽ പ്രവാസി എഴുത്തുകാരിയും സർഗ്ഗവേദിയുടെ ആത്മബന്ധുവുമായ മാലിനി



(നിർമ്മല ജോസഫ്)യുടെ മൂന്നാമത്തെ ചെറുകഥാ സമാഹാരം 'നൈജൽ' പ്രമുഖ പത്രപ്രവർത്തകൻ ജോർജ് ജോസഫ് അമേരിക്കൻ മലയാളികളുടെ പ്രിയ കവി സന്തോഷ് പാലായ്ക്ക് നല്കി പ്രകാശനം ചെയ്തു.

ഇരുപത്തൊന്ന് കഥകളടങ്ങിയ നൈജൽ എന്ന കഥാസമാഹാരത്തിലെ ഓരോ കഥകളും വേറിട്ടുനിൽക്കുന്ന ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചകളാണെന്നും മൂല്യങ്ങളുടെ അടിവേരുകളറ്റു പോകുന്ന വർത്തമാനകാല സാഹചര്യത്തിൽ ഇതുപോലെ സാമൂഹിക പ്രതിബദ്ധതയുള്ള കഥകൾക്ക് പ്രസക്തിയുണ്ടെന്നും ജോർജ് ജോസഫ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

സന്തോഷ് പാലാ, മനോഹർ തോമസ്, പി.ടി. പൗലോസ്, കോരസൺ വർഗീസ്, സാംസി കൊടുമൺ, രാജു തോമസ്, ജോസ് കാടാപുറം, ഉമാ



സജി, പ്രഫ. തെരേസ ആന്റണി എന്നിവർ കഥകളെപ്പറ്റി വിലയിരുത്തലുകൾ നടത്തി കഥാകാരിക്ക് അഭിനന്ദനങ്ങൾ അർപ്പിച്ചു.

ജെ. മാത്യൂസ്, അലക്സ് എസ്തപ്പാൻ, റോയ് ആന്റണി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. തുടർന്ന് സാന്നിദ്ധ്യംകൊണ്ട് സദസ്സിനെ ധന്യമാക്കിയ എല്ലാ സഹൃദയരോടും മാലിനി മറുപടി പ്രസംഗത്തിൽ നന്ദി പറഞ്ഞു. സ്നേഹവിരുന്നോടെ ഒരു സർഗ്ഗ സായ്ഹാനത്തിനു തിരശ്ശീല വീണു.

# സമർപ്പണത്തിന്റെ വഴികളിലൂടെ....

ജോയി കുറ്റ്യാനി

മയാമി: ദൈവം നല്കുന്ന വേറിട്ട സമ്മാനമാണ് ഓരോ സമർപ്പിത ജീവിതവും. ധന്യമായ സമർപ്പണത്തിന്റെ വഴികളിൽ തമ്പുരാന്റെ കൈപിടിച്ച് മുന്നേറുന്ന രണ്ടു സന്യസ്തരുടെ ദീപ്തമായ ഓർമ്മകൾ ആയിരങ്ങൾ ഒന്നിച്ചു ചേർന്ന് പങ്കുവച്ച് ഒരാഘോഷമാക്കി മാറ്റി.







അമ്പത് വർഷങ്ങൾക്ക് മുമ്പ് ഒരു കനലായി കത്തിയ സന്യാസത്തിന്റെ തീജ്ജ്വാല ഇന്ന് അഗ്നിയായി ജ്വലിപ്പിച്ച് അനേകർക്ക് സമാശ്വാസം പകർന്ന് നിറപുഞ്ചിരിയോടുകൂടി തളരാതെ മുന്നേറുന്ന സിസ്റ്റർ എൽസ ഇടയാകുന്നേൽ എസ്.എ.ബി.എസ്-ന്റെ സുവർണ്ണജൂബിലിയും കാൽനൂറ്റാണ്ട് മുമ്പ് ആരാധന സന്യാസിനി സമൂഹത്തിന്റെ അംഗമായി ആവൃതിയുടെ അകത്തളങ്ങളിൽ മാത്രം ഒരുങ്ങിനിൽക്കാതെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രേക്ഷിത വേല ചെയ്ത സിസ്റ്റർ സിൽവി കിഴക്കേമുറിയുടെ സിൽവർ ജൂബിലിയും ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോനാ ദേവാലയത്തിൽ സമുചിതമായി ആഘോഷിച്ചു.

ഒരേസമയം തങ്ങൾ അംഗമായിരിക്കുന്ന ആരാധന സന്യാസിനി സമൂഹത്തിന്റെ ആചാരനിഷ്ഠകളും വ്രതാനുഷ്ഠാനങ്ങളും പരിപാലിക്കുന്നതോടൊപ്പം തങ്ങളുടെ ഔദ്യോഗികമായ തൊഴിൽ മേഖലയേയും സമന്വയിപ്പിച്ച് അനേകർക്ക് മാതൃകയും പ്രചോദനവുമാകുകയാണ് ഇന്നീ സന്യാസിനികൾ.

സന്യാസത്തിന്റെ സുവർണ്ണശോഭയിൽ എത്തിനില്ക്കുന്ന സിസ്റ്റർ എൽസ, കാരുണ്യത്തിന്റെയും കരുതലിന്റെയും പ്രതീകമായ ആതുരശുശ്രൂഷയിൽ നാലര പതിറ്റാണ്ടിന്റെ പൂർണ്ണതയിൽ മുന്നേറുകയാണ്.

1979-ൽ കേരളത്തിൽ നേഴ്സിംങ് പഠനം പൂർത്തീകരിച്ച് അഡോറേഷൻ കോൺഗ്രിഗേഷന്റെ വിവിധ ആശുപത്രികളിലെ നേഴ്സിംങ് മേഖലയിൽ ട്യൂട്ടർ ആയും, നേഴ്സിംങ് സുപ്രണ്ടായും സേവനം ചെയ്ത് അമേരിക്കയിലേക്ക് കുടിയേറി.

ഏതാനും വർഷം ടെക്സാസിലും തുടർന്ന് 2014 മുതൽ കോറൽ സ്പ്രിംങ് അഡോറേഷൻ കോൺവെന്റിൽ അംഗമായി ഔവർ ലേഡി ഓഫ് ഹെൽത്ത് കാത്തലിക് ചർച്ച് ഇടവക സമൂഹത്തിൽ വിനയാന്വിതയായി സേവനം ചെയ്യുന്നു.

തിളക്കമാർന്ന സിൽവർ ജൂബിലി നിറവിൽ എത്തിനില്ക്കുന്ന സിസ്റ്റർ സിൽവി കിഴക്കേമുറി കർമ്മമേഖലയിൽ ലൈബ്രേറിയനായും ഫോർമേറ്റർ ആയും, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ആഫ്രിക്കയിലും ജോലി ചെയ്ത് ഇന്ന് കേരളം പോലെ മനോഹരമായ സൗത്ത് ഫ്ളോറിഡായിലെ കോറൽ സ്പ്രിംങ്സ് അഡോറേഷൻ കോൺവെന്റിൽ അംഗമായി ഈ ഇടവകയുടെ ആദ്ധ്യാത്മിക നവീകരണത്തിന് തന്റെ അറിവും, നേതൃത്വപാടവവും നല്കി, ഈ ഇടവകസമൂഹത്തിന് ഒരു മുതൽക്കൂട്ടാകുകയാണ്.




മെയ് 19-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.30-ന് അഭിവന്ദ്യ ബിഷപ് ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ കോറൽസ്പ്രിംങ്സ് ഔവർ ലേഡി ഓഫ് ഹെൽത്ത് ഫോറോന ദേവാലയത്തിൽ അനേകം വൈദികരുടെ സഹകാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയോടുകൂടി ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി.

തുടർന്ന് അൽഫോൻസാ പാരീഷ് ഓഡിറ്റോറിയത്തിൽ ജൂബിലേറിയൻസിനായുള്ള അനുമോദന സമ്മേളനം വർണ്ണശബളമായി അരങ്ങേറി.

ബിഷപ് എമിറിറ്റസ് ജേക്കബ് അങ്ങാടിയത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ ഫൊറോനാ വികാരിയും; ആഘോഷകമ്മിറ്റി ചെയർമാനുമായ ഫാ. ജോർജ് ഇളമ്പാശ്ശേരി സ്വാഗതമാശംസിച്ചു.

ചിക്കാഗോ രൂപതാ പ്രോക്യൂറേറ്റർ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, സിസ്റ്റർ ജോളി മരിയ എസ്.എ.ബി.എസ്, ഫാ. തോമസ് പുളിക്കിൽ, ഡോ. ഷൈനി ആന്റണി, ട്രസ്റ്റി ജോഷി ചെളിപറമ്പിൽ, ദിവ്യ സണ്ണി തുടങ്ങിയവർ ആശംസകൾ നേർന്നു.

ഇടവകസമൂഹത്തിന്റെ ആദരവ് ജൂബിലേറിയൻസിന് പൊന്നാട അണിയിച്ച് അഭിവന്ദ്യ ബിഷപ്പ് എമിററ്റസ് ജേക്കബ് അങ്ങാടിയത്ത് നിർവ്വഹിച്ചു. സിസ്റ്റർ എൽസയും സിസ്റ്റർ സിൽവിയായും ചേർന്ന് ഏവർക്കും നന്ദിയും കൃതജ്ഞതയും അർപ്പിച്ചു.

യൂത്ത് ക്വയറിന്റെ പ്രാർത്ഥനാ ഗാനവും, സീനിയർ ക്വയറിന്റെ ജൂബിലി മംഗളവും, സി.സി.ഡി. വിദ്യാർത്ഥികളുടെ ഡാൻസ് പരിപാടികളും, വിഭവസമൃദ്ധമായ വിരുന്നും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

പരിപാടികളുടെ എം.സി.മാരായി ദീപാ ദീപുവും, ജോയൽ വിൻസെന്റും, നയനാ ജോസഫും, മന്നാ മറിയാ ടോണിയും ചേർന്ന് നിർവ്വഹിച്ചു.

ആൻസി ജോണിന്റെയും സിജി ഡെന്നിയുടെയും നേതൃത്വത്തിൽ മദേർസ് ഫോറമാണ് പ്രോഗ്രാം കോ-ഓർഡിനേറ്റ് ചെയ്തത്.

പാരീഷ് കമ്മിറ്റി അംഗങ്ങളും ട്രസ്റ്റിമാരും സി.സി.ഡി. കോ-ഓർഡിനേറ്റേഴ്സും പരിപാടികൾക്ക് നേതൃത്വം നൽകിയപ്പോൾ സൗത്ത് ഫ്ളോറിഡായിലെ വിവിധ ക്രൈസ്തവ ദേവാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന വൈദികർ; അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേർന്ന ആരാധനാ സഭയിലെ സിസ്റ്റേഴ്സ്; വിവിധ മേഖലകളിൽനിന്ന് ക്ഷണിക്കപ്പെട്ട അതിഥികളും ഒത്തുചേർന്ന് ജൂബിലി ആഘോഷം മഹനീയമാക്കി.

# ചിക്കാഗോ ബ്രദേഴ്സ് ക്ലബിന് പുതിയ നേതൃത്വം

പി.പി. ചെറിയാൻ

ചിക്കാഗോ: ചിക്കാഗോ വെസ്റ്റ് സബെർബ്ബ് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ചിക്കാഗോ ബ്രദേഴ്സ് ക്ലബിന് പുതിയ നേതൃത്വം നിലവിൽവന്നു. പ്രസിഡണ്ട്-സന്തോഷ് നായർ, വൈസ് പ്രസിഡണ്ട്-സണ്ണി സൈമൺ മുണ്ടപ്ലാക്കൽ,



സന്തോഷ് നായർ



ജോജി കരിപ്പാപ്പറമ്പിൽ



ജോസഫ് പതിയിൽ



സണ്ണി സൈമൺ മുണ്ടപ്ലാക്കൽ



ഡോ. ജോസഫ് ഏബ്രഹാം

ജനറൽ സെക്രട്ടറി-ജോജി കരിപ്പാപ്പറമ്പിൽ, ട്രഷറർ-ജോസഫ് പതിയിൽ, ജോ. സെക്രട്ടറി ഡോ.ജോസഫ് ഏബ്രഹാം തുടങ്ങിയവരാണ് പുതിയ ഭാരവാഹികൾ. ക്ലബ് ഹാളിൽ ചേർന്ന ജനറൽബോഡി യോഗമാണ് ഐകകണ്ഠ്യേന ഇവരെ തെരഞ്ഞെടുത്തത്.

വർഷങ്ങളായി ചിക്കാഗോയിലെ സാമൂഹിക, സാംസ്കാരിക രംഗത്ത് സജീവ സാന്നിദ്ധ്യമായി പ്രവർത്തിച്ചുവരുന്ന മലയാളി കൂട്ടായ്മയാണ് ബ്രദേഴ്സ് ക്ലബ്. പൊതുരംഗത്ത് പ്രവർത്തിച്ച് വലിയ പരിചയസമ്പത്തുള്ളവരാണ് പുതുതായി ചുമതലയേൽക്കുന്ന ഭാരവാഹികളെന്നും അതുകൊണ്ട് ക്ലബിന്റെ പ്രവർത്തനം ഏറെ മെച്ചപ്പെട്ടതായിരിക്കുമെന്നും സ്ഥാനമൊഴിയുന്ന പ്രസിഡണ്ട് ടോമി അംബേനാട്ട് പറഞ്ഞു. പുതിയ ഭാരവാഹികളെ ആദ്യപ്രസിഡണ്ട് ജോസ് സൈമൺ മുണ്ടപ്ലാക്കൽ സദസ്സിന് പരിചയപ്പെടുത്തി.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


കൈരളി ടി. വി.
KAIRALI
THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES
@INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
USA WEEKLY NEWS
KAIRALI
THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS
1 (888) 363-1777
sling മലയാളം
TELEVISION

# ദീർഘക്ഷമയും സഹിഷ്ണുതയുമുള്ളവർ ഭാഗ്യവാന്മാർ

ഏലിയാമ്മ ലൂക്കോസ്

ഈലോകയാത്രയിൽ ജീവിതവിജയം പ്രാപിപ്പാൻ നാം ഓരോരുത്തരും ആഗ്രഹിക്കുന്നവരാണ്. നല്ല വഴിയിൽക്കൂടി വിജയിപ്പാൻ ശ്രമിക്കുന്നവരേക്കാൾ ദുഷിച്ചവഴി തെരഞ്ഞെടുത്തു ധനം സമ്പാദിച്ചു പരാക്രമം കാട്ടുന്നവരുമുണ്ട്. ജഡികന്മാരും ആത്മീയരുമുണ്ട്. ജഡികന്മാരിൽത്തന്നെ പലരും ദൈവത്തെ അറിയുന്നവരുമാണ്. ആത്മീയരോ ആത്മാവിനെ അനുസരിച്ച് നടക്കുന്നതിനാൽ ഒത്തിരി ഗുണഗണങ്ങൾ അവരിൽ കാണാം. എങ്കിലും അവരിലും പല പോരായ്മകളും നാം ദർശിച്ചെന്നിരിക്കാം.

ആത്മാവിന്റെ ഫലമാണ് ദീർഘക്ഷമ. ക്ഷമയ്ക്കും ഒരു അതിരുണ്ടെന്നു പറയാറില്ലേ? യേശുവിനെപ്പോലെ, ഇയ്യോബിനെപ്പോലെ ദീർഘക്ഷമയോടിരിപ്പാൻ ആർക്കു കഴിയും? സഹിക്കുന്നതിനും ഒരതിരില്ലയോ? നിശ്ചയമായുമുണ്ട്.

എന്നാൽ, ഈ രണ്ട് കാര്യങ്ങളിൽ പൂർണ്ണവിജയം പ്രാപിക്കുകയെന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. ജീവിതവിജയത്തിന് ഇവ രണ്ടും അത്യാവശ്യമാണ്. ഒരു ചെറിയകാര്യം, അതായത് ഒരു വാക്ക് നമ്മെ താഴ്ത്തിക്കെട്ടുന്നതായാൽ നാം അവരോട് ദേഷ്യപ്പെടും. അല്ലെങ്കിൽ പിണക്കത്തിലാകും. നാളുകൾ മിണ്ടാതിരിക്കും. ചില നല്ല സ്ത്രീകൾ മുറിയിൽ കയറിക്കിടന്നു കരയുകയും ചിലർ പത്തുപേരോട് പറഞ്ഞ് സങ്കടം തീർക്കും. ഒരു വാക്കിൽ നിന്നുണ്ടായ പ്രത്യാഘാതമാണിതെല്ലാം. തമ്മിൽത്തമ്മിൽ വാക്കുതർക്കം ഉണ്ടായിട്ട് അടിപിടി ഉണ്ടാക്കുന്നവരുണ്ട്. ചിലപ്പോൾ മരണത്തിലും കലാശിച്ചേക്കാം. ഭാര്യാഭർത്താക്കന്മാർ പിണങ്ങിനടന്നു, പിണക്കം വർദ്ധിച്ച് വർദ്ധിച്ച് വേർപിരിയലിൽ വരെ എത്തുന്നവരുമുണ്ട്. ഒന്നു ക്ഷമിച്ചാൽ ദൈവവും നമ്മുടെ പിഴകളെ ക്ഷമിക്കും.

കുടിയനായ ഭർത്താവിന്റെ മർദ്ദനമേറ്റ് കഴിഞ്ഞ അനേകം സഹോദരിമാർ തങ്ങളുടെ തലമുറയെ നേടിയതായി കേട്ടിട്ടുണ്ട്. അവരുടെ ദീർഘക്ഷമ ദൈവം കണക്കിലെടുത്ത് അവരെ സഹായിച്ചു. മക്കൾ വളർന്ന് നന്മ അനുഭവിക്കാൻ ആ അമ്മമാർക്ക് ഭാഗ്യം ലഭിച്ചു. യാക്കോബ് അപ്പസ്തോലന്റെ വാക്കുകൾ ശ്രദ്ധിക്കാം: "കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ട് മുൻമഴയും പിൻമഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ." കേട്ടപാടേ എടുത്തു ചാടരുത്. കേൾപ്പാൻ വേഗത വേണം. പക്ഷേ, പറയാൻ താമസം വേണം. ആലോചിച്ചു ബുദ്ധിയോടെ, പരിജ്ഞാനത്തോടെ മറുപടി പറഞ്ഞാൽ ശത്രുവിനെപ്പോലും നേടാൻ കഴിയും. ഇയ്യോബിന്റെ ഭാര്യ ദൈവത്തെ ത്യജിച്ചുകളഞ്ഞ് മരിച്ചുകളയുക എന്ന് ഇയ്യോബിനോട് പറഞ്ഞു. ഇയ്യോബിന്റെ മറുപടി കേൾക്കൂ: "നീ ഒരു പൊട്ടി സംസാരിക്കുന്നതുപോലെ സംസാരിക്കുന്നോ...." ഇയ്യോബ് അവളെ ശാസിച്ചില്ല, അവളോട് ദേഷ്യപ്പെട്ടില്ല, അവളെ തല്ലിയില്ല. "ദൈവത്തിൽ നിന്ന് നാം നന്മ അനുഭവിക്കുന്നു. തിന്മയും അനുഭവിച്ചുകൂടെ" എന്ന് ശാന്തമായി അദ്ദേഹം പറഞ്ഞു. അവൻ ആത്മഹത്യ ചെയ്യാനൊരുങ്ങിയില്ല. തനിക്കുള്ളതെല്ലാം നഷ്ടപ്പെട്ടവൻ, തന്റെ പത്ത് മക്കളും മരണപ്പെട്ടിരിക്കുന്നു. ശരീരം മുഴുവൻ വ്രണങ്ങളാൽ വേദനിച്ചും ശരീരം ചൊറിഞ്ഞും കഴിയുന്ന ഒരു വ്യക്തിയുടെ ദീർഘക്ഷമ കാണുക. യേശു പറഞ്ഞു: ഏഴ് വട്ടമല്ല, ഏഴ് എഴുപതുവട്ടം ക്ഷമിപ്പിൻ. യേശു എല്ലാവരോടും ക്ഷമിച്ചില്ലയോ? ക്ഷമകൊണ്ട് ആത്മാക്കളെ നേടാം, ജീവനെ നേടാം. നമ്മുടെ മനസ്സിന് ആശ്വാസം ലഭിക്കും. സമാധാനം അനുഭവിപ്പാൻ ഇടയാകും. ക്ഷമ നല്ലൊരു ഔഷധമാണ്. ക്ഷമയില്ലായ്മ വിഷമാണ്. ദീർഘക്ഷമയുള്ളവൻ മഹാബുദ്ധിമാൻ. എന്ന് ശലോമോൻ എഴുതി. അവൻ കലഹം ശമിപ്പിക്കുന്നവനാണ്. എല്ലാവരോടും ദീർഘക്ഷമ കാണിക്കുവിൻ. ദീർഘക്ഷമ സമാധാനം കൈവരിക്കാൻ കഴിയും.



ലേഖിക


നമ്മുടെ ജീവിതത്തിൽ എന്തു സംഭവിക്കുന്നു എന്നതല്ല പ്രധാനം. അതിനെ എങ്ങനെ അതിജീവിക്കുന്നു എന്നതിലാണ് പ്രാധാന്യം. അബ്രാഹമിനു ദൈവം വാഗ്ദാനം ചെയ്തതു പ്രാപിപ്പാൻ 25 വർഷം കാത്തിരിക്കേണ്ടിവന്നു. "ഞാൻ നിന്നെ അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യും" എന്നു പറഞ്ഞിരുന്നല്ലോ, അവൻ ദീർഘക്ഷമയോടെ കാത്തിരുന്ന് വാഗ്ദത്തവിഷയം പ്രാപിച്ചു. നോഹ പെട്ടകം പണിതപ്പോൾ അനേകർ അവനെ കളിയാക്കി. മഴയില്ലാത്ത കാലത്ത് മഴ പെയ്യുമെന്നും പ്രളയമുണ്ടാകുമെന്നും പറഞ്ഞാൽ ആരു വിശ്വസിക്കാൻ. എന്നാൽ നോഹ ദൈവത്തെ വിശ്വസിച്ചു ദീർഘക്ഷമയോടെയിരുന്നു വാഗ്ദത്തം പ്രാപിച്ചു. നമുക്കും ഇവരെയെല്ലാം മാതൃകയാക്കി ദീർഘക്ഷമയോടിരിക്കാം.

സഹിഷ്ണുത വളരെ സുപ്രധാനമായ ഒരു വിഷയമാണ്. 'സഹിച്ചാൽ കൂടെ വാഴാം' എന്നുണ്ടല്ലോ. എത്രത്തോളം സഹിക്കും. അതൊരു വലിയ കൃപയാണ്. സഹിച്ചു സഹിച്ചു നിരാശയിലെത്തി ആത്മഹത്യ ചെയ്യുന്നവർ ധാരാളം. ഒരു മിനിട്ട് ചിന്തിക്കാൻ സമയമെടുത്താൽ പലരും ആത്മഹത്യ ചെയ്യുകയില്ല. വെളുക്കുമ്പോൾ മുതൽ ഉറങ്ങുന്നതുവരെ കുറ്റം പറഞ്ഞ് പുറകെ നടക്കുന്നവരുണ്ട്. അതെല്ലാം സഹിക്കുന്നവരുമുണ്ട്. അല്ലാതെന്തു ചെയ്യും? ആത്മഹത്യ പാപമാണ്. നിത്യ നരകമാണ് അവർക്കുള്ളത്. മാത്രമോ? എത്രയോ പേർ അതുമൂലം കണ്ണീർ കുടിക്കുന്നു. അതിനു നാം കാരണക്കാർ ആകണമോ? ഒരിക്കലും അരുത്. ഇയ്യോബിന്റെ ദീർഘക്ഷമ പോലെ സഹിഷ്ണുതയും അതിശയകരം തന്നെ. യേശുവിന്റെ പിറകേ നടന്ന് എന്തെങ്കിലും കുറ്റം കണ്ടുപിടിക്കേണ്ടതിന് പരീശന്മാർ, ശാസ്ത്രിമാർ, സദുക്യർ തുടങ്ങി യഹൂദന്മാരെല്ലാം കിണഞ്ഞു പരിശ്രമിച്ചു. ശാബത്തിൽ സൗഖ്യമാക്കുന്നുവെന്ന് ആരോപിച്ചു. ചെയ്യാത്ത തെറ്റുകൾ യേശുവിന്റെമേൽ ചുമത്തി, യേശു അതെല്ലാം സഹിച്ചു. സഹിഷ്ണുതയ്ക്ക് നമ്മുടെ രക്ഷകനായ യേശു ഒരു മാതൃകയാണ്. ദൈവം ദീർഘക്ഷമയും മഹാകരുണയും ദയയുമുള്ളവനാണ്. അവനിൽ നമുക്ക് ആശ്രയിച്ച് ദീർഘക്ഷമയുള്ളവരാകാം. യേശുവിനെപ്പോലെ സഹിഷ്ണുതയുടെ ഉന്നതതലത്തിലേക്ക് നമുക്കുയരാം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.48 |
| യൂറോ | 90.71 |
| സ്റ്റെർലിംഗ്പൗണ്ട് | 106.56 |
| സ്വിസ് ഫ്രാങ്ക് | 93.48 |
| സിംഗപ്പൂർ ഡോളർ | 61.96 |
| കനേഡിയൻ ഡോളർ | 61.02 |
| ഒമാൻ റിയാൽ | 216.85 |
| ബഹ്റൈൻ ദിനാർ | 221.47 |
| സൗദി റിയാൽ | 22.26 |
| യു.എ.ഇ. ദിർഹം | 22.73 |
| കുവൈത്ത് ദിനാർ | 272.48 |

## പ്രമുഖ സംരംഭകൻ ഡോ. അനിൽ പൗലോസ് അന്തരിച്ചു



ന്യൂയോർക്ക്: ലോങ് ഐലൻഡിൽ താമസിക്കുന്ന പ്രമുഖ സംരംഭകനും മല്ലപ്പള്ളി മോഡയിൽ കുടുംബാംഗവുമായ ഡോ. അനിൽ പൗലോസ് (51) കൊച്ചിയിൽവെച്ച് ഹൃദയാഘാതത്തെത്തുടർന്ന് അന്തരിച്ചു. ഭാര്യ എലിസബത്ത് കോലത്ത് കുടുംബാംഗമാണ്. മക്കൾ: ആൻ, സൂസന്നെ. സുനിൽ ഏകസഹോദരനും ടോം ജോർജ് കോലത്ത് ഭാര്യാസഹോദരനുമാണ്.

പരേതരായ സി. പൗലോസിന്റെയും ഡോ. അന്നമ്മ പൗലോസിന്റെയും മകനായി 1972-ൽ തമിഴ്നാട്ടിലാണ് അനിൽ ജനിച്ചത്. ബ്രീക്സ് മെമ്മോറിയൽ ആംഗ്ലോ-ഇന്ത്യൻ ഹയർ സെക്കൻഡറി സ്കൂളിൽനിന്ന് സ്കൂൾപഠനം പൂർത്തിയാക്കി. തുടർന്ന് ബിരുദാനന്തര ബിരുദവും ഭാരതിയാർ സർവകലാശാലയിൽ നിന്ന് പരിസ്ഥിതി ശാസ്ത്രത്തിൽ പിഎച്ച്.ഡിയും നേടി.

1997-ൽ എലിസബത്തിനെ വിവാഹം കഴിച്ച് ന്യൂയോർക്കിലേക്ക് താമസം മാറിയതിനുശേഷം, റിലയൻസ് ഇൻഷുറൻസ് ആൻഡ് അക്കൗണ്ടിംഗ് ഏജൻസി സ്ഥാപിച്ചു. അതിനു പുറമെ മാരിയറ്റ്, ഹിൽട്ടൺ, ഹയാത്ത് തുടങ്ങിയ നിരവധി ഹോട്ടൽ ശൃംഖലകൾ സ്വന്തമായി തുടങ്ങി. വിരവധി വിജയകരമായ സംരംഭങ്ങൾ അനിൽ നടത്തി.

ഗ്ലോബൽ ഇന്ത്യൻ കൗൺസിലിന്റെ ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രസിഡണ്ട് ഉൾപ്പെടെയുള്ള നേതൃത്വപരമായ റോളുകൾ വഹിച്ചിരുന്ന അനിൽ കമ്മ്യൂണിറ്റി സേവനത്തിനായി സമർപ്പിതനുമായിരുന്നു. ഷെൽട്ടർ റോക്ക് ചർച്ചിലെ സജീവ അംഗം കൂടിയായിരുന്നു അദ്ദേഹം.

ഉത്തമ ക്രൈസ്തവ വിശ്വാസിയായിരുന്ന അനിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിനും തന്റെ എളിമയിലും ദയയിലും യേശുവിന്റെ സ്നേഹം പ്രകടിപ്പിക്കുന്നതിനുമുള്ള ജീവിതത്തിനായി സ്വയം സമർപ്പിച്ചു. തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്ന അദ്ദേഹം മക്കളോട് എപ്പോഴും പറഞ്ഞു: 'പൂർണ്ണ ഹൃദയത്തോടെ കർത്താവിൽ ആശ്രയിക്കുക, നിങ്ങളുടെ സ്വന്തം വിവേകത്തിൽ ആശ്രയിക്കരുത്' സദൃശവാക്യങ്ങൾ 3:5.

സംസ്കാരം പിന്നീട് ന്യൂയോർക്കിൽ. കൂടുതൽ വിവരങ്ങൾക്ക് 212 466 6001 അല്ലെങ്കിൽ 516 610 0095.



## പാസ്പോർട്ടിൽ നിർണായക ഉത്തരവുമായി ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: പാസ്പോർട്ട് എടുക്കുമ്പോൾ പിതാവിന്റെ സ്ഥാനത്ത് രണ്ടാനച്ഛന്റെ പേരായിരുന്നതിനാൽ പിന്നീട് യഥാർഥ അച്ഛന്റെ പേര് ചേർക്കാനാവില്ലെന്ന കേന്ദ്രസർക്കാർ വാദം ഡൽഹി ഹൈക്കോടതി തള്ളി. കുട്ടിക്ക് പ്രായപൂർത്തിയായതോടെ, യഥാർഥ അച്ഛന്റെ പേരുതന്നെ പാസ്പോർട്ടിൽ ചേർക്കണമെന്ന ആവശ്യം നടപ്പാക്കാൻ ഗോവ സ്വദേശിയുടെ ഹർജിയിൽ വിദേശകാര്യ മന്ത്രാലയത്തോട് ഡൽഹി ഹൈക്കോടതി നിർദേശിച്ചു.

ഗിൽഹെർമിന ഫ്രാൻസിസ്ക ലുസ് ഡിസൂസ ക്രാൻസ്റ്റന്റെ കുട്ടിയായ സിജി റാഖേൽ ക്രാൻസ്റ്റണിന്റെ പാസ്പോർട്ടിൽ രണ്ടാനച്ഛനായ പോൾ രവി റോഡ്രിഗസിന്റെ പേരാണുണ്ടായിരുന്നത്. കുട്ടിയുടെ യഥാർഥ പിതാവ് സിഡ്നി ആർതർ ക്രാൻസ്റ്റണുമായി ഗിൽഹെർമിന 1986–ൽ വേർപിരിയുകയും റോഡ്രിഗ്സിനെ വിവാഹം കഴിക്കുകയുമായിരുന്നു. 1982–ൽ ജനിച്ച സിജി റാഖേലിന് പ്രായപൂർത്തിയായതോടെയാണ് പാസ്പോർട്ടിൽ യഥാർഥ പിതാവിന്റെ പേരുതന്നെ വേണമെന്ന് തോന്നിയത്. അപേക്ഷ വിദേശകാര്യ മന്ത്രാലയം തള്ളിയതോടെ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

യഥാർഥ മാതാപിതാക്കളുടെ (ബയോളജിക്കൽ പേരെന്റ്സ്) പേരുമാറ്റി രണ്ടാനച്ഛന്റെയോ രണ്ടാനമ്മയുടെയോ പേര് ചേർക്കാനേ നിയമമുള്ളൂ എന്നും തിരിച്ചുചെയ്യാൻ വ്യവസ്ഥയില്ലെന്നുമാണ് വിദേശകാര്യ മന്ത്രാലയം അറിയിച്ചത്. രണ്ടു വർഷത്തോളം നീണ്ട കോടതി നടപടികൾക്കൊടുവിൽ സർക്കാർ വാദം ഹൈക്കോടതി തള്ളുകയായിരുന്നു. അപേക്ഷകന്റെ പാസ്പോർട്ടിൽ യഥാർഥ പിതാവിന്റെ പേരു ചേർക്കാൻ ഹൈക്കോടതി വിധിച്ചു. ഇതൊരു കീഴ്വഴക്കമാക്കരുതെന്ന സർക്കാരിന്റെ അഭ്യർഥനയും കോടതി തള്ളി. അപേക്ഷകനുവേണ്ടി അഭിഭാഷകരായ സുഭാഷ് ചന്ദ്രൻ, എൽ.ആർ. കൃഷ്ണ എന്നിവർ ഹാജരായി.

### മൂന്നാറിലെ ഭൂമി കയ്യേറ്റം:

## സർക്കാരിന് ഹൈക്കോടതിയുടെ രൂക്ഷവിമർശനം

കൊച്ചി: മൂന്നാർ മേഖലയിലെ ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട കേസുകളിൽ വീഴ്ച സംഭവിച്ചതിൽ സർക്കാരിനെ രൂക്ഷമായി വിമർശിച്ചും ചോദ്യങ്ങൾ ഉന്നയിച്ചും ഹൈക്കോടതി. വീഴ്ച സംഭവിച്ചതിൽ വിശദീകരണം നൽകാൻ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന് ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് എസ്. മനു എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് നിർദേശം നൽകി.

മൂന്നാറിൽ വ്യാജ പട്ടയങ്ങൾ വിതരണം ചെയ്യാൻ നേതൃത്വം നൽകിയ മുൻ അഡീ. തഹസിൽദാർ എം.ഐ. രവീന്ദ്രനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞ കോടതി, രവീന്ദ്രൻ അനുവദിച്ച പട്ടയങ്ങളുടെ വിശദാംശങ്ങൾ സമർപ്പിക്കാനും നിർദേശിച്ചു. അഞ്ഞൂറിലധികം വ്യാജ പട്ടയങ്ങളാണ് രവീന്ദ്രൻ നൽകിയത്. രവീന്ദ്രന് മാത്രമായി അത് ചെയ്യാനാകില്ല. മറ്റ് ആളുകൾക്കും ഇതിൽ പങ്കുണ്ട്. ഇത് സംബന്ധിച്ച അന്വേഷണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്? പ്രതിയായ രവീന്ദ്രനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നോ? രവീന്ദ്രന് പെൻഷൻ ലഭിക്കുന്നുണ്ടോയെന്നും കോടതി ചോദിച്ചു. ഇക്കാര്യങ്ങൾ അറിയിക്കാൻ സർക്കാരിനോടും നിർദേശിച്ചു.

മൂന്നാറിലെ കൈയേറ്റം ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ട് വൺ എർത്ത് വൺ ലൈഫ് എന്ന സംഘടനയടക്കം ഫയൽ ചെയ്ത ഹർജികളാണ് കോടതിയുടെ പരിഗണനയിലുള്ളത്. മൂന്നാർ കൈയേറ്റങ്ങൾ സംബന്ധിച്ച അന്വേഷണം സിബിഐക്ക് വിടേണ്ടതുണ്ടോയെന്ന് ഡിജിപിയുടെ വിശദീകരണത്തിന് ശേഷം തീരുമാനിക്കും.

കൈയേറ്റ കേസുകളിൽ പ്രതികളായ 42 പേരെയാണ് കുറ്റവിമുക്തരാക്കിയതെന്ന് കോടതി ചൂണ്ടിക്കാട്ടി. അങ്ങനെയെങ്കിൽ എന്ത് അന്വേഷണമാണ് നടന്നത്? ക്രിമിനൽ ഗൂഢാലോചന മാത്രമാണ് പലർക്കെതിരെയും ചുമത്തിയത്. ഗൗരവത്തിലുള്ള അന്വേഷണം നടത്തിയിട്ടില്ല. തോറ്റ കേസുകളിൽ അപ്പീൽ നൽകാതിരുന്നത് എന്തുകൊണ്ടാണ്. കൈയേറ്റവുമായി ബന്ധപ്പെട്ട് വിചാരണ കോടതികൾ തീർപ്പാക്കിയകേസുകൾ സ്വമേധയാ വീണ്ടും പരിഗണിക്കുന്നത് സംബന്ധിച്ച് ഡിവിഷൻ ബെഞ്ച് ആലോചിക്കും.

അന്വേഷണം ഇപ്പോൾ കൈമാറുന്നില്ലെങ്കിലും സിബിഐയെ കേസിൽ കക്ഷി ചേർക്കും. ഓരോ കേസുകളും വെവ്വേറെ പരിശോധിക്കുകയും ചെയ്യും. സത്യം പുറത്തുവരാൻ കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തണമെന്നും വിവാദ വ്യാജ പട്ടയങ്ങളുടെപേരിൽ അറിയപ്പെടുന്ന രവീന്ദ്രൻ ഇപ്പോൾ ലാൻഡ് കൺസൾട്ടന്റായി പ്രവർത്തിക്കുകയാണെന്നും അമിക്കസ് ക്യൂറിമാർ കോടതിയെ അറിയിച്ചു.

## കാർ സ്വിമ്മിങ് പൂളാക്കിമാറ്റിയ യു ട്യൂബർ മോട്ടോർ വാഹനവകുപ്പിന്റെ പിടിയിലായി

ആലപ്പുഴ: വീഡിയോ വൈറലാക്കാൻ ടാറ്റ സഫാരി കാറിന്റെ നടുവിലെ സീറ്റഴിച്ചുമാറ്റി കുളമൊരുക്കി യാത്ര ചെയ്ത യു ട്യൂബറും സംഘവും മോട്ടോർ വാഹനവകുപ്പിന്റെ (എംവിഡി) പിടിയിലായി. സഞ്ജു ടെക്കി എന്നറിയപ്പെടുന്ന യു ട്യൂബർ കലവൂർ സ്വദേശി സഞ്ജുവിനും സുഹൃത്ത് സൂര്യനാരായണനും എതിരെയാണു നടപടി.



കാർ പിടിച്ചെടുത്ത് രജിസ്ട്രേഷൻ റദ്ദാക്കി. സഞ്ജുവിനെതിരെ ആറു വകുപ്പുകൾ പ്രകാരം മോട്ടോർ വാഹനവകുപ്പ് കേസെടുത്തു.

വാഹനമോടിച്ച സൂര്യനാരായണന്റെ ലൈസൻസ് ഒരു വർഷത്തേക്കു സസ്പെൻഡു ചെയ്തു. ഇരുവരും ഒരാഴ്ച ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ അപകടത്തിൽപ്പെട്ടു കഴിയുന്നവർക്കു സേവനം ചെയ്യണം. മലപ്പുറം എടപ്പാളിലുള്ള മോട്ടോർവാഹന വകുപ്പിന്റെ കേന്ദ്രത്തിൽ ഡ്രൈവിങ്ങും റോഡുസുരക്ഷയും സംബന്ധിച്ച ബോധവത്കരണ ക്ലാസിൽ പങ്കെടുക്കുകയും വേണം. ഈയിടെയാണ് കാറിനുള്ളിൽ കുളമൊരുക്കി ഉല്ലസിച്ചു സഞ്ചരിക്കുന്ന വീഡിയോ അപ്ലോഡുചെയ്തത്. സീറ്റഴിച്ച് പടുത (ടാർപോളിൻ) വിരിച്ചാണ് വെള്ളംനിറച്ചത്. തുടർന്ന് കുളിച്ചും കരിക്കു കുടിച്ചും ആഘോഷിച്ചായിരുന്നു യാത്ര.

ഇതിനിടയിൽ വെള്ളം ചോർന്ന് കാറിനകത്തു പരന്നു. നനഞ്ഞ എയർബാഗ് പൊട്ടി. തുടർന്ന് അകം മുഴുവൻ വെള്ളം നിറഞ്ഞു. പൂന്തോപ്പ് സെന്റ് മേരീസ് സ്കൂളിനുമുന്നിൽ വിദ്യാർത്ഥികളുടെയും യാത്രക്കാരുടെയും മുന്നിലായിരുന്നു സംഭവം. ഇതെല്ലാം അപ്പപ്പോൾ സഞ്ജു യു ട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്തിരുന്നു. ഇതാണ് നടപടിയിലേക്കു നയിച്ചത്. കുട്ടികൾ വരുമ്പോൾ വാതിൽ തുറന്ന് പടുതയിലെ വെള്ളം പുറത്തേക്കൊഴുക്കിയത് ഗുരുതരമായ സുരക്ഷാപ്രശ്നമാണെന്ന് എംവിഡി പറഞ്ഞു.

## അപൂർവരോഗത്തിനുള്ള ശസ്ത്രക്രിയ വൻ വിജയം

കോട്ടയം: അറിയാതെ മലവും മൂത്രവും പോകുന്ന രോഗംമൂലം ഏറെ ബുദ്ധിമുട്ടിയിരുന്ന 14 വയസ്സുകാരിക്ക് അപൂർവ ശസ്ത്രക്രിയ വിജയകരമായി നടത്തി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി. സാക്രൽ എജെനെസിസ് എന്ന രോഗമായിരുന്നു കുട്ടിക്ക്. നട്ടെല്ലിനോട് ചേർന്നുള്ള ഭാഗത്തെ ശസ്ത്രക്രിയ ആയതിനാൽ പരാജയപ്പെട്ടാൽ ദേഹം പൂർണമായി തളർന്നു പോകാനും മലമൂത്രവിസർജനം അറിയാത്ത നിലയിലാകാനും സാധ്യതയുണ്ടായിരുന്നു. അതിസങ്കീർണമായ ശസ്ത്രക്രിയയാണ് മെഡിക്കൽ കോളജ് ന്യൂറോ സർജറി വിഭാഗം വിജയകരമാക്കിയത്. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ സംഘത്തെ മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. സ്കൂളിൽ ആരോഗ്യ പരിശോധനയ്ക്കായി എത്തിയ, ആരോഗ്യ കേരളം നേഴ്സ് ലീനാ തോമസിന്റെ ഇടപെടലാണ് കുട്ടിയുടെ ജീവിതത്തിൽ വഴിത്തിരിവായത്. കുട്ടി ഡയപ്പർ ധരിച്ചിരിക്കുന്നത് ഇവർ ശ്രദ്ധിച്ചു. കൂടുതൽ അന്വേഷിച്ചപ്പോഴാണ് തന്റെ ജന്മനായുള്ള അസുഖത്തെക്കുറിച്ച് നേഴ്സിനോട് പറയുന്നത്. ദിവസവും അഞ്ചുമുതൽ ആറുവരെ ഡയപ്പർ മാറി ധരിക്കേണ്ടിവന്നിരുന്നു. നട്ടെല്ലിന്റെ താഴ്ഭാഗത്തെ എല്ല് പൂർണമായി വളരാത്തതിനാൽ, ആ ഭാഗത്തെ നാഡികൾ തൊലിയോട് ഒട്ടിച്ചേർന്നിരിക്കുന്ന അവസ്ഥയിലായിരുന്നു. ലീനാ തോമസ്, ജില്ലാ ആർബിഎസ്കെ കോ–ഓർഡിനേറ്റർക്ക് ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകി. അതിന്റെ അടിസ്ഥാനത്തിൽ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ കോട്ടയം മെഡിക്കൽ കോളജിൽ സൗജന്യ വിദഗ്ധ ചികിത്സയ്ക്കുള്ള സാഹചര്യം ഒരുക്കി. സ്വകാര്യ ആശുപത്രികളിൽ ഈ ശസ്ത്രക്രിയയ്ക്ക് കുറഞ്ഞത് അഞ്ചുലക്ഷം രൂപയെങ്കിലും ചെലവ് വരും.



# അവധിക്കാലം കഴിഞ്ഞു; ഇനി പഠനകാലം

തിരുവനന്തപുരം: മധ്യവേനലവധിക്കുശേഷം കേരളത്തിലെ സ്കൂളുകളും കോളജുകളും ജൂൺ മൂന്നിന് തുറന്നു. സ്കൂൾ പ്രവേശനോത്സവ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം എളമക്കര ഗവ. ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. 2,44,646 കുട്ടികളാണ് കേരളത്തിൽ ഇത്തവണ ഒന്നാംക്ലാസിലെത്തിയത്. ഈയാഴ്ചയും പ്രവേശനം തുടരും. അഞ്ച്, എട്ട് ക്ലാസുകളിലും പുതുതായി കുട്ടികളെത്തുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ആറാം പ്രവൃത്തി ദിനമായ 10-ന് അന്തിമ കണക്കെടുപ്പ് നടക്കും.



സ്കൂൾപ്രവേശന സംസ്ഥാനതലോദ്ഘാടനം എറണാകുളം എളമക്കര ഗവ. ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തപ്പോൾ

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിച്ചതിനാൽ ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിൽ പുതിയ പുസ്തകങ്ങൾ ഉള്ളതാണ് ഈ വർഷത്തെ പുതുമ. ജൂലൈ ഒന്നിന് നാലുവർഷ ബിരുദത്തിലേക്കു പ്രവേശിക്കുമെന്നതാണ് ഉന്നതവിദ്യാഭ്യാസത്തിലെ പ്രത്യേകത.

# വിദ്യാർത്ഥികളെ നിരീക്ഷിക്കാൻ പ്രത്യേക പോലീസ് സംഘം

കോട്ടയം: വിദ്യാർത്ഥികളെ നിരീക്ഷിക്കാൻ ജൂൺ ഒന്നു മുതൽ ജില്ലാ പോലീസിന്റെ സ്പെഷൽ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ. സ്കൂളുകൾ, കോളജുകൾ എന്നിവ കേന്ദ്രീകരിച്ച് അതീവ ജാഗ്രതയാണ് പോലീസ് സ്വീകരിച്ചിരിക്കുന്നതെന്ന് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് പറഞ്ഞു. സ്കൂളുകളിൽ നിരീക്ഷണത്തിനായി പ്രത്യേകം മഫ്തി പോലീസിനെ നിയോഗിച്ചു. സ്കൂൾ പരിസരത്ത് രാവിലെയും വൈകിട്ടും ഗതാഗതസുരക്ഷയൊരുക്കാൻ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. സ്കൂൾ പരിസരങ്ങളിൽ പുകയില ഉൽപന്നങ്ങൾ, ലഹരിപാനീയങ്ങൾ തുടങ്ങിയവയുടെ വിൽപന യും ഉപയോഗവും തടയുന്നതിനായി റെയ്ഡുകൾ നടത്തും. ജനമൈത്രി പോലീസും വ്യാപാരി വ്യവസായി സംഘടനകളും ചേർന്ന് സ്കൂൾ പരിസരത്തുള്ള കടകൾക്കു മുൻപിൽ 'ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നതല്ല' എന്ന ബോർഡ് പ്രദർശിപ്പിക്കും. ഹെഡ്മാസ്റ്റർമാർ, പിടിഎ പ്രസിഡന്റ്, സ്റ്റേഷൻ ഹൗസ് ഓഫീസർ, പോലീസ് ഉദ്യോഗസ്ഥർ, വാർഡ് മെമ്പർമാർ, സ്കൂൾ ലീഡർ, മാതാപിതാക്കൾ, അധ്യാപകർ, വ്യാപാരി, ഓട്ടോറിക്ഷ ഡ്രൈവർ, ജാഗ്രതാ സമിതി, എസ്പിസി പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തിയാണ് സ്കൂൾ സ്പെഷൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് പ്രവർത്തിക്കുന്നത്.

**വിദ്യാർത്ഥികൾ ശ്രദ്ധിക്കാൻ:** സ്കൂളിൽ ക്ലാസുകൾ അവസാനിച്ചതിനുശേഷം വീടുകളിൽ പോകാതെ നടക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യും. സ്കൂൾ പരിസരങ്ങളിലുള്ള അപരിചിതരായ ആളുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കും. ചൂഷണം ലക്ഷ്യമാക്കി കുട്ടികളുമായി ചങ്ങാത്തം കൂടുന്നവരെ നിരീക്ഷിച്ച് ബന്ധപ്പെട്ടവരെ അറിയിക്കും. സ്കൂൾ ഡ്രൈവർമാരും കുട്ടികളെ എത്തിക്കുന്ന മറ്റുവാഹനങ്ങളിലെ ഡ്രൈവർമാരും മദ്യപിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യും.


# അന്നമ്മ ഏബ്രഹാം അന്തരിച്ചു



ഹൂസ്റ്റൺ: ഐപിസി ഹെബ്രോൺ ഹൂസ്റ്റൺ സഭാംഗമായ പെരുമ്പലത്ത് പി.എം. ഏബ്രഹാമിന്റെ (ബേബിച്ചൻ) സഹധർമ്മിണി അന്നമ്മ ഏബ്രഹാം (കുഞ്ഞനാമ്മ-73) അന്തരിച്ചു. നിലമ്പൂർ, എടക്കര വടക്കേപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ബ്ലസൺ ഏബ്രഹാം, സാജൻ ഏബ്രഹാം. മരുമക്കൾ: ജോളി, ഷീന. ജൂൺ 7-ന് വെള്ളിയാഴ്ച വൈകിട്ട് 6.30 മുതൽ 8.30 വരെ ഐപിസി ഹെബ്രോൺ ഹൂസ്റ്റൺ ചർച്ചിൽ (4660 S Sam Houston Pkwy E, Houston, TX 77048) മൃതദേഹം പൊതുദർശനത്തിനു വെക്കും. തുടർന്ന് അനുസ്മരണ സമ്മേളനവും നടക്കും. 8-ന് ശനിയാഴ്ച രാവിലെ 9 മുതൽ 11 വരെ സഭാമന്ദിരത്തിൽ വെച്ച് സംസ്കാര ശുശ്രൂഷകൾക്ക് ശേഷം South Park Funeral home, 1310 N Mail St. Pearland, TX 77581 സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും. സംസ്കാര ശുശ്രൂഷകൾ തത്സമയ-സ്ട്രീമിംഗ് മുഖാന്തരം prayermountmedia.com എന്ന ഓൺലൈനിൽ ഉണ്ടായിരിക്കും.

# ദൈവദാസ പദവിയിലേക്ക് ഫാ. ആർമണ്ട് മാധവത്ത്

തലശേരി: പട്ടാരം വിമലഗിരി, ഭരണങ്ങാനം അസീസി ധ്യാനകേന്ദ്രങ്ങളുടെ സ്ഥാപകനും കപ്പൂച്ചിൻ സന്യാസശ്രേഷ്ഠനുമായിരുന്ന ഫാ. ആർമണ്ട് മാധവത്ത് കപ്പൂച്ചിൻ ദൈവദാസ പദവിയിലേക്ക്. നാമകരണ നടപടികൾക്ക് അംഗീകാരം നല്കിക്കൊണ്ടുള്ള അറിയിപ്പ് വത്തിക്കാനിൽനിന്നു ലഭിച്ചതായി തലശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി അറിയിച്ചു.



മലബാറിൽനിന്നുള്ള സീറോ മലബാർ സഭയുടെ ആദ്യത്തെ ദൈവദാസനാണ് ആർമണ്ട് മാധവത്തച്ചൻ. കപ്പൂച്ചിൻ ആധ്യാത്മികത തന്റെ സാന്നിധ്യത്തിലൂടെയും പ്രഭാഷണത്തിലൂടെയും ജനങ്ങളിലേക്ക് എത്തിക്കാൻ ആർമണ്ടച്ചനു സാധിച്ചു. കേരള സഭയിൽ കരിസ്മാറ്റിക് നവീകരണത്തിന് തുടക്കം കുറിച്ചത് ആർമണ്ടച്ചന്റെ നേതൃത്വത്തിലായിരുന്നു. അച്ചന്റെ വിശുദ്ധിയെ സഭയുടെ മുന്നിൽ എത്തിക്കാനുള്ള തലശേരി അതിരൂപതയുടെയും കപ്പൂച്ചിൻ സഭയുടെയും ശ്രമങ്ങളെ റോമിലെ വിശുദ്ധരുടെ നാമകരണത്തിനുള്ള കാര്യാലയം അംഗീകരിച്ചതായുള്ള അറിയിപ്പ് തലശേരി അതിരൂപത കാര്യാലയത്തിൽ ലഭിച്ചു. ദൈവദാസപദവി പ്രഖ്യാപനവും തുടർനടപടികളും പിന്നീട് നിശ്ചയിക്കുമെന്ന് തലശേരി അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനിയും നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ ഫാ. ജിതിൻ ആനിക്കുഴിയിലും അറിയിച്ചു.

മലബാറിൽനിന്നുള്ള സീറോ മലബാർ സഭയുടെ ആദ്യത്തെ ദൈവദാസനാണ് ആർമണ്ടച്ചൻ എന്നത് സഭയ്ക്ക് അഭിമാനാർഹമാണെന്ന് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. ആർമണ്ടച്ചന്റെ ആധ്യാത്മികശൈലിയും നേതൃത്വവും ഏവർക്കും അനുകരണീയമായിരുന്നു. കുടിയേറ്റ ജനതയുടെ ആത്മീയജീവിതശൈലിക്ക് ലഭിച്ച അംഗീകാരം കൂടിയാണ് അച്ചന്റെ ദൈവദാസ പദവിയെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

# ജപ്പാനിൽ മലയാളി ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ

ന്യൂഡൽഹി: ജപ്പാനിലെ ഇന്ത്യൻ എംബസിയിൽ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ ആയി പാലക്കാട് സ്വദേശി ആർ. മധുസൂദൻ നിയമിതനായി. ടോക്യോയിലെ ഇന്ത്യൻ എംബസിയിൽ അടുത്തയാഴ്ച ചുമതലയേൽക്കും. പാലക്കാട് രാമശ്ശേരി സ്വദേശിയായ ആർ. മധുസൂദൻ 2007 ബാച്ച് ഐഎഫ്എസ് ഉദ്യോഗസ്ഥനാണ്. ഐക്യരാഷ്ട്ര സംഘടനയിലെ ഇന്ത്യയുടെ പെർമനന്റ് മിഷനിൽ പ്രവർത്തിച്ചിരുന്നു.

ഡോ. അന്നപൂർണയാണ് ഭാര്യ. മധുസൂദന്റെ നിയമനത്തോടെ ജപ്പാനിലെ ഇന്ത്യൻ എംബസിയുടെ ഉന്നത പദവികളിൽ രണ്ട് മലയാളികളായി. ജപ്പാനിലെ ഇന്ത്യൻ അംബാസഡർ സിബി ജോർജ് കോട്ടയം ജില്ലയിലെ പാലാ സ്വദേശിയാണ്.

# കെജ്‌രിവാൾ വീണ്ടും ജയിലിൽ

(4-ാം പേജിൽനിന്നും)

തെരഞ്ഞെടുപ്പ് പ്രചാരണത്തിന് 21 ദിവസത്തെ ഇടക്കാല ജാമ്യം അനുവദിച്ചതിൽ കോടതിക്ക് കെജ്‌രിവാൾ നന്ദി അറിയിച്ചു. ഈ ദിവസങ്ങളിൽ സ്വേച്ഛാധിപത്യം അവസാനിപ്പിക്കുന്നതിന് ആം ആദ്മിക്കും ഇന്ത്യാ മുന്നണിക്കുമൊപ്പം ഒരു നിമിഷംപോലും പാഴാക്കാതെ താൻ പോരാടിയെന്നും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്ര, ഹരിയാന, ഉത്തർപ്രദേശ്, പഞ്ചാബ്, ജാർഖണ്ഡ് എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ താൻ പങ്കെടുത്തതായും അദ്ദേഹം പറഞ്ഞു. തനിക്കെതിരെ തെളിവുകൾ ഹാജരാക്കാൻ ഇതുവരെ എതിരാളികൾക്കു സാധിച്ചിട്ടില്ലെന്നും എങ്കിലും താൻ ജയിലിലാണെന്നും കെജ്‌രിവാൾ കുറ്റപ്പെടുത്തി. എക്സിറ്റ് പോളുകൾ വ്യാജമാണെന്നും ഫലം വരുമ്പോൾ എല്ലാം മനസിലാകുമെന്നും അദ്ദേഹം പറഞ്ഞു.

മദ്യനയക്കേസുമായി ബന്ധപ്പെട്ട് മാർച്ച് 21-നാണ് കെജ്‌രിവാളിനെ ഇഡി അറസ്റ്റ് ചെയ്തത്. തുടർന്ന് തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ പങ്കെടുക്കാൻ മെയ് പത്തിന് 21 ദിവസത്തെ ഇടക്കാല ജാമ്യം സുപ്രീംകോടതി അനുവദിച്ചു. ഇടക്കാല ജാമ്യം ഏഴു ദിവസം കൂടി നീട്ടി നൽകണമെന്ന കെജ്‌രിവാളിന്റെ ആവശ്യം കോടതി പരിഗണിച്ചില്ല. ഇതേത്തുടർന്നാണ് ജയിലിലേക്കു മടങ്ങിയത്.

ഏകാധിപത്യത്തിനെതിരെ ശബ്ദമുയർത്തിയതിനാണ് ജയിലിലായതെന്നും തനിക്കെതിരെ തെളിവുകളില്ലെന്ന് പ്രധാനമന്ത്രിതന്നെ സമ്മതിച്ചതാണെന്നും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ പറഞ്ഞു.

ഇന്ത്യയിലെ ഏകാധിപതികളിൽനിന്ന് രക്ഷിക്കാനാണ് താൻ ജയിലിൽ പോകുന്നത്. ഭഗത്സിങ്ങിനെപ്പോലെ തൂക്കിലേറാൻ തയ്യാറാണെന്നും കെജ്‌രിവാൾ വ്യക്തമാക്കി. ജാമ്യക്കാലാവധി അവസാനിച്ച് തിഹാർ ജയിലിലേക്ക് മടങ്ങുന്നതിനുമുമ്പ് പാർട്ടി ആസ്ഥാനത്ത് അണികളെയും നേതാക്കളെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജയിലിനുപുറത്ത് ചെലവഴിച്ച 21 ദിവസത്തിൽ ഒരു മിനിറ്റുപോലും പാഴാക്കിയില്ല.

ഇന്ത്യയെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായി ഒട്ടേറെ സംസ്ഥാനങ്ങളിൽ യാത്രചെയ്തു. 'അധികാരത്തിലിരിക്കുന്നവർ ഏകാധിപതികളാകുമ്പോൾ ജയിലിൽപോകുകയെന്നത് ഓരോ പൗരന്റെയും കടമയാണ്'- ഭഗത് സിംഗിന്റെ വരികൾ ഉദ്ധരിച്ച് കെജ്‌രിവാൾ പറഞ്ഞു.

# തമിഴ്നാട് മാതൃകയിൽ മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കാൻ സർക്കാർ

തിരുവനന്തപുരം: മരണാനന്തരം അവയവദാനം നടത്തുന്നവർക്കും കുടുംബങ്ങൾക്കും ആദരവ് നല്കാനൊരുങ്ങി കേരള സർക്കാർ. മരണാനന്തരം അവയവദാനം നടത്തുന്നവരുടെ സംസ്കാരം തമിഴ്നാട് മാതൃകയിൽ ഔദ്യോഗിക ബഹുമതികളോടെ നടത്താനാണ് ആലോചന.

കളക്ടറോ മറ്റ് ഉന്നത ഉദ്യോഗസ്ഥരോ സംസ്കാരച്ചടങ്ങിൽ പങ്കെടുക്കും. സർക്കാരിന്റെ പ്രശംസാപത്രം കുടുംബത്തിന് കൈമാറും. ഈ മാറ്റങ്ങൾ വരുന്നതോടെ കേരളത്തിൽ മരണാനന്തര അവയവദാനം വർദ്ധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷ. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പിൻവലിച്ചശേഷം തീരുമാനമുണ്ടാകും. മരണാനന്തരം അവയവദാനത്തിനായി 2012-ൽ കേരളത്തിൽ മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചതിനുശേഷം നിരവധി കുടുംബങ്ങൾ മസ്തിഷ്കമരണം സംഭവിച്ച ബന്ധുക്കളുടെ അവയവങ്ങൾ ദാനം ചെയ്തിരുന്നു. അവയവ കച്ചവടം നടക്കുന്നതായുള്ള തെറ്റായ വാർത്തകൾ വന്നതോടെ അവയവദാനം കുറഞ്ഞു. പദ്ധതി ആരംഭിച്ച 2012-ൽ 22 അവയവങ്ങളാണ് മൃതസഞ്ജീവനി പദ്ധതി വഴി രോഗികൾക്ക് നല്കിയത്. 2015-ൽ 218 അവയവങ്ങൾ ദാനം ചെയ്തു. 132 കിഡ്നികളും 14 ഹൃദയവും 2015-ൽ രോഗികൾക്ക് നല്കാനായി. പിന്നീട് അവയവദാനത്തിൽ കുറവുണ്ടായി. 2016-ൽ ദാനം ചെയ്ത അവയവങ്ങളുടെ എണ്ണം 199 ആയി. 2017-ൽ 60 എണ്ണമായി കുറഞ്ഞു. 2018-ൽ 29 ആയി. കഴിഞ്ഞവർഷം 32 അവയവങ്ങളാണ് ദാനം ചെയ്തത്.

കിഡ്നിക്കായി മാത്രം കേരളത്തിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നത് 1964 പേരാണ്. അവയവദാനം നടത്തുന്നവരുടെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ നടത്താൻ തമിഴ്നാട് തീരുമാനിച്ചതിനുശേഷമാണ് ദാനത്തിനു സന്നദ്ധരാകുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചത്.

# SEEKING BRIDEGROOM

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters.
If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time

# SEEKING BRIDE

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

# SEEKING BRIDEGROOM CONTD.....

as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## സി.ജെ. ഫിലിപ്പ്

**കുമരകം:** ചിറത്തറ സി.ജെ. ഫിലിപ്പ് (68) അന്തരിച്ചു. ഭാര്യ കുമരകം കൊച്ചുപറമ്പിൽ ഡോളി. മക്കൾ: ടോണി ഫിലിപ്പ് (യുഎസ്), സാർത്തു ഫിലിപ്പ്. മരുമക്കൾ: ബ്രിജിത്ത് പാലേത്ത് തലയോലപ്പറമ്പ് (യുഎസ്), ബിഗിൽ താമലിൽ റാന്നി (ബെംഗ്ളൂരു).

## മേരി മാത്യു

**പാലാ:** വെള്ളിയേപ്പള്ളി ഇലവുകുന്നേൽ മേരി മാത്യു (91) അന്തരിച്ചു. ചെത്തിമറ്റം വലിയപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഇ.വി. മാത്യു. മക്കൾ: ജോയ് (റിട്ട. പി.ഡബ്ല്യുഡി), ലീലാമ്മ ജോൺ, ബേബി (യുഎസ്), ആലീസ്, സണ്ണി (കാനഡ), ബെന്നി, ഡോ. പ്രകാശ് (ഹോമിയോ ക്ലിനിക് പാലാ). മരുമക്കൾ: ലിസി ജോയി മുതിരക്കാലായിൽ, എം.ടി. ജോൺ മുണ്ടക്കൽ, റോസ്‌ലി മാത്യു ആരോളിചാലിൽ (യുഎസ്), പി.എം. മാത്യു പൂവംതുരുത്തിൽ, ലിസ സണ്ണി ഓലിയംപ്ലാവിൽ (കാനഡ), ജ്യോതി ബെന്നി മംഗലത്ത്, സിന്ധു മാത്യു അറയ്ക്കത്താഴത്ത്.

## തോമസ് ചെറിയാൻ

**തിരുവാങ്കുളം:** യുഎഇ അഗ്രിക്കൾച്ചർ ആൻഡ് ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ സയന്റിസ്റ്റായിരുന്ന മുക്കഞ്ചേരിൽ തോമസ് ചെറിയാൻ (അനിയൻ-80) അന്തരിച്ചു. ഭാര്യ റാണി കല്ലറയ്ക്കൽ. മക്കൾ: സിന്ധു, സന്ദീപ്. മരുമക്കൾ: ഫിജി, അനിത (എല്ലാവരും ഹൂസ്റ്റണിൽ).

**തിരുവനന്തപുരം:** ദി പെന്തെക്കോസ്ത് മിഷൻ തിരുവനന്തപുരം സെന്റർ സുവിശേഷ പ്രവർത്തക മദർ സൂസമ്മ തോമസ് (83) അന്തരിച്ചു.

**കൈപ്പുഴ:** കോട്ടയം വിസിറ്റേഷൻ സഭാംഗം സിസ്റ്റർ എ.സി. ഏലമ്മ (83) അന്തരിച്ചു.

**കുറുപ്പന്തറ:** പുതുക്കാട്ടിൽ ജോസഫ് (പള്ളിപ്പുറം വാവ -73) അന്തരിച്ചു.

## പുളിക്കിയിൽ സ്കറിയ

**ശാന്തിഗ്രാം:** പുളിക്കിയിൽ സ്കറിയ (96) അന്തരിച്ചു. ഭാര്യ പരേതയായ ത്രേസ്യാമ്മ. മക്കൾ: ഡൊമിനിക്, ജോസഫ്, സ്കറിയ, ഡെയ്സി, ജെസി, റോയി, റെജി, റോബി. മരുമക്കൾ: എഴുകുംവയൽ പുതിയാപറമ്പിൽ ആലീസ്, ഇരട്ടയാർ ചവർനാൽ ലിസി, കോട്ടയം ചാലാനിയിൽ സെലിൻ, തെങ്ങിൻതോട്ടത്തിൽ സെബാസ്റ്റ്യൻ (ന്യൂയോർക്ക്), തൊടുപുഴ അടയ്ക്കനാട്ട് സജി, മാനന്തവാടി കൊച്ചുകുന്നുംപുറത്ത് ജോയിസ്, ചങ്ങനാശേരി മുറിയായിക്കൽ ബെന്നി, കട്ടപ്പന ഇലവുങ്കൽ സീമ.

## കെ.പി. പുന്നൂസ്

**കുറിച്ചി:** കളക്കാട്ട് കൊച്ചിടശ്ശേരിൽ കെ.പി. പുന്നൂസ് (പാപ്പച്ചൻ-88) അന്തരിച്ചു. ഭാര്യ ചിങ്ങവനം കൊല്ലംപറമ്പിൽ കുഞ്ഞമ്മ. മക്കൾ: ഗ്രേസി, ജെയിംസ്, ടെസി, സിസി (യുഎസ്). മരുമക്കൾ: ചിങ്ങവനം മണിമല പരേതനായ എം.സി ചാക്കോ, കല്ലിശേരി പറങ്കാമൂട്ടിൽ ജോസ് മാത്യു, കല്ലിശേരി നൈപ്പള്ളിയിടത്തിൽ സണ്ണി (യുഎസ്), റാന്നി കൊച്ചേത്ത് ബിജി.

## പി.എം. കുര്യൻ

**അരീപ്പറമ്പ്:** തേമ്പള്ളിയിൽ കുടുംബാംഗമായ ചെന്നിക്കരയിൽ പി.എം. കുര്യൻ (കുഞ്ഞുമോൻ-75) അന്തരിച്ചു. ഭാര്യ അമയന്നൂർ പാറയിൽ കുഞ്ഞമ്മ. മക്കൾ: ബിന്ദു (യുഎസ്), ബിജോ. മരുമക്കൾ: ജെയ്സൺ വർഗീസ് നെയ്ത്തേരിൽ പള്ളം (യുഎസ്), പ്രിയ വഞ്ചിപ്പറമ്പ് (ആലപ്പുഴ).

**തിടനാട്:** തിടനാട് ഈറ്റത്തോട്ട് തോമസിന്റെയും മേരി തോമസിന്റെയും മകൻ ഇ.ടി. ജോർജ് (53) അന്തരിച്ചു.

**ഏനാത്ത്:** ദേനാ ബാങ്ക് റിട്ട. ബ്രാഞ്ച് മാനേജർ ഇളങ്ങമംഗലം ഒറ്റമാംവിളയിൽ സാമുവൽ ഡാനിയൽ (76) അന്തരിച്ചു.


## എൽസി ജോസഫ്

**പാലാ:** ചക്കൻകുളത്ത് തറപ്പേൽ എത്സി ജോസഫ് (77) അന്തരിച്ചു. ഇടമറ്റം ഇലഞ്ഞിമറ്റം കുടുംബാംഗമാണ്. ഭർത്താവ് ടി.ജെ. ജോസഫ് (തൃപ്തി ഐസ്ക്രീം പാർലർ). മക്കൾ: റെജി ജോയി (യുഎസ്), റെജു ജോസഫ്, സിസ്റ്റർ റെനി ജോസഫ് (ഹൈദരാബാദ്), രശ്മി ടോണി. മരുമക്കൾ: ജോയി ജോസഫ് പഴേട്ട് ഭരണങ്ങാനം (യുഎസ്), ജോസി റെജു തെങ്ങുംപള്ളിൽ (കുറുപ്പുന്തറ), ടോണി അഗസ്റ്റിൻ വലിയവീട്ടിൽ (അരുവിത്തുറ).

**ചങ്ങനാശേരി:** രാജകുമാരി, പന്തളം എൻ.എസ്.എസ് കോളജുകളിലെ മുൻ പ്രിൻസിപ്പാൾ പഴവാത് ഹരിമ്പയിൽ ഡോ. കെ. എൻ. വിശ്വനാഥൻ നായർ (65) അന്തരിച്ചു.

**കോട്ടയം:** കോട്ടയം അതിരൂപതയിലെ തിരുഹൃദയദാസ സമൂഹാംഗം ഫാ. ജോസ് മമ്പുഴയ്ക്കൽ (59) അന്തരിച്ചു.

## എം.ഇ. ജോസഫ്



**കൊല്ലാട്:** ന്യൂയോർക്കിൽ സുമ ട്രാവൽസ് പാർട്ണർ മുല്ലശേരിൽ എം.ഇ. ജോസഫ് (രാജു-79) ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ വടവാതൂർ തെക്കേടത്ത് അമ്മിണി. മക്കൾ: പ്രീതി, ജോഷ്വ. മരുമക്കൾ: എബി, ജുവാന.

**പാലാ:** ആരാധന മഠാംഗം ജ്യോതിർമയി പ്രോവിൻസ് ഉജ്ജയിൻ അംഗം സിസ്റ്റർ ലൂയിസാ പുകുടിയിൽ (92) അന്തരിച്ചു.

**മുടിയൂർക്കര:** എറണാകുളം അസീസി ഭവനിലെ എഫ്സിസി സന്യാസ സമൂഹത്തിലെ അംഗമായ സിസ്റ്റർ ഇമ്മാക്കുലേറ്റ് (മറിയക്കുട്ടി-95) അന്തരിച്ചു.

**കൊല്ലാട്:** കുന്നപ്പള്ളി പരേതനായ കെ.സി. ഗീവർഗീസിന്റെയും സാറാമ്മയുടെയും മകൻ എംആർഎഫ് ഉദ്യോഗസ്ഥൻ കെ.ജി.സി ഉത്തമൻ (റെജി -56) അന്തരിച്ചു.

## വി.കെ. സുകുമാരൻ

**നെടുങ്കുന്നം:** കടയനിക്കാട് വാക്കനാലിൽ കെഎസ്ഇബി മുൻ എൻജിനീയർ വി.കെ. സുകുമാരൻ (86) അന്തരിച്ചു. ഭാര്യ നാരങ്ങാനം ഇളയിടത്ത് എൻ. ലളിതാഭായി. മക്കൾ: ബിന്ദു സുകുമാരൻ (യുഎസ്), നീതു സുകുമാരൻ (ചെന്നൈ). മരുമക്കൾ: മനോജ് കൃഷ്ണൻ (യുഎസ്), നിർമൽ ഗോപിനാഥ് (ചെന്നൈ).

## റാണി പോൾ



**ചിക്കാഗോ:** പോൾ പുളിക്കലാന്റെ ഭാര്യ റാണി പോൾ (60) മെയ് 27-ന് ചിക്കാഗോയിൽ അന്തരിച്ചു. മക്കൾ: റോഷൻ പോൾ, ഔസേഫ് പോൾ, സ്നേഹ റോസ് പോൾ. മരുമക്കൾ: റിയ സാജു, മാർക്ക് വർഗീസ്. മാതാപിതാക്കൾ: തൊടുപുഴ പാനാത്ത് പരേതരായ പി.ജെ. ഫ്രാൻസണും മോനിയുമാണ് മാതാപിതാക്കൾ. സഹോദരങ്ങൾ: റീന രാജു തോബിയാസ് (ഹൂസ്റ്റൺ), ബീന കോശി (ഹൂസ്റ്റൺ), രാജു പാനാത്ത് (തൊടുപുഴ).

**അതിരമ്പുഴ:** നാല്പാത്തിമല മ്ളാങ്കുഴി പുത്തൻപുര വീട്ടിൽ സെബാസ്റ്റ്യൻ ജോസഫ് (മരിയാ ടോമി-62) അന്തരിച്ചു.

## അമ്മിണി തോമസ്

**ചെങ്ങന്നൂർ:** പുത്തൻകാവ് ചക്കാലയിൽ മലയിൽ അമ്മിണി തോമസ് (92) അന്തരിച്ചു. കോടുകുളഞ്ഞി പള്ളത്തു കിഴക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ സി.എം. തോമസ് (റിട്ട. സെയിൽടാക്സ് ഓഫീസർ). മക്കൾ: ബിനു വർഗീസ് തോമസ്, ജോളി തോമസ് (ഇരുവരും യു.എസ്), ബേബി കോശി, ബിജി മാത്യു തോമസ് (ദുബായ്), രജനി എം. തോമസ് (റിട്ട. കൃഷിവകുപ്പ് ജോ. ഡയറക്ടർ). മരുമക്കൾ: പുത്തൻകാവ് അരക്കനാട്ടിൽ റീന ഏബ്രഹാം, മണിപ്പുഴ ഇടയത്തറ പുത്തൻ വീട്ടിൽ തോമസ് സക്കറിയ (ഇരുവരും യുഎസ്), ചന്ദനപ്പള്ളി മേലേതിൽ ഷീല ബിജി, തിരുവനന്തപുരം ബേത്ത് കൈലാത്ത് സുനു മാമ്മൻ (റിട്ട. മാനേജർ കെഎസ്എഫ്ഇ), എടത്വ മൂന്നിതൈക്കൽ പരേതനായ കോശി ജോൺ.

## സെലിൻ ഇഗ്നേഷ്യസ്

**തിരുവനന്തപുരം:** കുറവൻകോണം വിക്രമപുരം കുന്നിൽ കയ്യാലയ്ക്കകം സെലിൻ ഇഗ്നേഷ്യസ് (92) അന്തരിച്ചു. കാഞ്ഞിരപ്പള്ളി കൊല്ലംകുളം കുടുംബാംഗമാണ്. ഭർത്താവ് പാലാ കയ്യാലയ്ക്കകം കെ.എം. ഇഗ്നേഷ്യസ്. മക്കൾ: കെ.ഐ. മാത്യു (യുഎസ്), ഡോ. കെ.ഐ. ജോസഫ്. മരുമക്കൾ: മിനി മാത്യു മാഞ്ഞൂരാൻ കൊച്ചി, മേരി ജോസഫ് (ആനത്താനം കാഞ്ഞിരപ്പള്ളി).

**കോട്ടയം:** റിട്ട. പ്രധാനാധ്യാപിക തെള്ളകം പറഞ്ഞാട്ട് എം.ടി. അന്നമ്മ (79) അന്തരിച്ചു.

## എം. സദാനന്ദൻ

**പൊൻകുന്നം:** റിട്ട. ആർടിഒ തച്ചപ്പുഴ മിനി കോട്ടേജ് ചരുവിള എം. സദാനന്ദൻ (78) അന്തരിച്ചു. ഭാര്യ ബി. പത്മിനി. മക്കൾ: സി.എസ്. ജെയ്സൺ (അമൽജ്യോതി കോളജ്), ജൻസി ശരത് (ചിക്കാഗോ). മരുമക്കൾ: ആശ ജെയ്സൺ (എംഇഎസ് കോളജ് എരുമേലി), ശരത് ശിവൻ (ചിക്കാഗോ).

**മാവേലിക്കര:** ശ്രീനാരായണഗുരു ധർമ പ്രചാരകൻ പൈനുംമൂട് മലയിൽ കിഴക്കേതിൽ ശ്രീകോവിൽ പി.കെ. രാജേഷ് കുമാർ (59) അന്തരിച്ചു.

## ഏലിയാമ്മ മാത്യു

**പൂവൻതുരുത്ത്:** വെള്ളൂർ മുടിയാറ്റുകരയിൽ ഏലിയാമ്മ മാത്യു (വത്സമ്മ-72) അന്തരിച്ചു. തിരുവാർപ്പ് നേര്യന്തറ കുടുംബാംഗമാണ്. ഭർത്താവ് മാത്യു ഏബ്രഹാം. മക്കൾ: ആശ (യുഎസ്), അനീഷ്. മരുമകൻ: ജോബിൻ സാമുവൽ വരിക്കലേത്ത് ചെങ്ങന്നൂർ (യുഎസ്).

## മേരി ചാക്കോ

**തോട്ടപ്പുഴ:** മുരിങ്ങാശ്ശേരിൽ മണ്ണാരത്തോട്ടിൽ മേരി ചാക്കോ (72) യുഎസിൽ അന്തരിച്ചു. ചെങ്ങരൂർ ചാമത്തിൽ കുടുംബാംഗമാണ്. ഭർത്താവ് ചാക്കോ എം. ചാക്കോ. മക്കൾ: ലൗലി, ലെസ്ലി ലിൻസി. മരുമക്കൾ: ജെബിൻ, സീനാ, വിവിൻ (എല്ലാവരും യുഎസ്).

## കെ.എ. സരസമ്മ

**വായ്പൂര്:** വിശ്രാന്ത് റിട്ട. അധ്യാപിക കെ.എ. സരസമ്മ (88) അന്തരിച്ചു. ഭർത്താവ് പരേതനായ ഡോ. എം.എൻ. ദാമോദരൻ. മക്കൾ: അനിൽകുമാർ (യുഎസ്), സിന്ധു കുമാരി, സന്ധ്യകുമാരി. മരുമക്കൾ: ഗീതാ അനിൽ, ഡോ. സലിം, സി.എ. വിനോദ്കുമാർ.

**കളമ്പൂർ:** സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ റിട്ട. സീനിയർ സയന്റിഫിക് ഓഫീസർ കാനാക്കുഴിയിൽ ഡോ. കെ.പി. മണിലാൽ (63) അന്തരിച്ചു.

## ലീലാമ്മ തോമസ്

**തിരുവല്ല:** റിട്ട. പ്രധാനാധ്യാപിക കുറിയന്നൂർ ഓരേത്ത് തോട്ടത്തുമഠത്തിൽ ലീലാമ്മ തോമസ് (77) അന്തരിച്ചു. കുറിയന്നൂർ ചെറിയവടക്കേടത്ത് തോമ്പിൽ പട്ടശേരിൽ കുടുംബാംഗമാണ്. മാർത്തോമ്മാ സഭ ബസ്ക്യാമ്മ അസോസിയേഷൻ പ്രസിഡണ്ടും മാർത്തോമ്മാ കോർപറേറ്റിലെ വിവിധ സ്കൂളുകളിൽ അധ്യാപികയുമായിരുന്നു. ഭർത്താവ്: റവ. ടി.എ സാമുവൽ. മക്കൾ: ഷാർലറ്റ് (കാനഡ),ജസ്‌ലെറ്റ് (യുഎസ്). മരുമക്കൾ: ചിറയിറമ്പ് മഠത്തിൽ സന്തോഷ് (കാനഡ), തലവടി തെക്കേച്ചിറയിൽ അനിൽ (യുഎസ്).

## ഡി. ഡേവിഡ്

**ഇരവിപേരൂർ:** വൃന്ദാചലം ശാന്തിനിലയത്തിൽ ഡി. ഡേവിഡ് (സണ്ണി-91) അന്തരിച്ചു. ഭാര്യ ഇരവിപേരൂർ പോളച്ചിറക്കൽ ആലീസ് ഡേവിഡ്. മക്കൾ: ഡോ. ജയ്സൺ ഡേവിഡ് (യുഎസ്),ഡോ. ജസ്റ്റിൻ ഡേവിഡ് (തമിഴ്നാട്). മരുമക്കൾ: ഷൈനി ജയ്സൺ (യുഎസ്), ഡോ. വിൻസി ജസ്റ്റിൻ.

## ബേബി കോശി

**പയ്യപ്പാടി:** ഇഞ്ചക്കാട്ട് ബേബി കോശി (85) അന്തരിച്ചു. അമയന്നൂർ തൈപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കോശി ഇഞ്ചക്കാട്ട്. മക്കൾ: മോനിച്ചൻ, അനിയച്ചൻ, മാത്യു കോശി (യുഎസ്), സാജു കോശി (മസ്കറ്റ്). മരുമക്കൾ: പുതുപ്പള്ളി സഹകരണ ബാങ്ക് റിട്ട. മാനേജർ അന്നമ്മ ജോൺ, മിനി, ചെറിയാൻ, ലിബി മാത്യു (യുഎസ്), സിനിമോൾ സാജു (മസ്കറ്റ്).

## ആഗസ്തി വടക്കേടത്ത്

**മേലുകാവുമറ്റം:** വടക്കേടത്ത് ആഗസ്തി (കൊച്ച്-79) അന്തരിച്ചു. ഭാര്യ ഉപ്പുതോട് മുത്തനാട്ട് മേരി. മക്കൾ: സിമി (യുഎസ്), ഷിന്റോ. മരുമക്കൾ: ശശി (യുഎസ്), അനി കരിങ്കുറ്റികുളം (എലിവാലി).

## മേരി തോമസ് അന്തരിച്ചു



ചിക്കാഗോ: ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമായ മേരി തോമസ് (94) അന്തരിച്ചു. സംസ്കാര ശുശ്രൂഷകൾ ജൂൺ 8-ന് ശനിയാഴ്ച രാവിലെ 9-ന് ഡെസ്പ്ലെയിൻസിലുള്ള റിഡ്ജ് വുഡ് ചാപ്പലിൽ ആരംഭിച്ച് ഉച്ചയോടെ റിഡ്ജ് വുഡ് സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കും. അടൂർ പകലോമറ്റം കെങ്കയിൽ പരേതരായ കൊച്ചുകുഞ്ഞ് കോശിയുടെയും അന്നമ്മയുടെയും മകളാണ് പരേത. റാന്നി കണ്ടപ്പേരൂർ തുണ്ടിയിൽ ഇലങ്കത്ത് പരേതനായ സൈമൺ തോമസാണ് ഭർത്താവ്. പൂനയിലും ബോംബെയിലും ദീർഘകാലം താമസിച്ചിരുന്ന ഇവർ ബോംബെ ചെമ്പൂർ ഐപിസിയിലെ സജീവാംഗങ്ങൾ ആയിരുന്നു. 32 വർഷങ്ങൾക്കു മുൻപാണ് മകൻ പ്രമോദ് തോമസിനോടും കുടുംബത്തോടുമൊപ്പം ചിക്കാഗോയിൽ താമസമാക്കിയത്. സുമ (ബോംബെ), സുധ (അറ്റ്ലാന്റ്), പ്രമോദ് (ചിക്കാഗോ), പ്രവീൺ (സൗത്ത് കരോലിന) എന്നിവർ മക്കളും ബാബു, പരേതനായ ജോയ്, റോയ്, ജെസ്സി, സൂസൻ എന്നിവർ മരുമക്കളുമാണ്.

## ലിസമ്മ അഗസ്റ്റിൻ അന്തരിച്ചു



കൊച്ചി: സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ അംഗവും റിട്ട. ജില്ലാ സെഷൻസ് ജഡ്ജിയുമായിരുന്ന എറണാകുളം പ്രോവിഡൻസ് റോഡിൽ മുഞ്ഞപ്പിള്ളി ലിസമ്മ അഗസ്റ്റിൻ (74) അന്തരിച്ചു. മുൻ എംപിയും എംഎൽഎയും നിയമവിദഗ്ദ്ധനും മാധ്യമപ്രവർത്തകനുമായ സെബാസ്റ്റ്യൻ പോളാണ് ഭർത്താവ്. മക്കൾ: ഡോൺ സെബാസ്റ്റ്യൻ (മാധ്യമപ്രവർത്തകൻ നോർവേ), റോൺ സെബാസ്റ്റ്യൻ (ഹൈക്കോടതി അഭിഭാഷകൻ), ഷോൺ സെബാസ്റ്റ്യൻ (മാധ്യമപ്രവർത്തകൻ, ഡോക്യുമെന്ററി സംവിധായകൻ). മരുമക്കൾ: ഡെൽമ ഡൊമിനിക് ചാവറ, സബീന പി. ഇസ്മയിൽ. 1985-ൽ കാസർകോട് മുൻസിഫായി ജുഡീഷ്യൽ സർവീസിൽ പ്രവേശിച്ച പരേത സബ് ജഡ്ജി, ജില്ലാ ജഡ്ജ്, മോട്ടർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ നിയമവകുപ്പിൽ ജോ. സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പോലീസ് അക്കാഡമിയുടെ ഡയറക്ടറും ഹൈക്കോടതി ആർബിട്രേറ്ററുമായിരുന്നു. 'ഫോർഗോട്ടൻ വിക്റ്റിംസ്' എന്ന പുസ്തകം രചിച്ചിട്ടുണ്ട്.

# LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

# CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

# LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom dementia patient Call or text

**317-709-2317**

# RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

## *Favors Received*




*Inserted by: Firm Believer, Houston*

## *Favors Received*




*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ




*Inserted by: Firm Believer, New York*

## ഉപകാരസ്മരണ




*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

## ഉപകാരസ്മരണ



*Inserted by: Firm Believer, Virginia*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

**Visit Our Website:** **www.keralaexpress.com for Classified Advt.**

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കുട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ അനിബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടി ചോദ്യം ചെയ്യുന്നു. ഹേമചന്ദ്രനും ഹരീന്ദ്രനുമാണ് ചന്ദ്രബാബുവിനെ കൊന്നതെന്ന് സുകു വെളിപ്പെടുത്തുന്നു...**

# കാണാത്ത തീരങ്ങൾ

**ജോയ്സി**

## 99

എത്ര ചോദിച്ചിട്ടും ചന്ദ്രബാബുവിന്റെ മൃതദേഹം എവിടെ മറവുചെയ്തെന്ന് കുട്ടിക്കൽ സുകുവിന് അറിയില്ല. സന്ദീപിനെ മാറ്റിനിർത്തിയിട്ട് അനിബാബുവും കൂട്ടരുംഒരിക്കൽക്കൂടി ഭേദ-ദണ്ഡ ക്രിയകൾ സുകുവിന്റെമേൽ നടത്തിനോക്കി.

“എന്നെ കൊന്നാലും എനിക്ക് ഇതിനപ്രത്തോട്ട് ഒന്നും അറിയത്തില്ലേ...” എന്ന് കുട്ടിക്കൽ സുകു ദയനീയമായി നിലവിളിച്ചു.

ചന്ദ്രബാബുവിന്റെ ജഡവുമായി പോയ ജീപ്പ് മുണ്ടക്കയം ടൗണിലേക്കുള്ള പാലത്തിനക്കരെ നിർത്തിയശേഷം സുകുവിനെ ഇറക്കിവിട്ടു എന്നാണ് സുകു ആണയിട്ടു പറയുന്നത്.

“ശരി... തനിക്കറിയില്ല. കുഞ്ഞുമോന് അറിയാമായിരിക്കുമല്ലോ. അയാൾടെ ജീപ്പിലല്ലേ കൊണ്ടുപോയത്.” സന്ദീപ് ചോദിച്ചു.

“കുഞ്ഞുമോന് അറിയാമോന്ന് അറിയാമ്മേല സാറേ.”

“തന്റെ കൂട്ടുകാരനല്ലേ കുഞ്ഞുമോൻ... പിന്നീട് നിങ്ങളുതമ്മിൽ കാണുകേം സംസാരിക്കുകേം ചെയ്തിട്ടില്ലേ?”

“അതൊക്കെയൊണ്ട്. ഞങ്ങളൊന്നിച്ച് പിന്നേം കള്ളുകുടിച്ചിട്ടൊണ്ട്.”

“കുഞ്ഞുമോനോടു ചോദിച്ചില്ലേ താൻ?”

“ചോദിച്ചു സാറേ. ആരായാലും ചോദിക്കുവല്ലോ. ആ ശവം എവിടെക്കൊണ്ടു കളഞ്ഞെന്നു ഞാൻ ചോദിച്ചു. മിണ്ടിപ്പോകരുതെന്നാ കുഞ്ഞുമോൻ എന്നോടു പറഞ്ഞത്. അങ്ങനൊരു സംഭവമേ നടന്നിട്ടില്ലെന്ന്.”

“നിങ്ങള് ഏലപ്പാറ പോയി ചന്ദ്രബാബുവിനെ വിളിച്ചു ജീപ്പിൽ കേറ്റിയതും ജീപ്പിലിട്ട് കൊന്നതും സംഭവിച്ചിട്ടില്ലെന്നോ?” സന്ദീപ് അമ്പരപ്പിൽ തിരക്കി.

“ആണ് സാറേ. അവനങ്ങനാ പറഞ്ഞെ. കുഞ്ഞുമോനോ അവന്റെ ജീപ്പോ ഏലപ്പാറയ്ക്കു പോയിട്ടുമില്ല. ചന്ദ്രബാബുനെ വിളിച്ചു കേറ്റീട്ടുമില്ല. അന്നുരാത്രി അവൻ പനിപിടിച്ച് കാഞ്ഞിരപ്പള്ളി ഇരുപത്താറിലെ ആശുപത്രീലാരുന്നെന്ന്.”

“തനിക്കു സത്യം അറിയാല്ലോ. താൻ ചോദിച്ചില്ലേ?”

“മിണ്ടിപ്പോകരുതെന്നു പറഞ്ഞത് അവനല്ലെന്ന് എനിക്കു മനസ്സിലായി. പിന്നെ ഞാൻ അതേപ്പറ്റി ഒന്നും ചോദിച്ചില്ല.” സുകു പറഞ്ഞു.

“എന്നാലും തനിക്ക് ഒരൂഹം കാണില്ലേ, ചന്ദ്രബാബുന്റെ ഡെഡ്ബോഡി അവരെന്തു ചെയ്യാനാ ഉദ്ദേശിച്ചിരുന്നതെന്ന്?”

“വളഞ്ഞങ്ങാനത്ത് കൊക്കേ തള്ളാനാരുന്നു ഉദ്ദേശിച്ചെ. അതു നടന്നില്ലല്ലോ. പിന്നെയെന്നാ ചെയ്തെന്ന് അറിയത്തില്ല.”

“കൊക്കേത്തള്ളാൻ പറ്റാതെവന്നപ്പോ അടുത്തതായി എന്തു ചെയ്യണംന്ന് ജീപ്പേലിരുന്നോണ്ട് അവരാലോചിച്ചുകാണുമല്ലോ.”

“അവരൊന്നും പറഞ്ഞുകേട്ടില്ല സാറേ.”

“എവിടെങ്കിലും കൊണ്ടുപോയി കുഴിച്ചിടുന്നതിനെപ്പറ്റി സംസാരമുണ്ടായോ?”

സന്ദീപ് എന്തെങ്കിലുമൊരു തുമ്പു കിട്ടുമോന്നറിയാൻ ആവർത്തിച്ചു ചോദിച്ചു.

“അങ്ങനൊന്നും ആരും പറഞ്ഞില്ല സാറേ.”

“കുഞ്ഞുമോൻ ഇപ്പഴും പൊൻകുന്നത്ത് ടാക്സി ജീപ്പ് ഓടിക്കുന്നൊണ്ടോ?”

“ഇല്ല സാറേ. അവനൊക്കെ രക്ഷപ്പെട്ടു. അവന്റെ മക്കളൊക്കെ വളന്ന് അമേരിക്കേലും ആസ്ത്രേല്യായിലുമൊക്കെ പോയി പൈസയൊണ്ടാക്കി. ഇപ്പം വല്യ ബംഗ്ലാവൊക്കെ പണിത് അതിനകത്ത് സുകജീവിതമാ...”

“അന്നത്തെ ആ ജീപ്പ് എന്തുചെയ്തെന്ന് അറിയാമോ?”

“കുഞ്ഞുമോനത് ആർക്കാണ്ട് വിറ്റെന്നാ പറഞ്ഞത്.”

“കുഞ്ഞുമോനിപ്പം എവിടാ താമസം?”

“പൊൻകുന്നം-പാലാ റോഡിലാ സാറേ - റോഡരികിലാ വീട്. വല്യ വീടാ. എന്നെ പിടിച്ചുകെട്ടിയപോലെ അവനെ പിടിക്കാൻ ചെന്നാ വിവരമറിയും... അവനവിടുത്തെ വല്യ പ്രമാണിയാ.” സുകുവിൽനിന്നു കൂടുതലൊന്നും കിട്ടാനില്ലെന്നു മനസ്സിലായപ്പോൾ സന്ദീപ് എഴുന്നേറ്റ് പുറത്തിറങ്ങി അനിബാബുവുമായി സംസാരിച്ചു.

“നമുക്ക് അടുത്തയാളെ നോക്കാം.” അനിബാബു പറഞ്ഞു.

“കുഞ്ഞുമോനെയോ?”

“അവനെത്തന്നെ.”

“ഇയാള് തിരികെച്ചെന്നു മുന്നറിയിപ്പ് കൊടുക്കുവല്ലോ.” സന്ദീപ് ആശങ്കപ്പെട്ടു: “അയാളതനുസരിച്ച് മുൻകരുതലെടുക്കില്ലേ? മാത്രമല്ല, അയാളെ ഇതുപോലെ കയ്യിൽ കിട്ടാനും പ്രയാസമല്ലേ?”

“സാറേ... കിട്ടിയ വിവരം നമുക്കു പോലീസിനെ അറിയിക്കാം. അവരും അന്വേഷിക്കുന്നൊണ്ടല്ലോ. ഇത്രേം വിവരങ്ങള് കിട്ടിയില്ലേ?”

“ഇയാളെ എന്തു ചെയ്യണം? വിട്ടയയ്ക്കാതിരുന്നാ അന്വേഷണം ഉണ്ടാകില്ലേ?”

“സാറ് കോട്ടയം എസ്പിയെ കണ്ട് വിവരങ്ങളു മുഴുവൻ പറ. സുകു ഇവിടെ കെടക്കട്ടെ. ഇവിടാരും തെരക്കി വരാനൊന്നും പോണില്ല. പോലീസ് വന്ന് അവനെ കസ്റ്റഡീലെടുക്കട്ടെ.”

“അതു പിന്നെ കേസാവത്തില്ലേ? നമ്മള് തട്ടിക്കൊണ്ടുപോയി കൊല്ലാൻ ശ്രമിച്ചു, മർദിച്ച് അവശനാക്കി... എന്നൊക്കെ.”

“സാറേ, ആ ക്രെഡിറ്റ് പോലീസെടുത്തോട്ടെ. പോലീസുകാര് അവനെ കസ്റ്റഡീലെടുത്ത് ഒരു ക്യാംപിലോട്ടു കൊണ്ടുവന്നു ചോദ്യം ചെയ്യുവാരുന്നു... നമ്മളാരും കുട്ടിക്കസുകുവിനെ കണ്ടിട്ടു പോലുമില്ല.”

“പോലീസ് അങ്ങനെ സമ്മതിക്കോ?”

“ഒരു കൊലപാതകത്തിന്റെ തെളിവൊണ്ടാക്കിക്കൊടുക്കുവാ നമ്മളു പോലീസിന്. നിസ്സാര കാര്യമാണോ? അവര് പഠിച്ചപണി പതിനെട്ടും പറയറ്റിയാ സുകൂനെക്കൊണ്ട് ഇത്രേം പറയിപ്പിക്കാൻ പറ്റ്വോ? നഖത്തിനടീല് മുള്ളാണി അടിച്ചു കേറ്റീട്ട് അവൻ വാതൊറക്കത്തില്ലാരുന്നു.”

“പിന്നെ എന്താ നിങ്ങള് ചെയ്തെ?”

“പറയാൻ കൊള്ളത്തില്ല സാറേ...”

സന്ദീപ് കൂടുതൽ ചോദിച്ചുമില്ല.

അനിബാബു സംഘാംഗങ്ങളുമായി സംസാരിച്ചു. കുട്ടിക്കൽ സുകുവിനെ ഫാം ഹൗസ് കെട്ടിടത്തിൽ ബന്തവസ്സിലിടാൻ ധാരണയായി. കാവലിനു ഫാം ഹൗസിന്റെ നോട്ടക്കാരൻ വെടിക്കുഴി ഷാജി മാത്രം മതി. മറ്റുള്ളവർക്കു മടങ്ങാം. അനിബാബു ചോദിച്ചിരുന്ന പണം സന്ദീപ് കൈമാറി. അയാൾ അത് പങ്കാളികൾക്കു വീതിച്ചു നൽകി. വെളുപ്പിനു നാലുമണിയോടെ കനത്ത കോടമഞ്ഞിലൂടെ സന്ദീപിന്റെ കാർ മലയിറങ്ങിത്തുടങ്ങി.

***  ***  ***

അതിരാവിലെ അഞ്ചുമണിക്ക് പതിവുപോലെ ഉണർന്ന അല്ലിമ ഫോൺ എടുത്തു നോക്കി. സന്ദീപിന്റെ മിസ്ഡ് കോളോ മെസേജോ ഉണ്ടോ എന്നാണു നോട്ടം.

ഇല്ല-ഒന്നുമില്ല. നഖം കടിച്ച് ആശങ്ക പൂണ്ട് കുറെ സമയം ബെഡിൽത്തന്നെ ഇരുന്നു. പിന്നെ എഴുന്നേറ്റു. അഞ്ചരയ്ക്കു ശ്രീലക്ഷ്മി കിച്ചനിൽ എത്തിയപ്പോൾ അല്ലിമ അടുക്കള ജോലികൾ ആരംഭിച്ചിരുന്നു. അവൾ നാരങ്ങാനീരും പുതിനയിലയും ചേർത്ത കട്ടൻചായ ശ്രീലക്ഷ്മിക്കു കൊടുത്തു.

“നീ രാത്രി ഒറങ്ങിയില്ലേ?” ശ്രീലക്ഷ്മി ചോദിച്ചു.

“ഒറങ്ങി- പക്ഷേ, ലേറ്റായി. സന്ദീപേട്ടന്റെ എന്തെങ്കിലും വിവരം കിട്ടുമെന്നു കരുതി...”

“വിളിച്ചില്ലേ?”

“അങ്ങോട്ടു വിളിക്കരുതെന്നു പറഞ്ഞിട്ടൊണ്ട്. എങ്കിലുമൊരു മെസേജ് അയച്ചൂടേ...”

“നീ ടെൻഷനായിട്ട് എന്തെങ്കിലും ഗുണംണ്ടോ?”

“എങ്ങനെ ടെൻഷനാകാതിരിക്കും?”

ആറുമണിക്ക് പ്രഭാതനടത്തയ്ക്കു പോകാൻ തയാറായി രാജഗോപാൽ വന്നു.

“മോളേ, ഞാൻ റെഡി.”

“അച്ഛനു കോളോ മെസേജോ എന്തെങ്കിലും കിട്ടിയോ?”

“അതൊക്കെ വേണ്ട സമയത്തു വന്നോളും.... നീ വാ....” കിച്ചനിലെ ബാക്കി ജോലി ശ്രീലക്ഷ്മിയെ ഏല്പിച്ച് അല്ലിമ അച്ഛന്റെ കൂടെ പോയി. മോണിങ് വാക്കിനിടയിൽ കിഷോറിനെ കണ്ടുമുട്ടി. അയാളും നടക്കാനിറങ്ങിയതാണ്. എതിരെ നടന്നുവന്ന കിഷോർ അല്ലിമയോടു തിരക്കി:

“സന്ദുവേട്ടൻ വിളിച്ചിരുന്നോ?”

“ഇല്ല. ഒന്നും അറിയാൻ പറ്റുന്നില്ല.”

“ശരി. എന്തെങ്കിലും കിട്ടിയാ അറിയിക്കണേ.” കിഷോർ കടന്നു പോയി.

എട്ടുമണിക്ക് നടത്തം മതിയാക്കി വീട്ടിലെത്തി. അല്ലിമ ഫോൺ എടുത്തു നോക്കിയപ്പോൾ സന്ദീപിന്റെ മിസ്ഡ് കോൾ. ഒരു മെസേജും.

“ഞാൻ കോട്ടയത്തുണ്ട്. മോണിങ് വാക്ക് കഴിയുമ്പോൾ തിരിച്ചു വിളിക്കണം.”

അല്ലിമ അപ്പോൾത്തന്നെ സന്ദീപിനെ വിളിച്ചു.


"സന്ദുവേട്ടാ, എന്തു പറ്റി? ഒരു മെസേജ്പോലും സെൻഡ് ചെയ്യാതിരുന്നത് എന്താ?"

"ഫോണിനു റേഞ്ചുള്ള സ്ഥലത്ത് ആയിരുന്നില്ല. പിന്നീട് വിശദമായിട്ട് സംസാരിക്കാം. ഞാൻ വാട്സാപ്പിൽ ചില വീഡിയോ ക്ലിപ്പിങ്സ് അയച്ചിട്ടുണ്ട്. അല്ലിമ അത് അച്ഛനെ കാണിക്കണം. എന്നിട്ട് ആലുവ റൂറൽ എസ്പിയുമായി ഡിസ്കസ് ചെയ്യാൻ പറയണം. എന്നിട്ടുവേണം ഫർദർ മൂവ്മെന്റ്സ്."

"സന്ദുവേട്ടൻ ഇന്നലെ രാത്രി?"

"ഒരു കൊഴപ്പോം ഇല്ല എനിക്ക്. നീ ടെൻഷനാവണ്ട. നമുക്കു നേരിട്ട് കണ്ട് സംസാരിക്കാം. എല്ലാം ഞാൻ പറയാം. ഇപ്പോ അച്ഛന്റെ അടുത്തോട്ട് ചെല്ല്. കോൾ കട്ട് ചെയ്യുവാ... ഓകെ."

"ശരി. വിളിക്കണേ." കോൾ മുറിഞ്ഞു. അല്ലിമ വാട്സാപ്പ്



എടുത്തു നോക്കി. അഞ്ചു വീഡിയോ ക്ലിപ്പിങ്സ് വന്നു കിടപ്പുണ്ട്. അവൾ അത് ഡൗൺലോഡ് ചെയ്യാൻ ഇട്ടുകൊണ്ട് രാജഗോപാലിന്റെ അടുത്തേക്കു പോയി.

രാജഗോപാൽ ഹാളിലിരുന്നു പത്രം വായിക്കുന്നുണ്ടായിരുന്നു.

"അച്ഛാ, സന്ദീപേട്ടന്റെ മെസേജും വീഡിയോയും. റൂമിലേക്കു വരാമോ?" അല്ലിമ മൊബൈൽ ഫോൺ ഉയർത്തിക്കാട്ടി.

"എന്താ മാറ്റർ?"

"കോൺഫിഡൻഷ്യലായിരിക്കും. റൂമിൽപ്പോയിരുന്നു നോക്കാം."

രാജഗോപാൽ എഴുന്നേറ്റു ചെന്നു. മുറിയിൽ പോയിരുന്ന് രണ്ടുപേരും വീഡിയോ ഓരോന്നായി പ്ലേ ചെയ്തു നോക്കി. സന്ദീപും അനിബാബുവും ചേർന്ന് കുട്ടിക്കൽ സുകുവിനെക്കൊണ്ടു ചോദ്യങ്ങൾക്ക് ഉത്തരം പറയിപ്പിക്കുന്ന വീഡിയോ ക്ലിപ്പിങ്സ് ആയിരുന്നു അത്.

ചന്ദ്രബാബുവിനെ ജീപ്പിനുള്ളിൽവെച്ച് കൊലചെയ്ത സംഭവം വിവരിക്കുമ്പോൾ അല്ലിമ നടുങ്ങിത്തരിച്ചിരുന്നുപോയി. അവൾ മുഖം തിരിക്കുന്നതുകണ്ട് രാജഗോപാൽ വീഡിയോ പോസ് ചെയ്തശേഷം മകളെ ചേർത്തു പിടിച്ചു.

"സാരമില്ലച്ഛാ. കണ്ടിന്യൂ ചെയ്തോ... സാരമില്ല." അങ്ങനെ പറഞ്ഞുവെങ്കിലും അവളുടെ തൊണ്ട ഇടറിയിരുന്നു.

"കുറച്ചു റിലാക്സ് ചെയ്യ്..."

"വേണ്ട..." വീണ്ടും വീഡിയോ പ്ലേ ചെയ്തു തുടങ്ങി. തീരുന്നതുവരെ അല്ലിമ വീർപ്പടക്കി കണ്ടു. ഒടുവിൽ രാജഗോപാൽ മനപ്രയാസത്തോടെ പറഞ്ഞു:

"നീയിത് കാണേണ്ടിയിരുന്നില്ല."

"സാരമില്ലച്ഛാ... എനിക്കറിയാരുന്നു ജീവനോടെ ഒണ്ടാവില്യാന്ന്..."

"ഉം... എല്ലാം എന്റെ മൊബൈലിലേക്കു സെൻഡ് ചെയ്തേക്ക്."

അല്ലിമ അങ്ങനെ ചെയ്തു.

"മോള് പൊയ്ക്കോ. ഞാൻ സന്ദീപിനെ വിളിക്കട്ടെ." അല്ലിമ എഴുന്നേറ്റു പോയി.

രാജഗോപാൽ സന്ദീപിനു ഫോൺ ചെയ്തു. സന്ദീപ് കോൾ അറ്റൻഡ് ചെയ്തിട്ടു പറഞ്ഞു:

"അങ്കിളേ, ഞാനിവിടെ വെയ്റ്റ് ചെയ്യുവാ.... അങ്കിളൊരു കാര്യം ചെയ്യോ... ആലുവാ റൂറൽ എസ്പിയുമായി ഒരു അപ്പോയ്ന്റ്മെന്റ് ഫിക്സ് ചെയ്യാമോ? അങ്കിളും അല്ലിമയുംകൂടി പോയാ മതി. വീഡിയോ ക്ലിപ്പിങ്സ് കാണിക്കണം. എന്താ ചെയ്യേണ്ടതെന്ന് അദ്ദേഹം തീരുമാനിക്കട്ടെ. കോട്ടയം എസ്പിയുമായി അദ്ദേഹം സംസാരിച്ചാ ഫസ്റ്റായിട്ട് കാര്യങ്ങൾ നടക്കും."

"ഞാനിന്നുതന്നെ ആലുവായ്ക്കുപോയി അദ്ദേഹത്തെ കാണാം."

രാജഗോപാൽ സമ്മതിച്ചു.

"ആദ്യം അല്ലി അദ്ദേഹത്തിന്റെ മകളുമായി സംസാരിക്കട്ടെ. അപ്പോയ്ന്റ്മെന്റ് കിട്ടാൻ അതായിരിക്കും എളുപ്പം. അവരൊക്കെ വല്യ തിരക്കുപിടിച്ചു ജോലിചെയ്യുന്നവരല്ലേ."

"ഈ വീഡിയോ ക്ലിപ്പിങ്സ് എങ്ങനെ കളക്ട് ചെയ്തു എന്നു ചോദിച്ചാൽ എന്തു പറയും?"

"എന്റെ പേര് പറഞ്ഞാ മതി അങ്കിൾ. അതല്ലേ സത്യം. ഞാനല്ലേ തന്നത്. എന്റെ പേരിൽ എന്ത് ഒഫൻസ് വന്നാലും ഞാൻ ഡിഫൻഡ് ചെയ്തോളാം."

"തനിക്കു ദോഷമൊന്നും വരില്ലല്ലോ?"

"ഒരു കൊലപാതകരഹസ്യം പുറത്തുകൊണ്ടുവരാൻവേണ്ടി കുറച്ചു ബുദ്ധിമുട്ടൊക്കെ സഹിക്കാൻ ഞാൻ തയാറാണ്..."

ഫോൺ സംഭാഷണം അവസാനിപ്പിച്ചശേഷം രാജഗോപാൽ അല്ലിമയുടെ മുറിയിലേക്കു ചെന്നു. ചന്ദ്രബാബുവിന്റെ ഫോട്ടോ പകർപ്പെടുത്തു വെച്ചിരുന്നത് എടുത്തു നോക്കിക്കൊണ്ടു കിടക്കയിൽ ഇരിക്കുകയായിരുന്നു അവൾ.

അച്ഛൻ വാതിൽക്കലെത്തിയതുകണ്ട് അവൾ ഞെട്ടിയെഴുന്നേറ്റു.

ഫോട്ടോ കോപ്പി കിടക്കയിലേക്കു കമഴ്ത്തിവെച്ചു. കണ്ണു തുടയ്ക്കാനുള്ള സമയം അവൾക്കു കിട്ടിയില്ല.

"നീയെന്താ അപ്സെറ്റായിട്ട്...?"

"ഒന്നൂല്ലച്ഛാ..."

"കണ്ണു നിറഞ്ഞിരിക്കുന്നല്ലോ."

രാജഗോപാൽ കിടക്കയ്ക്കു സമീപം ചെന്ന് ഫോട്ടോ പകർപ്പ് എടുത്തു നോക്കി. ചന്ദ്രബാബുവിന്റെ ഫോട്ടോ പലതവണ പത്രത്തിൽ അച്ചടിച്ചു വന്നിട്ടുള്ളതിനാൽ വേഗം തിരിച്ചറിഞ്ഞു.

"നീയല്ലേ മോളേ മുൻപേ പറഞ്ഞത്, ജീവനോടെ ഇല്ലെന്ന് നിനക്കറിയാമായിരുന്നെന്ന്."

"എനിക്ക്... എനിക്കൊന്നു കാണാൻ സാധിച്ചില്ലല്ലോ അച്ഛാ..." അല്ലിമയുടെ കണ്ഠം ഇടറി: "ഇനി ഒരിക്കലും പറ്റില്ലല്ലോ."

അവളുടെ വാക്കുകളിൽ അഗാധമായ വേദന തുടിച്ചു. രാജഗോപാൽ അവളുടെ അരികെ ഇരുന്നു.

"സാരമില്ല. ഇനി അതൊരു സ്റ്റോറിയായിട്ടു കണ്ടാ മതി. നീ ജനിക്കുന്നതിനും മുൻപേ സംഭവിച്ച ഒരു കഥ. ഇരുപത്തിരണ്ടു വർഷം മുൻപെന്നൊക്കെ പറയുമ്പോ അത് വേറൊരു കാലഘട്ടമാ... വേറൊരു ഭൂപ്രദേശം... വേറെ മനുഷ്യർ."

അല്ലിമ വിഷാദത്തോടെ തലയാട്ടി.

"മോളേ... നീ എസ്പീടെ മോളെ ഒന്നു വിളിക്കണം. നമുക്ക് ഒരപ്പോയ്ന്റ്മെന്റ് വേണം. ഇന്നുതന്നെ."

"സന്ദീപേട്ടൻ പറഞ്ഞിട്ടാണോ അച്ഛാ?"

"അതെ."

"ഞാൻ വിളിച്ചോളാം. അച്ഛനിന്ന് ഓഫീസിൽ പോണില്ലേ?"

"ഇന്ന് ലീവെടുക്കാം, വിളിച്ചിട്ട് എപ്പഴാ ചെല്ലേണ്ടതെന്നു ചോദിക്ക്. ഞാൻ പോയി റെഡിയാകട്ടെ. രാവിലെ കാണാൻ പറ്റിയാൽ കാണാല്ലോ." രാജഗോപാൽ അവളുടെ തോളത്തു തട്ടിയിട്ട് എഴുന്നേറ്റുപോയി. അല്ലിമ, ചന്ദ്രബാബുവിന്റെ ഫോട്ടോപ്പകർപ്പ് എടുത്ത് അതിലേക്കു നോക്കി. പിന്നെ അതു മേശപ്പുറത്തേക്കുവെച്ചു. അനന്തരം മൊബൈൽഫോൺ എടുത്ത് കോൺടാക്റ്റ്സ് ഐക്കണിൽ ചൂണ്ടുവിരൽ തൊട്ടു.

***   ***   ***

സമയം പതിനൊന്നുമണി കഴിഞ്ഞ് പത്തു മിനിറ്റായപ്പോൾ സന്ദീപിന്റെ മൊബൈലിലേക്ക് രാജഗോപാലിന്റെ കോൾ വന്നു.

സന്ദീപ് ഫോണെടുത്ത് ഹലോ പറഞ്ഞു.

"ഞാനും അല്ലിമോളും ഇപ്പോ എസ്പി വിക്രം സാറിന്റെ ഓഫീസിൽ ഇരിക്കുവാ, അദ്ദേഹത്തിനു സംസാരിക്കണം എന്നു പറയുന്നു."

"സംസാരിക്കാം..." സന്ദീപ് പറഞ്ഞു.

നിമിഷങ്ങൾക്കുള്ളിൽ എസ്പിയുടെ ശബ്ദം ഫോണിലൂടെ കേട്ടു.

"ഹലോ സന്ദീപ്... ഇൻഫർമേഷൻസിനു നന്ദി. വീഡിയോ ഫൂട്ടേജ് എല്ലാം കണ്ടു. നിങ്ങൾ അയാളെ വളഞ്ഞു പിടിച്ച് ചതുരുപായങ്ങളും പ്രയോഗിച്ചു പറയിപ്പിച്ചതല്ലേ."

"അതെ സാർ..."

"അയാൾ ചത്തുപോയാൽ നിങ്ങൾ കൊലക്കുറ്റത്തിന് ഉത്തരം പറയണം."

"ചാവത്തില്ല സാറേ. ചാവാൻ ഞങ്ങള് സമ്മതിക്കില്ല."

"അയാളിപ്പോ എവിടെയുണ്ട്?"

"കുട്ടിക്കാനത്താണ് സാറേ. ഒരു ഫാം ഹൗസിൽ."

"മറ്റേയാളിന്റെ വെയറെബൗട്സ് കളക്ട് ചെയ്തിട്ടുണ്ടോ? ടാക്സി ജീപ്പിന്റെ ഡ്രൈവറായിരുന്ന ആൾ?"

"ലൊക്കേറ്റ് ചെയ്തിട്ടുണ്ട് സാർ. പൊൻകുന്നം പാലാ റോഡിൽ പാലാഴി എന്ന സ്ഥലത്തിനടുത്താണു കുഞ്ഞുമോന്റെ വീട്. ഞാനാ വീടും പരിസരോം കണ്ടുവെച്ചിട്ടുണ്ട്."

"ഓക്കെ... ഞാൻ കോട്ടയം എസ്പി ഓഫീസുമായി ബന്ധപ്പെട്ടിട്ടുണ്ട്. നിങ്ങൾ അങ്ങോട്ടു ചെല്ലുക. അവിടുന്ന് വേണ്ട ഹെൽപ് കിട്ടും."

"താങ്ക്യൂ സാർ."

"പോലീസിന്റെ ജോലി സ്വന്തമായിട്ട് ഏറ്റെടുത്ത് ചെയ്യുമ്പോ അതിൽ കുറച്ചു റിസ്ക്കുണ്ടെന്ന് ഓർക്കുന്നത് നല്ലത്."

ഒരു താക്കീതുകൂടി സന്ദീപിനു കിട്ടിയതോടെ ഫോൺ സംഭാഷണം മുറിഞ്ഞു.

***   ***   ***

കുഞ്ഞുമോനച്ചായൻ നെടുമ്പാശേരിയിലുള്ള ട്രാവൽ ഏജൻസിയിലേക്ക് ഫോൺ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. കുഞ്ഞുമോനച്ചായനും ഭാര്യ സൂസമ്മയുംകൂടി അമേരിക്കയിലെ ചിക്കാഗോയിലേക്കു പോകുകയാണ്. മകൾ ബീനയും മരുമകൻ ജോബിനും ജോലി ചെയ്യുന്നത് അവിടെയാണ്. മകളുടെ പ്രസവം കഴിഞ്ഞു. അതെല്ലാം കുഴപ്പമില്ലാതെ നടന്നു. പ്രസവാവധിയും തീർന്നു. ഇനി ജോലിക്കു പോയിത്തുടങ്ങണം. കുഞ്ഞിനെ നോക്കാൻ ആരുമില്ല. അങ്ങനെയൊരു പ്രതിസന്ധിഘട്ടത്തിൽ ബീന അപ്പന്റെയും അമ്മയുടെയും സഹായം അഭ്യർഥിച്ചു. കുറച്ചുനാൾ രണ്ടുപേരും ചിക്കാഗോയിൽവന്നു താമസിക്കണം. കുഞ്ഞിനെ നോക്കണം. കൂട്ടത്തിൽ അമേരിക്ക കാണാം. അതൊരു സൗഭാഗ്യമായിട്ടാണ് കുഞ്ഞുമോനച്ചായനും സൂസമ്മയും കണ്ടത്.

പാസ്പോർട്ട്, വിസ കടമ്പകളെല്ലാം വല്ലവിധേനയും കടന്നുകൂടി. ടിക്കറ്റ് ഓകെ ആയാൽ അടുത്തയാഴ്ച പറക്കുകയായി ചിക്കാഗോയിലേക്ക്. കുറച്ചുനാൾ കഴിഞ്ഞ് ചിക്കാഗോ ബോറടിക്കുന്നു എന്നു തോന്നിയാൽ കുഞ്ഞുമോനച്ചായനു തിരികെ പോരാം. സൂസമ്മയ്ക്കു കുറച്ചുകാലം മകളോടൊപ്പം കഴിയേണ്ടി വരും.

ടിക്കറ്റ് എല്ലാം ശരിയായിട്ടുണ്ടെന്ന് ട്രാവൽ ഏജൻസിക്കാർ അറിയിച്ചപ്പോൾ കുഞ്ഞുമോനച്ചായൻ സന്തോഷത്തോടെ ഫോൺ വെച്ചു. എന്തെന്നില്ലാത്ത അഭിമാനവും സന്തോഷവും. സൂസമ്മയെ അരികെ വിളിച്ച് അതു പങ്കുവെച്ചു.

(ശേഷം 30-ാം പേജിൽ)

# ബിഎസ്എൻഎൽ അതിവേഗ ഫൈബർ ഇന്റർനെറ്റുമായി ഗ്രാമങ്ങളിലേക്ക്

കോഴിക്കോട്: ബിഎസ്എൻഎൽ ഫൈബർ വഴി ആയിരം മെഗാബൈറ്റ്സ്പർ സെക്കൻഡ് സ്പീഡിലുള്ള ഇന്റർനെറ്റ് സംവിധാനം സജ്ജമാക്കി.

നിലവിൽ നഗരങ്ങളിൽ മാത്രം സ്വകാര്യ കമ്പനികൾക്ക് നല്കുന്ന സ്പീഡിലുള്ള ഇന്റർനെറ്റാണ് അതോടെ ഗ്രാമീണ മേഖലകളിലേക്കും ലഭ്യമാവുന്നത്. നിലവിൽ ഗ്രാമപ്രദേശങ്ങളിലേക്കായി 300 എംബിപിഎസ് സ്പീഡിൽ വരെ മാത്രമുള്ള ഫൈബർ ഇന്റർനെറ്റ് കണക്ഷനുകൾ കൊടുത്തുകൊണ്ടിരിക്കുന്ന ബിഎസ്എൻഎലിന്റെ പുതിയ മാറ്റം വലിയ സാദ്ധ്യതകളാണ് തുറന്നിടുന്നത്.

രാജ്യത്ത് ബിഎസ്എൻഎലിന് സ്വന്തമായി 30 ലക്ഷം കി.മീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളുകളും 60,000 എക്സ്ചേഞ്ചുകളും ഉള്ളതിനാലാണ് എല്ലായിടത്തും ഒരുപോലെ ഇത്രയും വേഗത്തിലുള്ള ഇന്റർനെറ്റ് സംവിധാനം എത്തിക്കാൻ കഴിയുന്നത്.500 എംബിപിഎസ്, 1000 എംബിപിഎസ് (1ജിബിപിഎസ്) എന്നീ വേഗത്തിലുള്ള ഇന്റർനെറ്റ് പ്ലാനുകൾക്ക് യഥാക്രമം 2799, 4799 എന്നിങ്ങനെയാണ് പ്രതിമാസനിരക്ക്. ഉൾപ്രദേശങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ നൂറുകണക്കിന് കംപ്യൂട്ടറുകൾ ഉപയോഗിക്കേണ്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് ഇത് ഏറെ പ്രയോജനപ്പെടും.

# കൊച്ചിവഴി മരുന്ന് ഇറക്കുമതിക്ക് അനുമതി

കൊച്ചി: രാജ്യാന്തര വിമാനത്താവളം (സിയാൽ) വഴി മരുന്നുകളും സൗന്ദര്യവർദ്ധക വസ്തുക്കളും ഇറക്കുമതി ചെയ്യാൻ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ അനുമതി. 1940-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് നിയമത്തിൽ ഭേദഗതി വരുത്തിയാണ് പുതിയ ഉത്തരവിറക്കിയത്. ഇതോടെ ഈ അനുമതിയുള്ള 11 വിമാനത്താവളങ്ങളിലൊന്നായി കൊച്ചി മാറും.

ജീവൻരക്ഷാ മരുന്നുകളും മറ്റും ചെറിയ അളവിൽ പ്രത്യേക അനുമതി വാങ്ങിയാണ് ഇതുവരെ എത്തിച്ചിരുന്നത്. ഇനിമുതൽ കൊച്ചി വിമാനത്താവളം വഴി മരുന്നുകളും സൗന്ദര്യ വർദ്ധക വസ്തുക്കളും വൻതോതിൽ ഇറക്കുമതി ചെയ്യാനാകും. വിദേശ സൗന്ദര്യ വർദ്ധക വസ്തുക്കൾ കപ്പൽ മാർഗ്ഗമോ കേരളത്തിനു പുറത്തുള്ള വിമാനത്താവളങ്ങൾ വഴിയോ ആണ് ഇതുവരെ കേരളത്തിൽ എത്തിച്ചിരുന്നത്.

# ജിമ്മി ജോർജ് മെമ്മോറിയൽ വോളിബോൾ ട്രോഫി

(18-ാം പേജിൽനിന്നും)

ആതിഥേയരായ ന്യൂയോർക്ക് സ്പൈക്കേഴ്സ് കാനഡാ ലയൺസ് ടീമുമായി ഏറ്റുമുട്ടി ട്രോഫി കരസ്ഥമാക്കി. വിജയികൾക്കും റണ്ണറപ്പുകൾക്കും മുഖ്യാതിഥി എംഎൽഎ മാണി സി കാപ്പനും മുഖ്യ സ്പോൺസേഴ്സും ചേർന്ന് ട്രോഫികൾ നല്കി.

രണ്ടു ദിവസത്തെയും മത്സരങ്ങൾ വീക്ഷിച്ച കാപ്പൻ എല്ലാ വിജയികളെയും ആശംസിക്കുകയും ഭാവിയിലേക്ക് വാഗ്ദാനങ്ങളായ നല്ല കളിക്കാരെ വളർത്തിയെടുക്കുവാൻ ഇത്തരം മത്സരങ്ങൾ ഉതകട്ടെ എന്ന് ആശംസിക്കുകയും ചെയ്തു.

ടൂർണമെന്റിനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനീറിന്റെ ഒരു കോപ്പി ഫണ്ട് റെയ്സിങ് കൺവീനറായ സിറിൽ മഞ്ചേരിക്ക് നല്കിക്കൊണ്ട് മാണി സി. കാപ്പൻ പ്രകാശനം നിർവഹിച്ചു.

ഞായറാഴ്ച ഉച്ചയ്ക്ക്ശേഷം കളികൾ കാണുവാൻ എത്തിച്ചേർന്ന ന്യൂയോർക്ക് സംസ്ഥാന സെനറ്റർ കെവിൻ തോമസ് ടൂർണമെന്റ് സംഘാടകരെ അനുമോദിക്കുകയും സെനറ്ററിന്റെ സൈറ്റേഷൻ സംഘാടകസമിതി പ്രസിഡണ്ട് ഷാജു സാമിന് സമ്മാനിക്കുകയും ചെയ്തു.

മുഖ്യാതിഥി മാണി സി. കാപ്പനും സെനറ്റർ കെവിൻ തോമസ് തന്റെ പ്രശംസാപത്രമായ സൈറ്റേഷൻ നല്കി.

മത്സരങ്ങൾക്കുശേഷം ഞായറാഴ്ച വൈകിട്ട് എട്ടു മണിയോടെ വിശിഷ്ടാതിഥികൾക്കും സ്പോൺസർമാർക്കും കളിക്കാർക്കും ക്ഷണിക്കപ്പെട്ടവർക്കും മറ്റുമായി കലാപരിപാടികളുടെ അകമ്പടിയോടെ എൽമോണ്ടിലുള്ള വിൻസെന്റ് ഡീപോൾ മലങ്കര കത്തോലിക്കാപള്ളി ഓഡിറ്റോറിയത്തിൽ വെച്ച് ബാങ്ക്വറ്റ് ഡിന്നറും സംഘാടകർ ക്രമീകരിച്ചു.

ഡാളസിൽ വെച്ച് നടത്തപ്പെടുന്ന അടുത്ത വർഷത്തെ വോളിബോൾ ടൂർണമെന്റിൽ വീണ്ടും കാണാം എന്ന പ്രതീക്ഷയോടെ കളിക്കാർ എല്ലാവരും അവരവരുടെ ദേശങ്ങളിലേക്ക് യാത്രയായി.

# നോവൽ

(29-ാം പേജിൽ നിന്നും)

“ഇങ്ങനൊരു നല്ലകാലം വരുമെന്ന് ആരേലും വിചാരിച്ചതാണോടീ? എല്ലാം ദൈവത്തിന്റെ കളി. അല്ലെങ്കി പൊൻകുന്നം ടൗണിക്കൂടെ ടാക്സി ഓടിച്ചു നടന്ന കുഞ്ഞുമോനിപ്പം അമേരിക്കക്കു പറക്കുവോ?”

“നെഗളിക്കല്ലേ മനുഷ്യാ. എല്ലാം തമ്പുരാന്റെ കൃപയാ.” വളരെ സന്തോഷത്തോടെ സൂസമ്മ ഭർത്താവിനെ ഗുണദോഷിച്ചു.

ഈ സമയത്ത് ഒരു പോലീസ് വാഹനം ഗേറ്റ്കടന്നു മുറ്റത്തു വന്നുനിന്നു. ഹാളിലിരുന്നുകൊണ്ട് വലിയ കണ്ണാടി ജനലിലൂടെ കുഞ്ഞുമോനച്ചായൻ ആ കാഴ്ച കണ്ടു. അപരിചിതമായ പോലീസ് വാഹനം! അതിൽനിന്ന് ഇറങ്ങുന്ന അപരിചിതരായ പോലീസ് ഉദ്യോഗസ്ഥർ. പൊൻകുന്നം സ്റ്റേഷനിലെ പോലീസുകാരെ കുഞ്ഞുമോനച്ചായന് നല്ലവണ്ണം അറിയാം. നെറ്റി ചുളിച്ച് ഭർത്താവിനെ നോക്കിയ സൂസമ്മയോട്, നാവിൽ ഗുളികൻ വന്ന സമയത്ത് ഇങ്ങനെ പറയാനാണ് കുഞ്ഞുമോനച്ചായനു തോന്നിയത് –

“അമേരിക്കക്കു പോക്ക് മൂഞ്ചിയ ലക്ഷണമാണല്ലോടീ സൂസമ്മേ...”

“എന്നാ വർത്താനമാ നിങ്ങളീ പറയുന്നെ. അതും ഇതും തമ്മിലെന്നതാ ബന്ധം?”

ശരിയാണല്ലോ എന്ന് കുഞ്ഞുമോനച്ചായൻ പെട്ടെന്നുതന്നെ തിരുത്തി ചിന്തിച്ചു. കുറച്ചു പോലീസുകാര് വീട്ടുമുറ്റത്തോട്ടു വന്നതുകൊണ്ട് എന്തു കുഴപ്പം. താൻ കുറ്റമൊന്നും ചെയ്തിട്ടില്ല. സമൂഹത്തിൽ മാന്യനാണ്. നാലാളറിയുന്ന പൊതുക്കാര്യ പ്രവർത്തകനാണ്. ധനവാനും ബലവാനുമാണ്. പരോപകാര തൽപരൻ, സേവനസന്നദ്ധൻ, പാവങ്ങളോട് കരുണയുള്ളവൻ എന്നീ സൽഗുണങ്ങളുമുണ്ട്.

“ഞാൻ ചുമ്മാ ഒരു തമാശ പറഞ്ഞതാടീ” എന്ന് കുഞ്ഞുമോനച്ചായൻ വാക്ക് തിരുത്തി. പോലീസുകാർ കോളിങ്ബെൽ അടിച്ചപ്പോൾ കുഞ്ഞുമോനച്ചായൻ ചെന്ന് വലിയ വാതിൽ മലർക്കെ തുറന്നിട്ടു. അപ്പോൾ മറ്റൊരു ജീപ്പ്കൂടി മുറ്റത്തേക്കു വന്നു. അത് പൊൻകുന്നം സ്റ്റേഷനിലെ ജീപ്പായിരുന്നു. അത് കണ്ടപ്പോൾ കുഞ്ഞുമോനച്ചായന് ആശ്വാസമായി.

“ഞങ്ങൾ കോട്ടയത്തൂന്ന് വരികയാണ്. ഒരു കേസന്വേഷണോമായിട്ട് ബന്ധപ്പെട്ട് വന്നതാ.” സംഘത്തിൽ മുന്നിൽ നിന്ന ഓഫീസർ കുഞ്ഞുമോനച്ചായനോടു പറഞ്ഞു.

“എന്തു കേസാ?”

“കുഞ്ഞുമോൻ എന്നല്ലേ പേര്?”

“അതെ.”

“പണ്ടൊരു ടാക്സി ജീപ്പ് ഇല്ലാരുന്നോ സ്വന്തം പേരിൽ?” എന്തിനെന്നറിയാതെ കുഞ്ഞുമോനച്ചായന്റെ നെഞ്ചിൽ ഒരു ഇടിവാൾ മിന്നി.

“ഒണ്ടാരുന്നു.”

“അതിന്റെ രജിസ്ട്രേഷൻ നമ്പർ ഓർമയൊണ്ടോ?”

“ഇല്ല.”

“മറന്നു പോയതാ, അല്ലേ? ഓർമിപ്പിക്കാം.” പോലീസ് ഓഫീസർ ജീപ്പിന്റെ രജിസ്ട്രേഷൻ നമ്പർ കിളി പറയുന്നപോലെ പറയുന്നതുകേട്ടപ്പോൾ കുഞ്ഞുമോനച്ചായന്റെ നെഞ്ചിൽ വീണ്ടും ഇടിമിന്നലുണ്ടായി.

“ആ ജീപ്പ് ഇപ്പം എവിടെയാ?”

“വിറ്റു.”

“ആർക്കു വിറ്റു?”

“ആർക്കാന്ന് ഓർക്കുന്നില്ല.”

“എന്നാണ് വിറ്റതെന്ന് ഓർമയൊണ്ടോ?”

“ഇല്ല.”

“ആ ജീപ്പ് ഒരു ലോഡ് കഞ്ചാവുമായിട്ട് കഴിഞ്ഞ ദിവസം പോലീസ് പിടിച്ചു. തപ്പിത്തെരഞ്ഞു ചെന്നപ്പോ ആർടി ഓഫീസിൽ ഇപ്പഴും ചേട്ടന്റെ പേരിലാ അതിന്റെ ഓണർഷിപ്.”

“വണ്ടിവിറ്റപ്പം പേരു മാറ്റണംന്ന് ഞാൻ പ്രത്യേകം പറഞ്ഞിരുന്നതാണല്ലോ.”

“അവർ മാറ്റിയില്ല. എന്നുമാത്രമല്ല. കഞ്ചാവ് കടത്താൻ ഉപയോഗിച്ചു. പക്ഷേ, വണ്ടി ഇപ്പഴും നിങ്ങളുടെ പേരിലാ.”

“സാറെ, അങ്ങനെ ഒരിക്കലും വരില്ല.”

“വരില്ലെന്നു പറഞ്ഞാലെങ്ങനാ... വന്നല്ലോ.”

“ഇല്ല സാറെ. എനിക്കൊറപ്പാ.”

“നിങ്ങളൊരു കാര്യംചെയ്യ്. ഒരു ഷർട്ടെടുത്തിട്ടോണ്ട് ഞങ്ങടെ കൂടെ വാ.”

“ഞാനെന്തിനാ വരുന്നെ?”

“കഞ്ചാവു കേസാ. നിങ്ങടെ പേരിലുള്ള വണ്ടി. ഞങ്ങളു പിന്നെ എന്തു ചെയ്യും?”

“എനിക്കു യാതൊരു വിശ്വാസോം ഇല്ല.”

“ചേടത്തിയേ- ഇതിയാന് ഒരു ഷർട്ടെടുത്തു കൊടുത്തെ.” ഓഫീസർ സൂസമ്മയോടു പറഞ്ഞു.

“വേണ്ട. ഞാനെടുത്തോളാം.”

“നിങ്ങളെടുക്കണ്ട. ചേടത്തി എടുത്തുതരും. അണ്ടർവെയർ ഇട്ടിട്ടൊണ്ടോ?”

കുഞ്ഞുമോനച്ചായനു മറുപടി പറയാൻ ജാള്യമായി.

“ചേടത്തീ... അതുംകൂടെ ഒരെണ്ണം എടുത്തോ.”

“ഇതെന്നാ എടപാടാ. ഞാനെന്നാ കുറ്റം ചെയ്തിട്ടാ?” കുഞ്ഞുമോനച്ചായൻ ചെറുത്തു നിന്നു.

“കഞ്ചാവ് കടത്തിയെന്ന്.” ഓഫീസർ പറഞ്ഞു.

“ഇല്ല.” കുഞ്ഞുമോനച്ചായൻ ശക്തമായി നിഷേധിച്ചു.

“ഒരിക്കലുമില്ല.”

“അതെന്താ?”

“ഞാനെന്റെ വണ്ടി കമ്പത്തുകൊണ്ടുപോയി പൊളിച്ചു വിറ്റിട്ട് വർഷം ഇരുപത്തിരണ്ട് കഴിഞ്ഞു. പിന്നെങ്ങനാ അതേൽ കഞ്ചാവ് കടത്തുന്നെ.”

“അതെന്താ പൊളിച്ചു വിൽക്കാൻ കാരണം? നല്ല കണ്ടീഷനിലൊള്ള ജീപ്പല്ലായിരുന്നോ?”

“അതൊരു പഴേ വണ്ടിയാരുന്നു.”

“എന്നാലും പൊളിച്ചുവിൽക്കുമോ ആരെങ്കിലും? ആ ജീപ്പിൽവെച്ച് കൊലപാതകം വല്ലോം നടന്നിട്ടുണ്ടോ?” കുഞ്ഞുമോനച്ചായന്റെ ഉടലിനുള്ളിൽ ഒരു നടുക്കമുണ്ടായി. മുഖത്തെ ചോരമയം മാഞ്ഞ് വിളറി.

(തുടരും)

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


VISA

MasterCard

DISCOVER




FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman
Advt001




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**